Reg. No. 101. M 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 ചിങ്ങം 28—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 സെപ്റ്റംബർ 13 | ലക്കം 5

## സമാധാനമാർഗ്ഗം*

### മലങ്കര യാക്കോബായ സഭാംഗങ്ങളുടെ സത്വരശ്രദ്ധയ്ക്കും അവഗാഢവിചിന്തനത്തിനുമായി സമർപ്പിക്കുന്ന

## ചില യാഥാർത്ഥ്യങ്ങൾ

"നിന്റെ സമാധാനത്തിനുള്ളവ നീ നിന്റെ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു. എന്നാൽ ഇപ്പോൾ അവ നിന്റെ കണ്ണുകളിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു" (ലൂക്കാ. 19, 42)

യാക്കോബായസഭയിൽ ജനിച്ചുവളരുകയും മലങ്കരയിൽ സുപ്രസിദ്ധിനേടിയ പുതുപ്പള്ളിപ്പള്ളിയുടെ അംഗങ്ങളായിരിക്കുന്നതിൽ അത്യധികം അഭിമാനംകൊള്ളുകയും ചെയ്തിട്ടുള്ള ഞങ്ങൾ ഇപ്പോൾ യാക്കോബായസഭയെ പരിത്യജിച്ച്, അടുത്തകാലംവരെ അവജ്ഞയോടെ ഞങ്ങൾ വീക്ഷിച്ചിട്ടുള്ള കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ നിശ്ചയിച്ചതിൽ പലർക്കും വിസ്മയം തോന്നിയേക്കാം. ഇപ്രകാരം നിശ്ചയിക്കുന്നതിനു് ഞങ്ങളെ പ്രേരിപ്പിച്ച കാരണങ്ങൾ ഏവയാണെന്നുള്ളതിനെപ്പററി പലരും പലവിധത്തിലുള്ള അഭിപ്രായങ്ങൾ പറയുമായിരിക്കാം. എന്നാൽ അതേപ്പററി ഞങ്ങൾക്കു് യാതൊരു ആകുലവും ആശങ്കയുമില്ല. കത്തോലിക്കാസഭയിൽ പ്രവേശിക്കുവാൻ ഞങ്ങളെ പ്രേരിപ്പിക്കുന്ന പ്രധാന കാരണങ്ങളിൽ ചിലതു് അറിയുന്നതു് നിഷ്പക്ഷബുദ്ധികളും സത്യാന്വേഷണതല്പരരുമായവർക്കു് വളരെ പ്രയോജനകരമായിരിക്കുമെന്നു കരുതി ഈ പ്രസ്താവന ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു.

### ക്രിസ്തുമതംമാത്രം ദൈവസ്ഥാപിതം

ക്രിസ്തുമതം, യഹൂദമതം, ഹിന്ദുമതം, ബുദ്ധമതം, മഹമ്മദുമതം എന്നിവയാണു് ലോകത്തിലെ പ്രധാനപ്പെട്ട മതങ്ങൾ. ഓരോ മതക്കാരും അവരവരുടെ മതമാണു് ശരിയെന്നും, ഓരോരുത്തനും ജനിച്ചുവളന്ന മതത്തിൽത്തന്നെയാണു് ജീവിച്ചുമരിക്കേണ്ടതെന്നും ഏററം വാശിയോടെ വാദിച്ചുവരുന്നു.


ഓരോരോകാലത്തു് ലോകത്തിൽ ജീവിച്ചിരുന്ന മതസ്ഥാപകന്മാരിൽവെച്ചു് ക്രിസ്തുവിനുമാത്രം ചില പ്രത്യേകതകളുണ്ടു്. ക്രിസ്തു ലോകത്തിൽ ജീവിച്ചിരിക്കയിൽ താൻ സാക്ഷാൽദൈവപുത്രനാണെന്നു് പ്രഖ്യാപനംചെയ്തു. ഈ പ്രഖ്യാപനത്തെ എല്ലാദേശത്തും എല്ലാകാലത്തുമുള്ള മനുഷ്യർ സംശയരഹിതമായി സ്വീകരിക്കുന്നതിനുവേണ്ടി ലോകത്തിൽ മററാരും ചെയ്തിട്ടില്ലാത്തവിധം അനേകം അത്ഭുതങ്ങൾ—പിറവിക്കുരുടന്മാർക്കു കാഴ്ചനല്കുക, തളർവാതക്കാരെ സുഖപ്പെടുത്തുക, മരിച്ചവരെ ഉയിർപ്പിക്കുക, കടലിന്മേൽ നടക്കുക, സർവ്വോപരി കുരിശുമരണത്തിനുശേഷം സ്വശക്തിയാൽ മൂന്നാംദിവസം ഉയിർക്കുക മുതലായ അത്ഭുതങ്ങൾ—അവിടുന്നു പ്രവർത്തിച്ചു. സുവിശേഷങ്ങൾ എന്നറിയപ്പെടുന്ന ക്രൈസ്തവമതഗ്രന്ഥങ്ങളിൽ ഈ അത്ഭുതസംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ലോകത്തിലുള്ള ചരിത്ര ഗ്രന്ഥങ്ങളിൽവച്ചു് ഏററവും വിശ്വാസയോഗ്യമായ ഗ്രന്ഥങ്ങളാണു സുവിശേഷങ്ങൾ എന്നു് പണ്ഡിതന്മാരെല്ലാം സമ്മതിക്കുന്നു. ആകയാൽ ക്രിസ്തുമതത്തിന്റെ സ്ഥാപകനായ ക്രിസ്തുമാത്രം ദൈവമാണെന്നും, ക്രിസ്തുമതത്തിനുമാത്രമേ ദൈവസ്ഥാപിതമതമെന്നുള്ള പേരിനു അർഹതയുള്ളുവെന്നും നിഷ്പക്ഷബുദ്ധികൾക്കു സമ്മതിക്കാതിരിക്കുവാൻ നിർവ്വാഹമില്ല.

ചങ്ങനാശേരിമെത്രാനായി നിയുക്തനായിരിക്കുന്ന



റൈററ് റവ. മോൺ: മാത്യു കാവുകാട്ടു് ബി. എ.

പാലാമെത്രാനായി നിയുക്തനായിരിക്കുന്ന



റൈററ് റവ. മോൺ: എമ്മാനുവൽ വയലിൽകളപ്പുര ബി എ എൽ. ടി.

### നിത്യരക്ഷ ക്രിസ്തുവഴിയായിമാത്രം

താൻ വഴിയും സത്യവും ജീവനുമാകുന്നുവെന്നും, താൻവഴിയായിട്ടല്ലാതെ ആരും സ്വർഗ്ഗസ്ഥനായ പിതാവിന്റെ അടുക്കൽ പ്രവേശിക്കുന്നതല്ലെന്നും ദൈവപുത്രനായ ക്രിസ്തു ലോകത്തെ ഉദ്ബോധിപ്പിച്ചു (യോഹ. 14, 6.) തൽഫലമായി ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്ന ക്രിസ്തുവിന്റെ അനുയായികൾ ക്രിസ്തുമതംമാത്രം ദൈവസ്ഥാപിതമായ മതമാണെന്നും, മററു മതങ്ങൾക്കൊന്നിനും ക്രിസ്തുമതത്തോടൊപ്പം സ്ഥാനമില്ലെന്നും, ക്രിസ്തുമുഖേനയല്ലാതെ യാതൊരു മനുഷ്യനും നിത്യരക്ഷ ലഭിക്കുവാൻ സാദ്ധ്യമല്ലെന്നും ദൃഢമായി വിശ്വസിക്കയും പഠിപ്പിക്കയും ചെയ്തുവരുന്നു. "വേറൊരുവനിലും രക്ഷയില്ല. എന്തുകൊണ്ടെന്നാൽ രക്ഷ പ്രാപിക്കുവാൻ മനുഷ്യർക്കു നല്കപ്പെട്ടതായി ആകാശത്തിൻകീഴ് വേറെ നാമമില്ല." (നട. 4, 12.)

### ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചിട്ടുണ്ടു് ×

ലോകാവസാനംവരെയുള്ള മനുഷ്യരെ തന്റെ ദിവ്യോപദേശങ്ങൾ ശരിയായി പഠിപ്പിക്കുന്നതിനും, അവരെ വിശുദ്ധീകരിച്ചു് സ്വർഗ്ഗരാജ്യത്തിനു് അവകാശികളാക്കുന്നതിനും ആവശ്യകമായ മാർഗ്ഗങ്ങളും വിശേഷാധികാരങ്ങളും നല്കി ഒരു സംഘടനയെ അഥവാ ഒരു സഭയെ ലോകത്തിൽ സ്ഥാപിച്ചിട്ടാണു ദൈവപുത്രനായ ക്രിസ്തു സ്വർഗ്ഗത്തിലേക്കു് എഴുന്നെള്ളിയതെന്നു് എല്ലാ ക്രൈസ്തവസഭക്കാരും വിശ്വസിച്ചുവരുന്നു.

### ക്രിസ്തു സ്ഥാപിച്ച സഭ നശിക്കാതെയും ദുഷിക്കാതെയും ഇന്നു ഭൂമുഖത്തുണ്ടു്.

ക്രിസ്തു സ്ഥാപിച്ച ആ സഭ സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണെന്നും (1 തിമോ. 3,15) ലോകാവസാനംവരെ എല്ലാ നാളുകളിലും ക്രിസ്തു സഭയോടുകൂടി ഉണ്ടായിരിക്കുമെന്നും (മത്താ. 28, 20) നരകവാതിലുകൾ സഭയിന്മേൽ പ്രബലപ്പെടുകയില്ലെന്നും (മത്താ. 16,18) സത്യാത്മാവു് സകല സത്യത്തിലും സഭയെ നടത്തിക്കൊള്ളുമെന്നും (യോഹ. 16,13) ഈശ്വരനിവേശിതഗ്രന്ഥമായി എല്ലാ ക്രിസ്ത്യാനികളും പരിഗണിച്ചുവരുന്ന വേദപുസ്തകം ഉദ്ഘോഷിക്കുന്നു. ആകയാൽ ക്രിസ്തു സ്ഥാപിച്ച സഭ ഒരുകാലത്തും നശിക്കാതെയും ദുഷിക്കാതെയും തെററിൽ ഉൾപ്പെടാതെയും ലോകാവസാനംവരെയുള്ള മനുഷ്യർക്കു് നിത്യരക്ഷയുടെ സുനിശ്ചിതമാർഗ്ഗം ചൂണ്ടിക്കാണിച്ചുകൊണ്ടു് ഇന്നും എന്നും ഭൂമുഖത്തുണ്ടായിരിക്കണം.

### ഒരു സഭയെ മാത്രമേ ക്രിസ്തു സ്ഥാപിച്ചിട്ടുള്ളു.

ഒരു സഭയെ അല്ലാതെ ഒന്നിലധികം സഭകളെ ക്രിസ്തു ലോകത്തിൽ സ്ഥാപിച്ചിട്ടില്ലെന്നുള്ളതിനു് വേദപുസ്തകത്തിൽ ധാരാളം തെളിവുകളുണ്ടു്. "നീ കേപ്പായാകുന്നു. ഈ കേപ്പായിന്മേൽ എന്റെ സഭയെ ഞാൻ പണിയും" (മത്താ. 16,18) "അവൻ സഭയുടെ വാക്കു കേൾക്കാതിരുന്നാൽ അവൻ നിനക്കു് ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും ആയിരിക്കട്ടെ" (മത്താ. 18,17) എന്നിങ്ങനെ ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നു. ഒന്നിലധികം സഭകളെ അവിടുന്നു് സ്ഥാപിച്ചിരുന്നെങ്കിൽ "ഈ കേപ്പായിന്മേൽ എന്റെ സഭകളെ പണിയും" "സഭകളുടെ വാക്കു കേൾക്കാതിരുന്നാൽ..." എന്നിങ്ങനെ ബഹുവചനം പ്രയോഗിക്കുമായിരുന്നു.

സഭ ക്രിസ്തുവിന്റെ ശരീരമാണെന്നും, ക്രിസ്തു സഭയുടെ ശിരസ്സാണെന്നും വി. പൗലോസ് പല ലേഖനങ്ങളിലും പറയുന്നു (കൊലൊ 1,24—25; എഫേ. 1,23; 4,15—16; 5,23; 1 കോരി. 12,12—27 കാണുക.) ഒരു ശിരസ്സിനു് ഒരു ശരീരവും, ഒരു ശരീരത്തിനു് ഒരു ശിരസ്സുമേയുള്ളു. ശിരസ്സായ ഏക ക്രിസ്തുവിനോടു ഒരു സഭാശരീരത്തിനല്ലാതെ ഒന്നിലധികം ശരീരങ്ങൾക്കു് യോജിക്കുവാൻ നിവൃത്തിയില്ല. തന്മൂലം ഒരു സഭയല്ലാതെ ഒന്നിലധികം ശരിയായ സഭകൾ ലോകത്തിൽ ഉണ്ടായിരിപ്പാൻ നിവൃത്തിയില്ല. ആകയാൽ ഇന്നു ലോകത്തിലുള്ള സഭകളിൽ ഒരു സഭയൊഴിച്ചു് ബാക്കിയുള്ളവയെല്ലാം ക്രിസ്തു സ്ഥാപിച്ച സഭകളായിരിപ്പാൻ നിവൃത്തിയില്ല; ഒരു സഭയൊഴിച്ചു് ബാക്കിയുള്ള സഭകളെല്ലാം മനുഷ്യസ്ഥാപിതങ്ങളായ സഭകളായിരിപ്പാനേ നിവൃത്തിയുള്ളു.

വി. യോഹന്നാൻ വെളിപാടുപുസ്തകത്തിൽ സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി വർണ്ണിക്കുന്നു. (വെളി. 21, 2; ഏശായാ 54,4—5; 61,10; ജറമിയാ 3,14; 2 കോരിന്തി. 11,2 കാണു

(ശേഷം 12-ാം പേജിൽ)

# എയിൻ കരിം

(എം. കെ. ജോസഫ്, നെടുങ്കുന്നം)

ജപമാലയുടെ ദ്വിതീയ "രഹസ്യ"ത്തിൽ നാം ധ്യാനിക്കുന്നതു കന്യകാമറിയം തന്റെ മാതൃഷ്വസേയി ആയ എലിസബത്തിനെ സന്ദർശിച്ച വസ്തുതയാണല്ലോ. "അടുത്ത നാളുകളിൽ മറിയം എഴുന്നേററു മലമ്പ്രദേശത്തുള്ള യൂദയായിലെ ഒരു പട്ടണത്തിലേക്കു ധൃതിയിൽ പോയി. ഇവിടെയാണു സക്കറിയാ പാർത്തിരുന്നതു്. അവൾ അവിടെ പ്രവേശിച്ചു എലിസബത്തിനെ അഭിവന്ദിച്ചു. എലിസബത്തു മറിയത്തിന്റെ അഭിവന്ദനം ശ്രവിച്ചക്ഷണത്തിൽ, പ്രജ അവളുടെ ഉദരത്തിൽ കുതിച്ചുചാടി........മറിയം അവളുടെ അടുക്കൽ ഏകദേശം മൂന്നുമാസം വസിച്ചശേഷം വീട്ടിലേക്കു മടങ്ങിപ്പോയി" എന്നിങ്ങനെയാണു സുവിശേഷകനായ വിശുദ്ധ ലൂക്കാ ഈ സംഭവത്തെ വിവരിച്ചിരിക്കുന്നതു്.

സക്കറിയാ താമസിച്ചിരുന്നതു് ഹെബ്രോൺ എന്ന ഗ്രാമത്തിലാണു്. അറബികൾ അതിനെ എയിൻ കരിം എന്നു വിളിക്കുന്നു. ജറുസലേമിനു തെക്കുമാറായി, മലകൾക്കപ്പുറത്തു് ഈ ഗ്രാമം സ്ഥിതിചെയ്യുന്നു. നസറത്ത്ിൽനിന്നു എയിൻ കരിമിലേക്കു് കഴുതപ്പുറത്താണെങ്കിൽ രണ്ടുദിവസത്തെ ദീർഘയാത്ര ചെയ്യേണ്ടിയിരിക്കുന്നു. ഗലീലി, സമേറിയാ എന്നീ പ്രദേശങ്ങളിലൂടെ യൂദയാമലകൾ കയറിക്കടന്നാണു് അവിടെ എത്തേണ്ടതു്. ഈ വഴിയേതന്നെ ആയിരിക്കണം മറിയവും യാത്ര ചെയ്തതു്. അതിനുശേഷം 1900 ത്തിൽപരം വർഷങ്ങൾ കഴിഞ്ഞെങ്കിലും അവിടത്തെ സ്ഥിതിഗതികൾക്കു വലിയ മാററങ്ങൾ വന്നിട്ടുണ്ടെന്നു പറഞ്ഞുകൂടാ. അവിടത്തെ പെരുവഴി അന്നത്തേക്കാൾ നല്ല നിലയിലായിരിക്കാം ഇന്നു സ്ഥിതിചെയ്യുന്നതു്. പക്ഷേ മറിയം പെരുവഴിയേതന്നെയാണു പോയതെന്നു നമുക്കു നിശ്ചയിച്ചുകൂടാ. മലഞ്ചെരിവുകളിൽ കഴുതയ്ക്കു കടന്നുപോകാവുന്ന പല ഇടവഴികളും കുറുക്കുവഴികളും സൗകര്യത്തിനും സമയലാഭത്തിനുംവേണ്ടി അവൾ തിരഞ്ഞെടുത്തിരിക്കുവാൻ ഇടയുണ്ടു്.

ഇന്നത്തേക്കാൾ പൊടിശല്യം അന്നു കുറവായിരുന്നിരിക്കണം. മോട്ടർ കാറുകൾ മറെറങ്ങുമെന്നപോലെ അവിടെയും ധൂളിപറപ്പിച്ചുകൊണ്ടു ഇക്കാലത്തു പറന്നുപോകുന്നതു സുലഭമാണു്. പക്ഷേ വഴിത്തണലുകൾ അന്നു കുറവായിരുന്നതിനാൽ, ഗ്രീഷ്മകാലസൂര്യൻ, നിരഭ്രനീലാകാശത്തിൽനിന്നു ആ അബലയുടെമേൽ നിഷ്ഠുരണം തന്റെ രജതമയൂഖങ്ങളെ വർഷിച്ചിരിക്കണം. ഈച്ചകളുടെ ശല്യം ഇന്നത്തെപ്പോലെതന്നെ അന്നും ദുസ്സഹമായിരിക്കാനാണിട. അവയുടെ പെരുപ്പം കഴുതയെയും യാത്രക്കാരിയെയും കണക്കില്ലാതെ ശല്യപ്പെടുത്തിയിരിക്കണം. ഇന്നും കഴുതതന്നെയാണു ഗതാഗതത്തിനുള്ള സാധാരണോപാധി. ചെറുസംഘങ്ങൾ കഴുതപ്പുറത്തു ഇന്നും ആ വഴി സഞ്ചരിക്കുന്നതു കാണാം. കന്യകാമറിയവും അനുയാത്രചെയ്തിരുന്ന സഹായികളും അന്നു യാത്രചെയ്തിരുന്നതും ഇവരെപ്പോലെതന്നെ ആയിരിക്കണമെന്നു കരുതേണ്ടിയിരിക്കുന്നു. മാർച്ചുമാസാവസാനത്തോടുകൂടിയായിരിക്കണം മറിയം നസറത്തിൽനിന്നു പുറപ്പെട്ടതു്. വിശുദ്ധ യൗസേപ്പു സ്വഭാര്യയെ അനുയാത്രചെയ്തിരുന്നുവെന്നും, മറിയത്തെ എലിസബത്തിന്റെ ഭവനത്തിൽ ആക്കിയശേഷം തിരിച്ചുപോരികയും, പിന്നീടു മൂന്നുമാസത്തിനുശേഷം, ചെന്നു കൂട്ടിക്കൊണ്ടുപോരികയും ചെയ്തുവെന്നും ഒരു പാരമ്പര്യമുണ്ടു്.

ആചാര്യനായ സക്കറിയായുടെ നിവാസഭൂമിയായ എയിൻകരിം, സോറെക്കു താഴ്‌വരയുടെ എതിർവശത്തു്, കർഷകഭൂമികളുടെ മദ്ധ്യത്തിലാണു സ്ഥിതിചെയ്യുന്നതു്. അതു് മനോഹരമായ ഒരു പ്രദേശമാണു്. യൂദയായിലെ മററു മിക്കപ്രദേശങ്ങളിലും സാധാരണമല്ലാത്തതരത്തിൽ, അവിടം തിങ്ങിവളരുന്ന ഫലവൃക്ഷാദികളാലും മനോഹരമായ മുന്തിരിത്തോപ്പുകളാലും നിബിഡമായിരിക്കുന്നു. നാലുഭാഗത്തും സ്ഥിതാർദ്രമായ ആ മനോഹരസാനുപ്രദേശം നീണ്ടുനിവർന്നങ്ങനെ കിടക്കുന്നു. മേൽഭാഗത്തെ കുന്നിൻപുറങ്ങൾ തണുത്തകാററിനെ തടഞ്ഞുനിർത്തിക്കൊണ്ടിരിക്കുന്നതിനാൽ ആ മലമ്പ്രദേശങ്ങൾ നേരത്തേതന്നെ കുസുമനിചയങ്ങളാൽ അലംകൃതമാകുന്നു.

എയിൻകരിം ഒരു ഗ്രീഷ്മകാലവിഹാരരംഗമത്രേ. വേനൽക്കാലത്തു ജറുസലേമിൽനിന്നും സുഖവാസാർത്ഥം പലരും ഇവിടെ വന്നുചേരുന്നുണ്ടു്. അവരിൽ ചിലർക്കു ഇവിടെ സ്വന്തം വസതികൾതന്നെയുണ്ടു്. മററുള്ളവർ സത്രങ്ങളിലോ ചെറിയ ഹോട്ടലുകളിലോ കഴിഞ്ഞുകൂടുന്നു. സിയോൻ കന്യകമാർക്കു വിപുലമായ ഏർപ്പാടുകളും സ്ഥാപനങ്ങളും ഇവിടെയുണ്ടു്. ആ സമൂഹത്തിന്റെ സ്ഥാപകനായ അൽഫോൻസ് ഡി. റാററിസ്ബോണിന്റെ കുഴിമാടവും ഇവിടത്തന്നെയാണു്.

ആ പർവ്വതഭാഗത്തു ഉന്തിനില്ക്കുന്ന ശിലാമയമായ ഒരു ഉപത്യകയിലാണു "സന്ദർശനദൈവാലയം" സ്ഥിതിചെയ്യുന്നതു്. അവിടെ ഭിത്തിയിലുള്ള ഒരു വാതിൽകടന്നു ചെല്ലുന്നതു ഫ്രാൻസിസ്കൻ ആശ്രമത്തിന്റെ മനോഹരമായ അങ്കണത്തിലേക്കാണു്. ഒരു പ്രാചീന ബസ്ലിക്കായുടെ ലാഞ്ഛനകൾ ഇവിടെ കാണ്മാനുണ്ടു്. ആ സ്മാരകം അഞ്ചാംനൂററാണ്ടിലുണ്ടായിരുന്നു. ഒരുപക്ഷേ കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലത്തായിരിക്കണം അതിന്റെ നിർമ്മാണം. ഇപ്പോഴത്തെ ദൈവാലയം രണ്ടു നിലകളിലുള്ളതാണു്; അതിന്റെ ഒരുഭാഗം പാറയിൽതന്നെയാണു്. അടിയിലത്തെ ദൈവാലയത്തിൽ ഒരു ഗ്രോട്ടോ ഉണ്ടു്. അതൊരുകാലത്തു് തുറസ്സായിരുന്നു. സക്കറിയായുടെ ഭവനം സ്ഥിതിചെയ്തിരുന്ന മുകൾഭാഗവുമായി ഘടിപ്പിക്കുന്ന ഒരു ഗോവണി, ഒരുപക്ഷേ, ഇവിടെ ഉണ്ടായിരുന്നിരിക്കണം.

ആ ഗ്രോട്ടോയുടെ ഒരു മൂലയിൽ നിർമ്മലജലമുള്ള ഒരു ഉറവ ഉണ്ടു്. എലിസബത്തു മറിയത്തെ സ്വാഗതംചെയ്യുന്നതിനായി ഇറങ്ങിച്ചെന്നപ്പോഴാണു് ഈ ഉറവ പൊട്ടിപ്പുറപ്പെട്ടതെന്നത്രേ ഇതേപ്പററിയുള്ള അതിപ്രാചീനമായ ഒരു ഐതിഹ്യം. ഗ്രോട്ടോയുടെ ഇടത്തുഭാഗത്തുള്ള ഉയർന്ന പീഠത്തിൽ ഒരു ചെറിയ അൾത്താരയുണ്ടു്.

ഭിത്തിയിൽതന്നെ വെട്ടിപ്പണിതിട്ടുള്ള നാല്പതു പടികൾ കയറിയാൽ മുകളിലത്തെ ദൈവാലയത്തിലെത്താം. ഈ കെട്ടിടം ഒരു ചെറിയ സന്യാസാശ്രമത്തോടു അനുബന്ധമാണു്. രണ്ടും വലിയ കൽക്കഷണങ്ങൾ ഉപയോഗിച്ചു നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണു്. ഭിത്തികളിൽ ആദ്യകാലത്തു ചിത്രങ്ങൾ ഉല്ലേഖനം ചെയ്യപ്പെട്ടിരുന്നു. പല വിശുദ്ധന്മാരുടെയും, യവന, ലത്തീൻ, ബിസൻറയിൻ മാതൃകകളിലുള്ള കുരിശുകളുടെയും ചിത്രങ്ങളുടെ നേർത്ത ഛായകൾ ആ ഭിത്തികളിൽ ഇപ്പോഴും കാണാവുന്നതുമാണു്. അങ്കണത്തിന്റെ പകുതിക്കുമേലെവശത്തു വെച്ചായിരിക്കണം എലിസബത്തു കന്യകാമറിയത്തെ സ്വാഗതംചെയ്തതും സുപ്രസിദ്ധമായ മാഗ്നിഫിക്കാത്തു എന്ന സ്തോത്രഗീതം മറിയം ആലപിച്ചതും.

"ഡോമൂസ് സക്കറിയാസ്" (സക്കറിയായുടെ ഭവനം) ഇക്കാലത്തുപോലും ആശ്ചര്യകരമായവിധം പ്രശാന്തവും ശാന്തിജനകവുമായ ഒരു സ്ഥലമായിരിക്കുന്നു. പ്രവേശനാങ്കണം അതിനെ പൂർണ്ണമായി വലയംചെയ്തിരിക്കുന്നു. ഭിത്തികളിലെ കൽത്തുണ്ടുകളുടെ വിടവുകളിൽ സൗരഭ്യംപരത്തുന്ന പൂച്ചെടികളും സസ്യലതാദികളും ചുവടുപിടിച്ചിരിക്കുന്നു. അവയുടെ ഇലപ്പടർപ്പുകളും ചുററുവേരുകളും ചാരനിറംകലർന്ന ആ ഭിത്തികളുടെ പുറത്തു് അങ്ങനെ പടർന്നുകിടക്കുകയും ചെയ്യുന്നു. വീടിന്റെ പുറംഭാഗത്തുകൂടിയുള്ള റോഡു് ഗ്രാമത്തിൽനിന്നു്, വിശുദ്ധ യോഹന്നാന്റെ മരുഭൂമി എന്ന സ്ഥലത്തേക്കു പോകുന്നതാണു്. അവിടെ പറയത്തക്ക ഗതാഗതമോ, ശബ്ദമോ ഉണ്ടായിരിക്കുന്നില്ല. കെട്ടിടത്തിനുപരി ഒരു വൃക്ഷക്കൂട്ടത്തിന്റെച്ഛായ, ഒരു മൂടുപടംപോലെ, ആ പാവനസ്ഥലത്തെ ആവരണംചെയ്തുകൊണ്ടിരിക്കുന്നു. മൂന്നുമാസത്തോളം മറിയം എലിസബത്തിനോടുകൂടി താമസിച്ചതു് ഈ സ്ഥലത്താണു്.

പാരമ്പര്യമനുസരിച്ചു സക്കറിയാക്കു എയിൻകരിമിൽതന്നെ മറെറാരു ഭവനവും ഉണ്ടായിരുന്നു. അവർ സാധാരണ താമസിച്ചിരുന്നതു് ഇവിടെയാണു്. മറിയം എലിസബത്തിനെ സന്ദർശിച്ച ഭവനം കുറേക്കൂടി ഏകാന്തമായിരുന്നു. വിശുദ്ധ ലൂക്കാസുവിശേഷകൻ പ്രസ്താവിക്കുന്നതുപോലെ, വൃദ്ധയായ എലിസബത്തു്, താൻ ഗർഭിണിയാണെന്നു മനസ്സിലായപ്പോൾ "അഞ്ചുമാസത്തേക്കു ഒളിവിൽ പാർത്തു്" ആ ഏകാന്തവസതിയിലായിരുന്നു. എന്നാൽ വിശുദ്ധ സ്നാപകയോഹന്നാൻ ജാതനായതു, സക്കറിയാക്കു തന്റെ സംസാരശക്തി തിരിച്ചുകിട്ടിയതും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവനായി സക്കറിയാ "ഇസ്രായേലിന്റെ ദൈവമായ കർത്താവു അനുഗൃഹീതനാകുന്നു" എന്നു തുടങ്ങുന്ന സ്തോത്രഗീതം ആലപിച്ചതും അവരുടെ പ്രധാനവസതിയായ പൈതൃകഭവനത്തിൽ വെച്ചായിരുന്നു.

ഗ്രാമത്തിന്റെ പ്രവേശനഭാഗത്തുനിന്നും ഒരു തെരുവു വലത്തുഭാഗത്തേക്കു, അങ്ങേഭാഗത്തേക്കുള്ള വേറൊരു തെരുവിൽചെന്നു യോജിക്കുന്നതായി ഉണ്ടു്. ഈ വഴി സാമാന്യം വീതികുറഞ്ഞതായതുകൊണ്ടു് സന്ദർശകന്മാർ അവരുടെ വാഹനങ്ങളുംമററും പ്രവേശഭാഗത്തുതന്നെ നിർത്തുകയാണു ചെയ്യുന്നതു്. മുൻപറഞ്ഞ തെരുവിന്റെ അങ്ങേ അററത്തുനിന്നും ഏതാനും വാര അപ്പുറത്താണു് കാസാനോവാ (നവസദനം) എന്ന പേരിൽ അറിയപ്പെടുന്ന ബ്രഹ്മാണ്ഡമായ ഫ്രാൻസിസ്കൻ ആശ്രമത്തിലേക്കും വിശ്രമസങ്കേതത്തിലേക്കും ഉള്ള പടിവാതിൽ. വാതിൽ കടന്നു പ്രവേശിക്കുന്ന അങ്കണത്തിൽനിന്നു ഒരു ഇരട്ടഗോവണിവഴി വിശുദ്ധ സ്നാപകയോഹന്നാന്റെ നാമത്തിലുള്ള ദേവാലയത്തിലേക്കു പ്രവേശിക്കാവുന്നതാകുന്നു.

അഞ്ചാംനൂററാണ്ടിൽ യവനസന്യാസികൾ ഇവിടെ ഒരു പള്ളി പണിയിച്ചതായി ചരിത്രരേഖകൾ പ്രസ്താവിക്കുന്നു. എന്നാൽ സമരിയാക്കാർ ഈ ദൈവാലയം നശിപ്പിക്കുകയും സന്യാസിമാരെ കൂട്ടക്കൊല നടത്തുകയും ചെയ്തു. കുരിശുയോദ്ധാക്കൾ അതു വീണ്ടും പണിതു. പക്ഷേ പിന്നീടു് ഈ പള്ളി ഒരു വഴിയോരസത്രമായി രൂപാന്തരപ്പെടുത്തുകയാണു ചെയ്തതു്. 1485-ൽ ഫ്രാൻസിസ്കൻ സന്യാസിമാർ ഈ ഗ്രോട്ടോ വിലയ്ക്കുവാങ്ങി. റഗൂസായിലെ ബോനിഫസ് പ്രസ്താവിക്കുന്നതുപോലെ "ജറുസലേമിലെയും ബെത്ലഹമിലെയും ഫ്രാൻസിസ്കൻ സന്യാസിമാർ പ്രതിവർഷം മോൺടാനായിലെ വിശുദ്ധ യോഹന്നാന്റെ നാമത്തിലുള്ള ദൈവാലയത്തിലെത്തി വിശുദ്ധ യോഹന്നാന്റെ തിരുനാളിന്റെ തലേദിനമുള്ള സന്ധ്യാപ്രാർത്ഥന (വേസ്പര) ആഘോഷമായി പാടുകയും, അർദ്ധരാത്രിക്കു പ്രഭാതപ്രാർത്ഥന നടത്തുകയും, വെളുപ്പിനു ആഘോഷമായ ദിവ്യപൂജ സമർപ്പിക്കുകയും ചെയ്തിരുന്നു."

ഇപ്പോഴത്തെ ദൈവാലയം അതിമനോഹരവും അമൂല്യവുമായവിധം അലംകൃതമാണു്. സ്പെയിൻ രാജാക്കന്മാരായിരുന്നു ഇതിന്റെ സംരക്ഷകന്മാർ. അവർ തങ്ങളുടെ കാഴ്ചദ്രവ്യങ്ങളാൽ ഉദാരമായവിധം ഇതിനെ അനുഗ്രഹിക്കുകയുണ്ടായി. ദൈവാലയത്തിന്റെ അന്തർഭാഗം അസാധാരണമായ ഒരു കാഴ്ചയായിരിക്കുന്നു. ഭിത്തികൾ പകുതിഭാഗത്തോളം ശോഭയേറിയ നീല ഇഷ്ടികകൾ പതിച്ചിട്ടുള്ളവയാണു്. പ്രകാശം ഇവയിൽ പ്രതിഫലിച്ചു ദേവാലയം മുഴുവനും മനോഹരമായ ഒരു കാന്തിപ്രവാഹത്തെ പ്രസരണം ചെയ്തുകൊണ്ടിരിക്കുന്നു. ആറു ചതുരസ്തംഭങ്ങൾ ദൈവാലയത്തെ മൂന്നുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മേൽക്കൂരയുടെ മദ്ധ്യഭാഗത്തു മനോഹരമായ ഒരു താഴികക്കുടമുണ്ടു്.

വടക്കേഭാഗത്തിന്റെ അങ്ങേ അററത്തു് കീഴ്പോട്ടായി ഒരു ഗോവണി ഉള്ളതിലൂടെ വിശുദ്ധ യോഹന്നാന്റെ ഗ്രോട്ടോയിലേക്കു് ഇറങ്ങാവുന്നതാണു്. മുഴുവനായി പാറയിൽ വെട്ടിയുണ്ടാക്കിയിരിക്കുന്ന ഈ ഗ്രോട്ടോയിൽ യാതൊരുവിധത്തിലും സൂര്യപ്രകാശം പ്രവേശിക്കുന്നതല്ല. രാത്രിയും പകലും ഒന്നുപോലെ കത്തുന്ന ദീപങ്ങളാണു ഇവിടെ വെളിച്ചം നൽകുന്നതു്. വിശുദ്ധന്റെ ജീവചരിത്രം ഉല്ലേഖനംചെയ്തിട്ടുള്ള ശ്ലക്ഷ്ണശിലാചിത്രങ്ങൾകൊണ്ടു് ഇതിന്റെ ഭിത്തികൾ അലംകൃതമായിരിക്കുന്നു. ഈ ഗ്രോട്ടോയിലാണു് വിശുദ്ധ യോഹന്നാൻ ജാതനായതെന്നു വിശ്വസിക്കപ്പെടുന്നു. എട്ടു ദിനങ്ങൾക്കുശേഷം അദ്ദേഹം ഛേദനാചാരം സ്വീകരിച്ചതു് ഇവിടെവെച്ചാണു്. അദ്ദേഹത്തിനു യോഹന്നാൻ എന്ന നാമം നൽകിയതും സക്കറിയായുടെ രസനബന്ധം പെട്ടെന്നു അന്തർദ്ധാനംചെയ്തതും സ്തോത്രഗീതം ആലപിക്കപ്പെട്ടതും ഇവിടെവെച്ചാണു്. കുടുംബബന്ധുക്കളും സുഹൃത്തുക്കളും വന്നു നവജാതനായ ശിശുവിനെയും മാതാപിതാക്കളെയും അനുമോദിച്ചതും ഇവിടെവെച്ചാണു്.

വിശുദ്ധ സ്നാപകയോഹന്നാൻ തന്റെ ചെറുപ്പകാലം കഴിച്ചുകൂട്ടിയതു എയിൻകരിമിൽതന്നെയായിരിക്കണം.



"എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാൻ എനിക്കെങ്ങനെ ഭാഗ്യമുണ്ടായി!"

---

## അറിയിപ്പ്

അമ്മാടം, പള്ളിപ്പുറം, കോടന്നൂർ, വെങ്ങിണിശ്ശേരി, പാലക്കൽ എന്നീ സ്ഥലങ്ങളിലെ ഏജൻറായി, ചിറമേൽ മി. സി. സി. ജോസഫിനെ നിയമിച്ചിരിക്കുന്നു.

മാനേജർ

---

## മാർപ്പാപ്പായുടെ ജൂബിലിസന്ദർശനങ്ങൾ

ജൂബിലിദണ്ഡവിമോചനം പ്രാപിക്കുന്നതിനുവേണ്ടി പരിശുദ്ധപിതാവു് ആഗസ്റ്റു് 26-ാംനു സെൻറ് ജോൺ ലാറററാൻ, സെൻറ് മേരി മേജർ, സെൻറ് പോൾ എന്നീ നാമധേയങ്ങളിലുള്ള ബസ്ലിക്കാകൾ സന്ദർശിച്ചിരിക്കുന്നു. സെൻറ് പീറേറഴ്സ് ദേവാലയം തിരുമനസ്സുകൊണ്ടു വിശുദ്ധവത്സരം ഉദ്ഘാടനംചെയ്ത അവസരത്തിൽ തന്നെ സന്ദർശിച്ചതാണു്.

# മരിയൻ കോൺഗ്രസ്

മരിയൻ കോൺഗ്രസിന്റെ ആരംഭമുഖത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന പ്രത്യേകയോഗങ്ങളിൽ ഒന്നായ സെന്റ് വിൻസെന്റ് ഡി പോൾ സംഘങ്ങളെക്കുറിച്ചു പ്രതിപാദിക്കേണ്ട വിഷയത്തിന്റെ ആസൂത്രണമാണു താഴെ ചേർക്കുന്നതു്.

## സെന്റ് വിൻസെന്റ് ഡി പോൾ സംഘം

### 1. അതിന്റെ പ്രാധാന്യം

പുണ്യശ്ലോകനായ പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ആധുനികകാലത്തിലെ ഇടയകല്പനകൾ എന്നാണു് പ്രസ്തുത സംഘത്തിന്റെ അംഗങ്ങളെ അഭിസംബോധനം ചെയ്തിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ പരോപകാരപ്രവൃത്തികളിൽ വ്യാപൃതരായിരിക്കുന്ന പട്ടക്കാരെപ്പോലെയുള്ള കൃത്യങ്ങളാണു് അവർ നിർവ്വഹിക്കുന്നതു്. രോഗികളെ സന്ദർശിക്കുകയും, ദുഃഖിതരെ ആശ്വസിപ്പിക്കുകയും ദരിദ്രരെ സഹായിക്കുകയും, അറിവില്ലാത്തവരെ പഠിപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണു് അവയിൽ ചിലതു്. ഇവയ്ക്കു പുറമെ ദരിദ്രന്മാരുടെ സാമ്പത്തികാവസ്ഥയെ ഉയർത്തുന്നതിനു സംഘടിതമായ പരിശ്രമങ്ങളും ഇവർ ചെയ്യേണ്ടിയിരിക്കുന്നു. സേവനപരമായ മേല്പറഞ്ഞ സൽകൃത്യങ്ങൾവഴി വ്യക്തികൾക്കും കുടുംബങ്ങൾക്കും ഐശ്വര്യസമാധാനങ്ങൾ ആണു് സെന്റ് വിൻസെന്റ് ഡി പോൾ സംഘാംഗങ്ങൾക്കു പ്രദാനം ചെയ്യാവുന്നതു്. സമുദായസേവനമോ സ്വരാജ്യസേവനമോ അനുഷ്ഠിക്കുന്നതിനു നന്മനസ്സുള്ള ആളുകൾക്കു ഉൽകൃഷ്ടതരമായ വേറെ ഏതെങ്കിലും മാർഗ്ഗങ്ങൾ ഉണ്ടായിരിക്കുമോ?

### 2. അവരുടെ പരിശീലനം

സെന്റ് വിൻസെന്റ് ഡി പോൾ സംഘക്കാർ തങ്ങളുടെ ഉദ്യോഗം കൃത്യബോധത്തോടെ അനുഷ്ഠിക്കുന്നതിനു് അവരെ വേണ്ടവണ്ണം അഭ്യസിപ്പിക്കേണ്ടതുണ്ടു്. ഇതിലേക്കു ആദ്യമായി ചെയ്യേണ്ടതു്, അവർ സ്വയം തിരഞ്ഞെടുത്തിരിക്കുന്ന ഉദ്യോഗത്തിന്റെ മാഹാത്മ്യവും ആവശ്യകതയും അവരെ ഉദ്ബോധിപ്പിക്കുകയാണു്. ദാരിദ്ര്യത്തിലും ദുരിതങ്ങളിലും ആണ്ടുകിടക്കുന്ന സമസൃഷ്ടികൾക്കു ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ സഹായം ചെയ്തുകൊടുക്കുന്നതിനു ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണു് തങ്ങൾ എന്നുള്ള ബോധം അവരിൽ രൂഢമൂലമാകണം. ഏററം ചെറിയ ഒരാളിനു ചെയ്തുകൊടുക്കുന്ന എത്രയും നിസ്സാരമായ ഒരു പ്രവൃത്തിപോലും തനിക്കു ചെയ്യപ്പെട്ടതായി ഗണിക്കപ്പെടുമെന്നു ക്രിസ്തുനാഥൻ പഠിപ്പിച്ചിട്ടുണ്ടെന്നു അവർ നന്നായി മനസ്സിലാക്കണം. അപ്പോൾ തങ്ങൾ നിർവ്വഹിക്കുന്നതു ക്രിസ്തുവിന്റെ കൃത്യംതന്നെയാണെന്നു് അവർ ഗ്രഹിക്കുവാനിടയാകും. ഈ ബോധം, ആത്മപരിത്യാഗത്തോടും സന്തുഷ്ടിയോടുംകൂടി അവരവരുടെ ധർമ്മം അനുഷ്ഠിക്കുന്നതിനു പ്രേരണയും ഉത്തേജനവും നല്കാതിരിക്കയില്ല.

### 3. അവരുടെ പ്രവർത്തനം

വ്യവസ്ഥാപിതമായ വിധത്തിൽ സന്നിഷ്കർഷം ജീവിതം നയിക്കുന്ന സെന്റ് വിൻസെന്റ് ഡി പോൾ സംഘാംഗങ്ങളെ പൊതുജനങ്ങൾ അഭിസംബോധന ചെയ്യുന്നതു സാധുജനമിത്രങ്ങൾ എന്നാകുന്നു. അവർ സാധുക്കളുടെ ചെററക്കുടിലുകളിൽ പോകയും അവരെ സന്ദർശിക്കയും അവരോടു സംഭാഷണം നടത്തുകയും അവർക്കു് അന്നവസ്ത്രാദികൾ നല്കുകയും ചെയ്യുന്നു. മാത്രമല്ല അവർ സാധുക്കളുടെ ഉപദേഷ്ടാക്കളുമായി ഗണിക്കപ്പെടുന്നു. അവരെക്കുറിച്ചു പ്രസ്താവിച്ചതരത്തിലുള്ള പൊതുജനാഭിപ്രായം നിലനില്ക്കുകയും പ്രവൃദ്ധമാകയും ചെയ്യണമെങ്കിൽ അവർ വഴിതെററിയവരുടെ മാർഗ്ഗദർശികളും നിരാശ്രയരുടെ ആലംബവും അജ്ഞാനാന്ധകാരത്തിൽ നിമഗ്നരായിരിക്കുന്നവരുടെ വിജ്ഞാനദീപവും ആയിവർത്തിക്കേണ്ടതുണ്ടെന്നു പറയണമെന്നില്ലല്ലോ. അകയാൽ സാധുക്കൾക്കു ഭൗതികസഹായം നല്കുന്നതിൽ മാത്രമല്ല പിന്നെയോ ഉത്തമജീവിതം നയിക്കുന്നതിനു വേണ്ട ദൃഷ്ടാന്തങ്ങൾ പ്രദാനം ചെയ്യുന്ന വിഷയത്തിലും ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു. ഈ പ്രകാരം ചെയ്താൽ രക്ഷാകരകൃത്യത്തിൽ ദൈവത്തോടു സഹകരിച്ചുകൊണ്ടും അവർക്കു മനുഷ്യസമുദായത്തിനു നന്മ വരുത്താം.

### 4. പ്രതിവാരയോഗങ്ങളിൽ ചെയ്യേണ്ട കൃത്യം

അതതു സ്ഥലങ്ങളിൽ അപ്പഴപ്പോൾ പാവപ്പെട്ടവരുടെ ഇടയിൽ ആവിർഭവിക്കുന്ന ആവശ്യങ്ങളെക്കുറിച്ചു അന്വേഷണം നടത്തുകയും അവയുടെ പരിഹാരത്തിനു മതിയായ പോംവഴികൾ കണ്ടുപിടിക്കയും ചെയ്ക. ഇതു അംഗങ്ങൾ സൗഹാർദ്ദപൂർവ്വം നടത്തുന്ന സംഭാഷണങ്ങൾകൊണ്ടും ചർച്ചകൾകൊണ്ടും സാധിക്കാം. പിന്നീടു ചെയ്യേണ്ടതു് ഓരോരോ വകുപ്പുകളിലേക്കു കാര്യക്ഷമതയുള്ള ആളുകളെ നിയോഗിക്കയാകുന്നു. അത്യാഹിതങ്ങൾക്കു തക്ക പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും ക്ഷാമപീഡിതർക്കു ധനധാന്യങ്ങൾ വിതരണം ചെയ്യുന്നതിനും, അവ സംഭരിക്കുന്നതിനും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അലഞ്ഞുനടക്കുന്ന കുട്ടികൾക്കു തക്ക വേലയും ഉപജീവനമാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കുന്നതിനും ഉത്തമസാഹിത്യം പ്രചരിപ്പിക്കുന്നതിനും മററും മററുമായി അനേകതരത്തിലുള്ള കാരുണ്യപ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും സംഘത്തിന്റെ പരിധിയിൽപ്പെട്ട ഓരോ പ്രദേശത്തേക്കും പ്രത്യേകം പ്രത്യേകം ആളുകളെ തിരഞ്ഞെടുത്തു നിയോഗിക്കണം.

### വിജ്ഞാപനം

ഈ ആസൂത്രണത്തിൽ സംഗ്രഹിച്ചിരിക്കുന്ന കോടികളെ ക്രോഡീകരിച്ചു രചിക്കുന്ന പ്രബന്ധം, സെന്റ് വിൻസെന്റ് ഡി പോൾ സംഘാംഗങ്ങളെ കൃത്യബോധത്തോടുകൂടി സജീവമായി പ്രവർത്തിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ ആനുകൂല്യവും സഹകരണവും സമ്പാദിക്കുന്നതിനും കേരളത്തിലുള്ള പ്രസ്തുത സംഘാംഗങ്ങളെയെല്ലാം ഒന്നായി സംഘടിപ്പിക്കുന്നതിനും ഉപകരിക്കത്തക്ക ഒരു പ്രമേയരൂപത്തിലായിരിക്കണം.

(പ്രസിദ്ധീകരണ കമ്മിററി)

ആരോഗ്യപംക്തി

# ബി. സി. ജി. വാക്സിനേഷൻ*

(ഒരു സംഭാഷണം)

(ശ്രീ വി. എൻ. വാസുദേവൻ നായർ. ബി. ഏ.,
ഹെൽത്തു് എഡ്യുക്കേഷനൽ ആഫീസർ)

(ഒരു ഡാക്ടരുടെ ഭവനം. ആ നാട്ടിലെ ഒരു പൗരൻ അവിടെ ഡാക്ടരുടെ സന്നിധിയിലേക്കു് കയറിച്ചെല്ലുന്നു.)

ഡാക്ടർ: ഹലോ, വരണം, വരണം, എത്രനാളായി കണ്ടിട്ടു്. എന്താ വിശേഷിച്ചു് അസുഖം വല്ലതുമുണ്ടോ?

പൗരൻ: ഒന്നുമില്ല. ഈയിടെയായിട്ടു പത്രങ്ങളിൽ അടിക്കടി കാണാറില്ലെ ക്ഷയത്തിനു പററിയ ഒരു മരുന്നു കണ്ടുപിടിച്ചിട്ടുണ്ടെന്നു്. ബി. സി. ജി. വാക്സിനേഷൻ എന്നോ മറേറാ ഒന്നാണെന്നു തോന്നുന്നു അതിന്റെ പേരു്. അതേപ്പററി അറിയാമെന്നുവച്ചു് വന്നതാണു്.

ഡാക്ടർ: കാൽമററ്, ഗെറിൻ എന്നുപേരുള്ള മിടുമിടുക്കന്മാരായ രണ്ടു ഫ്രഞ്ചു ശാസ്ത്രജ്ഞന്മാർ ഒരുമിച്ചു്, ഏകദേശം ഇരുപത്തിയഞ്ചു കൊല്ലംമുമ്പു് നടത്തിയ ഗവേഷണങ്ങളുടെ ഫലമായിട്ടു് അവർ കണ്ടുപിടിച്ചതാണു് ബി. സി. ജി. വാക്സിൻ. ആ കണ്ടുപിടിത്തക്കാരുടെ പേരുകൾകൂടി ഓർമ്മിപ്പിക്കുവാൻ ഉതകുന്ന ബാസിലസ് കാൽമററ് ഗെറിൻ എന്നാണു് അതിന്റെ മുഴുവൻ പേരു്.

പൗരൻ: പക്ഷേ കണ്ടുപിടിച്ചിട്ടു ഇരുപത്തിഅഞ്ചുകൊല്ലങ്ങളായിട്ടും ഇന്നാണല്ലോ ഞങ്ങളൊക്കെ അറിയുന്നതു്.

ഡാക്ടർ: ആ, അതിനു കാരണമുണ്ടു്. ഏതു വലിയ കണ്ടുപിടിത്തത്തിനും പ്രചാരത്തിൽ വരുന്നതിനുമുമ്പു പല പ്രാതികൂല്യങ്ങളും കടന്നുകൂടേണ്ടതില്ലേ? നമ്മുടെയിടയിൽത്തന്നെ ഈ ബി. സി. ജി. യെപ്പററി കേട്ടുകേൾവിയില്ലാത്തവർപോലും എന്തൊക്കെ കുപ്രചരണമാണു് ആരംഭിച്ചിരിക്കുന്നതു്. കാര്യങ്ങൾ അറിഞ്ഞുകൂടെങ്കിലും എന്തിനും ഒരു എതിർപ്പുണ്ടാക്കുക നമ്മുടെ സ്വഭാവമാണല്ലോ.

പൗരൻ: അപ്പോൾ ഡാക്ടർ പറയുന്നതു് ഈ ബി. സി. ജി. ക്ഷയരോഗത്തിനു കൈകണ്ട മരുന്നാണെന്നാണോ?

ഡാക്ടർ: എന്നുവച്ചാൽ ക്ഷയരോഗം ബാധിച്ച ആളിനെ അതിൽനിന്നും വിമുക്തനാക്കാനാണെങ്കിൽ ഇതുമൂലം സാദ്ധ്യമല്ല. അതിനു മററു ചികിത്സകളെത്തന്നെ അവലംബിക്കണം.

പൗരൻ: ഓ. പിന്നെ എന്താ ഇതിന്റെ വിശേഷം?

ഡാക്ടർ: മസൂരിദീനം പടർന്നുപിടിക്കാതിരിക്കാൻ ഗോവസൂരിപ്രയോഗം നടത്തുന്നതു് നിങ്ങൾക്കറിയാമല്ലോ. അതുപോലെ ഈ ബി. സി. ജി. കുത്തിവയ്പു് ക്ഷയരോഗം പടർന്നുപിടിക്കാതെ തടയുന്നതിനുള്ള ഒരു ഉത്തമമാർഗ്ഗമാണു്.

പൗരൻ: ഇതു് അത്ര വ്യാപകമായ തോതിൽ പടരാറുണ്ടോ?

ഡാക്ടർ: അതിന്റെ കണക്കുകൾ കേട്ടാൽ നിങ്ങൾ ഭയന്നുപോകും. ഇപ്പോൾത്തന്നെ ഈ കൊച്ചുരാജ്യത്തു് മുപ്പതിനായിരം ക്ഷയരോഗികളാണു നമ്മുടെയിടയിൽ പാർക്കുന്നതു്. ഓരോ കൊല്ലവും വിലയേറിയ ആറായിരം മനുഷ്യജീവികളാണു് ഈ ഭയങ്കരരോഗം മൂലം മരിച്ചു മണ്ണടിയുന്നതു്.

പൗരൻ: കഷ്ടം! ഇത്രയുംപേരു് ചത്തൊടുങ്ങുമ്പോഴും കണ്ണുംമിഴിച്ചു് ഇരിക്കുകയല്ലേ നമുക്കു നിവൃത്തിയുള്ളു. എല്ലാം ഈശ്വരകല്പിതംതന്നെ.

ഡാക്ടർ: അല്ല, അതാണബദ്ധം. ഈശ്വരനെ വെറുതെ പഴിപറയേണ്ട. നാംതന്നെയാണു് ഇതൊക്കെ വരുത്തിവയ്ക്കുന്നതു്. ആരോഗ്യപരമായ കാര്യങ്ങളിൽ എന്തശ്രദ്ധയാണു് നാം പ്രകടിപ്പിക്കുന്നതു്. ആഹാരമാണെങ്കിൽ വേണ്ടപോലെയില്ല. ഇടുങ്ങിയതും വായുകയറാത്ത വീടുകളിലേ താമസിക്കുകയുള്ളുവെന്നു് നമ്മിൽ അധികംപേർക്കും നിർബ്ബന്ധം ഉള്ളതുപോലെ തോന്നും. ഇതെല്ലാംപോരാഞ്ഞിട്ടു ജനബാഹുല്യമുള്ള പട്ടണങ്ങളിലാണു് നല്ല ഗ്രാമങ്ങളെ വിട്ടിട്ടും ആളുകൾ വീണ്ടും വീണ്ടും തിങ്ങിക്കൂടുന്നതു്. ഇതൊക്കെക്കൂടി ക്ഷയരോഗം വരുത്തിവയ്ക്കുന്നതിനു ദൈവം എന്തു പിഴച്ചു?

പൗരൻ: ഇതു് അത്ര പെട്ടെന്നു പകരുമോ?

ഡാക്ടർ: ഒരു കുടുംബത്തിൽ ഒരാൾക്കു ഈ സൂക്കേടു പിടിപെട്ടാൽ മതി മററു കുടുംബാംഗങ്ങളും അതിനു വിധേയരാകാൻ. പിന്നെ ആളുകൾ കൂടാറുള്ള പൊതുസ്ഥലങ്ങൾ, ആഫീസുകൾ ഇവയൊക്കെ ക്ഷയരോഗികളുണ്ടെങ്കിൽ ഒട്ടും സുരക്ഷിതമല്ലാതായിത്തീരും. ചെറുപ്പക്കാരും കുട്ടികളുമാണു പ്രത്യേകം സൂക്ഷിക്കേണ്ടതു്.

പൗരൻ: അടടേ, ഇപ്പോൾത്തന്നെ എനിക്കു പേടിയായിത്തുടങ്ങി. വളരെ വേഗം ഈ ബി. സി. ജി. കുത്തിവയ്ക്കണമല്ലോ. എങ്ങനെയാണതു്?

ഡാക്ടർ: അതു പറയാം. അതു കുത്തിവയ്ക്കുന്നതിനു മുമ്പുതന്നെ ക്ഷയരോഗം പിടിപെട്ടിട്ടുണ്ടോയെന്നു് പരിശോധിക്കണം.

പൗരൻ: ആ സംശയം എനിക്കില്ല.

ഡാക്ടർ: അതു പരിശോധിച്ചാലേ തീർച്ചയാകയുള്ളു. അതിനു് ഇടതുകൈയുടെ ഉൾവശത്തെ തൊലിയിൽ ട്യൂബർക്കുലിൻ കുത്തിവയ്ക്കണം. മൂന്നു നാലു ദിവസം കഴിഞ്ഞു് പരിശോധിക്കുമ്പോൾ അറിയാം രോഗം ഉണ്ടോ ഇല്ലയോ എന്നു്. ഉണ്ടെന്നുകണ്ടാൽ കുത്തിവച്ചിട്ടു് ഒരു പ്രയോജനവുമില്ല.

പൗരൻ: അപ്പോൾ ക്ഷയം ഇല്ലെങ്കിൽമാത്രം ബി. സി. ജി. കുത്തിവച്ചാൽ മതി. അല്ലേ ഡാക്ടർ?

ഡാക്ടർ: അതെ. ആദ്യത്തെ പ്രാവശ്യം ഇല്ലെന്നു ബോദ്ധ്യപ്പെട്ടാൽ വീണ്ടും ഒരിക്കൽക്കൂടി ട്യൂബർക്കുലിൻ കുത്തിവച്ചു് തീർച്ച വരുത്തേണ്ടതാണു്. എന്നിട്ടേ ബി. സി. ജി. കുത്തിവയ്ക്കൂ.

പൗരൻ: ബി. സി. ജി. പ്രയോഗിക്കുന്നതു എവിടെയാണെന്നു പറഞ്ഞില്ലല്ലോ.

ഡാക്ടർ: സാധാരണമായിട്ടു് തോളിനു താഴെ കൈയുടെ ഇടതുവശത്താണു കുത്തിവയ്ക്കുന്നതു്.

പൗരൻ: പിന്നെ വലിയ ശല്യമായിരിക്കും. പനിയും തലവേദനയുംകൊണ്ടു ഇരിക്കപ്പൊറുതി കാണുകയില്ല. മൂന്നുനാലു ദിവസത്തേക്കു് ഒരു ജോലിയും നടപ്പില്ല.

ഡാക്ടർ: അതു അറിയാതെ പറയുകയല്ലേ. ഇതാണു് തെററിദ്ധാരണ. അങ്ങനെയൊന്നും സംശയിക്കേണ്ട. ഒരു വിഷമവും ഉണ്ടാകയില്ല. പിന്നെ മൂന്നുനാലു് ആഴ്ച കഴിയുമ്പോൾ കുത്തിവച്ച സ്ഥലത്തു് ചെറിയ ഒരു മുഴയോ മുറിവോ ഉണ്ടാകും. പക്ഷേ അതു വകവയ്ക്കേണ്ടതില്ല. അതു തനിയെ ഉണങ്ങി ഒരു ചെറിയ പാടുമാത്രമേ പിന്നെ കാണുകയുള്ളു.

പൗരൻ: അപ്പോൾ ഇതു കുത്തിവച്ചുകഴിഞ്ഞാൽപ്പിന്നെ ക്ഷയരോഗത്തിനെ ഒട്ടും ഭയപ്പെടേണ്ടതില്ലായിരിക്കും.

ഡാക്ടർ: അതെ. കുത്തിവച്ചു് ആറാഴ്ച കഴിഞ്ഞാൽപ്പിന്നെ ദ-ഹേ. വളരെ കൊല്ലങ്ങളിലേക്കു് അങ്ങനെ ഒരു ശല്യമേയില്ല. ക്ഷയരോഗബാധയെപ്പററി ഒട്ടും സംശയമേ വേണ്ട.

പൗരൻ: ഇപ്പറയുന്നതെല്ലാം വാസ്തവമാണോ? എവിടെയെങ്കിലും ഇതു പരീക്ഷിച്ചറിഞ്ഞിട്ടുണ്ടോ?

ഡാക്ടർ: കൊള്ളാം! ലോകത്തെല്ലാം പരീക്ഷിച്ചു കഴിയാതെ ഏതെങ്കിലും ഒരു പരിഷ്കാരം നമ്മുടെ നാട്ടിൽ വരാറുണ്ടോ? കഴിഞ്ഞ ഇരുപതു വർഷങ്ങളായിട്ടു യൂറോപ്യന്മാർ, അമേരിക്കക്കാർ, റെഡ് ഇൻഡ്യാക്കാർ, ആഫ്രിക്കാക്കാർ എന്നിങ്ങനെ പല രാജ്യക്കാരുടെയിടയിലും ഒരുകോടി ജനങ്ങളിലധികം ആളുകൾ ഈ ബി. സി. ജി. പ്രയോഗത്തിനു വിധേയരായിട്ടുണ്ടു്. അവിടെയൊക്കെ അതു നിർബ്ബന്ധമാക്കിക്കഴിഞ്ഞു. മുമ്പുണ്ടായിരുന്ന രോഗികളുടെ അഞ്ചിലൊരംശംമാത്രമേ ഇപ്പോൾ അവിടെയൊക്കെയുള്ളു. അതും ക്രമേണ ഇല്ലാതായിത്തീരും.

പൗരൻ: പിന്നെ നമ്മുടെ ഗവമ്മെന്റ് ഇതേപ്പററി ആലോചിക്കാൻ ഇത്ര വൈകിയതെന്തു്?

ഡാക്ടർ: നമ്മുടെ ദേശീയ ഗവമ്മെന്റ് അധികാരത്തിൽ വന്നിട്ടു് വളരെ നാളുകൾ ആയില്ലല്ലോ. ഇതിനകംതന്നെ അഖിലലോക ആരോഗ്യസംഘടനയിൽനിന്നും ഒരു സംഘം വിദഗ്ദ്ധന്മാർ ഇൻഡ്യയിൽ വന്നിരുന്നു. അവരുടെ ഉപദേശം അനുസരിച്ചു് മദ്രാസിൽ ഗിണ്ടി എന്ന സ്ഥലത്തുള്ള ഗവേഷണകേന്ദ്രത്തിൽ ഈ ബി. സി. ജി. വാക്സിൻ ഉൽപാദിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു.

പൗരൻ: അപ്പോൾ ഇൻഡ്യയിൽ ഈ കുത്തിവയ്പു് തുടങ്ങിക്കഴിഞ്ഞോ?

ഡാക്ടർ: കഴിഞ്ഞവർഷം ഇൻഡ്യാഗവമ്മെന്റിന്റെ ആരോഗ്യവകുപ്പുമന്ത്രി രാജകുമാരി അമൃതകൗറാണു് ഈ ബി. സി. ജി. വാക്സിനേഷൻപ്രസ്ഥാനം ഉൽഘാടനം ചെയ്തതു്. അതിനുശേഷം ബോംബെ, മദ്രാസ്, കൽക്കട്ടാ, ഡെൽഹി, ബറോഡാ ഇവിടങ്ങളിലൊക്കെ അതു നടപ്പിലാക്കിക്കഴിഞ്ഞു.

പൗരൻ: തിരുവിതാംകൂറിനെ വിട്ടുകളഞ്ഞതെന്താ?

ഡാക്ടർ: വിട്ടുകളഞ്ഞിട്ടില്ല. തിരുവിതാംകൂറിലും ബി. സി. ജി. കുത്തിവയ്പു് ആരംഭിച്ചുകഴിഞ്ഞു. നാഗർകോവിലിലാണു് ഈ കുത്തിവയ്പു് ആദ്യമായി

* തിരുവനന്തപുരത്തുനിന്നും പ്രക്ഷേപണം ചെയ്തതു്.

ചെറുകഥ

# നല്ല കൂട്ടുകാരി

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

ആ മഹോത്സവത്തിന് ഇനി രണ്ടു ദിവസമേയുള്ളൂ. ആ ഇടവകയിലെ നൂററിയൻപതോളം പിഞ്ചുകുഞ്ഞുങ്ങൾ അന്നു് കുരുകപോതങ്ങളെപ്പോലെ പരിശുദ്ധതയുടെ പരിശുദ്ധവേദികയിലേക്കു്, ആനീതരാകുവാൻ പോവുകയാണു്. മാലാഖമാർക്കുപോലും അലഭ്യമായ ആ സ്വർഗ്ഗീയഭോജനത്തിനു ആദ്യമായി അവർ ക്ഷണിക്കപ്പെടുന്ന ദിവസമാണന്നു്. അന്നാണു് ഹൃദയങ്ങളുടെ നാഥനായ ഈശോ സ്വർഗ്ഗസിംഹാസനത്തിൽ നിന്നിറങ്ങി, ആ കുഞ്ഞുഹൃദയങ്ങളിൽ പള്ളികൊള്ളുവാൻ കനിഞ്ഞെഴുന്നെള്ളുന്ന സുമുഹൂർത്തം; ആ ഇടവകയിലെ ബാലഗണത്തിന്റെ പ്രഥമദിവ്യകാരുണ്യസ്വീകരണം. ആ അമാവിന്റെ ഭോജനവും നിത്യജീവന്റെ നിദാനവുമായ വിശുദ്ധ കുർബ്ബാനവഴിയായി ആത്മീയമായ പൈദാഹങ്ങൾ ഉപശമിപ്പിക്കുവാൻ തിരുസ്സഭാമാതാവു് അവരെ ഔദ്യോഗികമായി വിളിക്കുകയാണന്നു്.

അന്നു സംഭവിക്കും. മനുഷ്യബുദ്ധിക്കു് എത്തും പിടിയും കിട്ടാത്തമട്ടിൽ, മാനുഷികവും ദൈവികവുമായ സ്വഭാവങ്ങൾ അപ്പരൂപത്തിൽ അത്ഭുതാവഹമാംവിധം നിഗൂഹനം ചെയ്തിരിക്കുന്ന അവതീർണ്ണനായ ദൈവത്തെ ആദ്യമായി ആസ്വദിച്ചു് അവർ ആനന്ദതുന്ദിലരാകും.

അവരുടെ ഹൃദയത്തിന്റെ ഉള്ളറയിൽ അധിവാസമുറപ്പിക്കുവാൻ തിരുവുള്ളമായ ആ സ്വർഗ്ഗീയാതിഥിയെ സ്വീകരിച്ചിരുത്തുവാൻ ആ ഓമൽക്കിടാങ്ങൾ എന്നേ ഒരുങ്ങിത്തുടങ്ങിയതാണു്!! ആ മഞ്ജുമുഹൂർത്തത്തിനു് നാല്പത്തെട്ടുമണിക്കൂറുകൾ ഇനിയും ശേഷിക്കുന്നു!!!

നിമിഷങ്ങൾ യുഗങ്ങളായി മാറിയപോലെ ആ പൈതങ്ങൾക്കു തോന്നി.

ഉണ്ണീശോയുടെ കായററ കുഞ്ഞു ചങ്ങാതികളാകാൻ പോകുന്ന ആ കിശോരകരുടെ ഭാഗ്യശാലികളായ മാതാപിതാക്കന്മാരും, അവരോടൊപ്പം ആനന്ദപൂർണ്ണമായ ആ സുദിനം ആകാംക്ഷാപൂർവ്വം പ്രതീക്ഷിക്കുന്നുണ്ടു്. വികാരിയച്ചൻ നിർദ്ദേശിച്ചതുപോലെ തങ്ങളുടെ വത്സലസന്താനങ്ങളുടെ പ്രഥമദിവ്യകാരുണ്യസ്വീകരണോത്സവം, ബാഹ്യമായും ആന്തരികമായും സമാകർഷകമാക്കുവാൻ കഴിയുന്നത്ര ശ്രമിക്കുന്നുമുണ്ടവർ.

II

പായിൽനിന്നുതന്നെ പരാതികളും നിവേദനങ്ങളുമായിട്ടാണു് അന്നും ഏലിക്കൊച്ചു് എഴുന്നേററു ചെന്നതു്. മറിയ തിണ്ണയിൽ എന്തോ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ സ്ത്രീയുടെ മുഖം നന്നേ വാടിയിരിക്കുന്നു.

"എല്ലാരും ഉടുപ്പു തയ്പിക്കാൻ കൊടുത്തു. ഇന്നെങ്കിലും ഉടുപ്പിനു തുണിമേടിച്ചു കൊടുക്കണം, കേട്ടോ അമ്മച്ചീ," ഏലിക്കൊച്ചു് അമ്മയുടെ ചാരത്തുചെന്നുനിന്നുകൊണ്ടു പറഞ്ഞു.

മറിയക്കു് മിണ്ടാൻ നാവനങ്ങിയില്ല. അവൾ ഏലിക്കൊച്ചിനെ ഒന്നു നോക്കുകമാത്രം ചെയ്തു. പരാജയം സമ്മതിക്കുന്ന ദയനീയമായ ഒരു നോട്ടം. ആ നോട്ടം വളരെയൊക്കെ ഉൾക്കൊള്ളുന്നുണ്ടായിരുന്നു. പക്ഷേ ഏലിക്കൊച്ചിന്റെ തിളക്കമേറിയ കൊച്ചുകണ്ണുകൾ അതൊന്നും കണ്ടില്ല!! അവൾ പിന്നെയും തുടർന്നു:

"മറിയാമ്മയ്ക്കു് അവളുടെ അപ്പൻ ഇന്നലെ തുണിമേടിച്ചുതയ്പിക്കാൻ കൊടുത്തു. അവളുടെ ഉടുപ്പിന്റെ തുണി ഒരു കഷണം കൊണ്ടുവന്നു് ഞങ്ങളെ കാണിച്ചു. മിനുങ്ങുന്ന നല്ല വെളുത്ത തുണി! പട്ടുപോലത്തെതു്. റോസക്കുട്ടിക്കും ആലീസിനുമൊക്കെ ഉടുപ്പു തയ്പിച്ചുകൊടുത്തെന്നു് അവരു പറഞ്ഞു. ഇന്നലെ ഉച്ചക്കു ഞങ്ങളിങ്ങോട്ടു പോരുമ്പഴാ തെയ്യാമ്മേടെ ഇച്ചാച്ചൻ ഉടുപ്പിന്റെ അളവെടുക്കാൻ അവളെ മിഷ്യങ്കടേലോട്ടു വിളിച്ചെ."

ഏലിക്കൊച്ചിന്റെ വാക്കുകൾ തന്റെ മാതൃത്വത്തിന്റെ നേരെ ഉയർത്തുന്ന വെല്ലുവിളികൾപോലെ തോന്നി മറിയക്കു്.

"മകളിന്നു പോയേച്ചു വരുമ്പം അമ്മ ഉടുപ്പുമേടിച്ചു വെച്ചേക്കാം."

മറിയയുടെ വിഷാദം കലർന്ന സ്വരവും നിസ്സഹായത നിഴലിക്കുന്ന മുഖഭാവവും ആ വാഗ്ദാനത്തിന്റെ ഗൗരവത്തോടൊപ്പം ദൗർബല്യവും ചൂണ്ടിക്കാട്ടുന്നുണ്ടായിരുന്നു.

ഏലിക്കൊച്ചിനതൊന്നും കാണേണ്ട കാര്യമില്ലായിരുന്നു. നാലഞ്ചിടത്തായി മറിയയുടെ തയ്യൽവൈദഗ്ധ്യം മുഴുവൻ മുഴച്ചുനില്ക്കുന്ന ആ "വരയൻ പാവാട"കൊണ്ടു് മോടിയായി ഡ്രസ്സുചെയ്തു് മഠംസ്കൂളിലേക്കു നമസ്കാരം പഠിക്കാൻ അവൾ പതിവുപോലെ പൊയ്ക്കഴിഞ്ഞു.

* * *

ഞായറാഴ്ച രാവിലെ എല്ലാ കുട്ടികളും അവരുടെ പിതാക്കന്മാർ വാങ്ങിക്കൊടുത്ത നല്ല നല്ല പുത്തനുടുപ്പുകൾ ധരിച്ചു് നെററും മുടിയും വച്ചു് അണിഞ്ഞൊരുങ്ങി പള്ളിയിൽ വരും. ഏലിക്കൊച്ചു്! പാവം! തന്തയില്ലാത്ത കുട്ടി—അവൾ മാത്രം ആ കീറിത്തുന്നിയ "വരയൻ പാവാട"യുമായി പോകേണ്ടിവന്നാൽ!— ആ പിഞ്ചുപൈതലിന്റെ ഉള്ളു പൊട്ടിഞ്ഞുപോകയില്ലേ? ആ കൊച്ചുഹൃദയത്തിനുമില്ലേ, ആത്മാഭിമാനത്തിന്റെ നിലയ്ക്കാത്ത തുടിപ്പുകൾ? ധവളരമണീയങ്ങളായ ശുഭ്രവസനങ്ങളണിഞ്ഞൊരുങ്ങി, കുന്ദകുസുമമഞ്ജരികൾപോലെ നിരന്നുനില്ക്കുന്ന ആ ബാലികമാരുടെ ഗണത്തിൽ മറിയയുടെ ഏലിക്കൊച്ചുമാത്രം, നനച്ചുണക്കി നിറം മങ്ങിയ ആ തുന്നൽക്കെട്ടുകൾക്കുള്ളിൽ അപകർഷബോധത്തിന്റെ വൻചുമടും താങ്ങി അങ്ങനെ മുഖം കുനിച്ചുനില്ക്കുന്നതു് ആ തള്ള എങ്ങനെ സഹിക്കും! മറിയയുടെ മാതൃഹൃദയം വല്ലാതെ പിടഞ്ഞു.

ഇല്ല, അങ്ങനെ വരികില്ല. പടിഞ്ഞാറേ വീട്ടിലെ വല്യമ്മയോടു് തിങ്കളാഴ്ചതന്നെ മറിയ അവളുടെ ആവശ്യം പറഞ്ഞിട്ടുള്ളതാണു്. വല്യമ്മ തീർച്ചയൊന്നും പറഞ്ഞിട്ടില്ലെങ്കിലും ഇക്കാര്യത്തിൽ അവര് അവളെ തീർത്തുപേക്ഷിക്കയില്ല. ആ വീട്ടിലും കുഞ്ഞുങ്ങളുണ്ടല്ലോ. ഉച്ചനീചത്വങ്ങളുടെ പൊരുളും പൊരുത്തക്കേടും കണ്ടറിഞ്ഞിട്ടില്ലാത്ത ഒരു പിഞ്ചുപെൺകിടാവിന്റെ നിരാകരിക്കാവുന്ന ഒരു കൊതിയല്ല, അതു്? അതും അവളുടെ ജീവിതത്തിന്റെ പരമപ്രധാനമായ ഒരാവശ്യത്തിനുവേണ്ടി. പടിഞ്ഞാറേ വീട്ടിലെ വല്യമ്മ കരുണയുള്ള ഒരു സ്ത്രീയാണു്. ആ ഔദാര്യം അവർ കാണിക്കാതിരിക്കയില്ല.

പടിഞ്ഞാറേ വീട്ടിലെ നെല്ലുകുത്തു്, പാത്രംതേപ്പു്, മുററം തൂപ്പു് മുതലായ ജോലികൾ ചെയ്യുന്നതു് മറിയയാണു്. അതിനൊത്ത ശമ്പളവും വച്ചിട്ടുണ്ടു്.

പക്ഷേ മാസം തികയുംമുമ്പേ മറിയ ശമ്പളം വാങ്ങിക്കഴിയും. മാസം തികയുവോളം ക്ഷമിച്ചിരിക്കുവാൻ വകതിരിവില്ലാത്ത അവളുടെ ജീവിതാവശ്യങ്ങൾ സമ്മതിക്കയില്ല.

ഇപ്പോൾ ഒരു മാസത്തെ ശമ്പളംകൂടി അവൾ മുൻകൂർ ആവശ്യപ്പെട്ടിരിക്കയാണു്; ഏലിക്കൊച്ചിനു് ഉടുപ്പു തയ്പിക്കാൻ. രണ്ടുമൂന്നു തവണ അക്കാര്യം വല്യമ്മയെ ഓർമ്മിപ്പിച്ചിട്ടുണ്ടു്. മറുപടിയൊന്നുമുണ്ടായിട്ടില്ല. ഇന്നു തീർച്ച അറിയാം; അറിയുകയും വേണം. മറിയ പടിഞ്ഞാറേ വീട്ടിലേക്കു നടന്നു.



"എല്ലാവരും ഉടുപ്പു തയ്പിക്കാൻ കൊടുത്തു. ഇന്നെങ്കിലും ഉടുപ്പിനു തുണി മേടിച്ചുകൊടുക്കണം, കേട്ടോ അമ്മച്ചീ"......ഏലിക്കൊച്ചു പറഞ്ഞു.

III

"ഞാൻ പാപ്പച്ചനോടു ചോദിച്ചിട്ടു്. ഇവിടെ രൂപയൊന്നും കിടപ്പില്ലെന്നാ പറഞ്ഞതു്. എന്റെ കൈയും ഒഴിഞ്ഞിരിക്കയാണു്. അതും പോരാഞ്ഞിട്ടു്; നീ ഇങ്ങനെ എപ്പഴും മുമ്പേരൂപാ വാങ്ങിച്ചു കടം കൂട്ടിയാലോ! ഒടുവിൽ നീതന്നെ വേണ്ടേ ഉത്തരിക്കാൻ! അല്ലെങ്കിലും നിനക്കു രൂപയെന്തിനാ, ഉടുപ്പല്ലേ വേണ്ടു. ഞാൻ ലില്ലിക്കുട്ടിയുടെ പെട്ടിയൊന്നു നോക്കട്ടെ." വല്യമ്മ അകത്തേക്കു പോയി.

ദീർഘവിശ്രമം കൊണ്ടിരുന്ന പെട്ടിയുടെ അടിത്തട്ടിൽ രണ്ടു പഴയ ഫ്രോക്കുകളുമായി വല്യമ്മ പുറത്തുവന്നു.

"അല്പം കീറലൊള്ളതു സാരമില്ല. ഒന്നു തുന്നലടിച്ചാൽ മതി." ലില്ലിക്കുട്ടിയുടെ "ഫസ്റ്റുകമ്മ്യൂണിയൻ ഡ്രസ്സ്" തൃശ്ശൂരിൽ ഓർഡർ കൊടുത്തു വരുത്തി വച്ചിരിക്കുന്ന പാപ്പച്ചന്റെ അമ്മയാണു് അങ്ങനെ പറഞ്ഞതു്!!

"വെള്ളയായിരുന്നേൽ......" ഉടുപ്പുകളുടെ നിറത്തിനു് മറിയ ഒരു ഭേദഗതി ഉന്നയിച്ചു.

"വെള്ളയില്ല. ഞാൻ നോക്കി. വെള്ള വേണമെന്നു നിർബ്ബന്ധവുമില്ല. വെളുത്തതായിരുന്നാൽ മതി. ഇതിലേതെങ്കിലും ഒന്നെടുത്തോ. അല്ലെങ്കിൽ രണ്ടും കൊണ്ടുപൊയ്ക്കോ. അവൾക്കു രണ്ടു കൊല്ലത്തേക്കുണ്ടു്." മറിയയിൽനിന്നു് നന്ദിസൂചകമായ ഒരു വാക്കിനുപോലും കാത്തുനില്ക്കാതെ ഉദാരമായ ആ സംഭാവനയ്ക്കുശേഷം കരുണയുള്ള ആ നല്ല വല്യമ്മ അകത്തേക്കു പോയി.

IV

"വത്സമ്മയ്ക്കു കുർബ്ബാനകൈക്കൊള്ളാൻ പോകുമ്പോൾ ഇതിൽ ഏതുടുപ്പു വേണം?" വിലയേറിയ വെള്ളസിൽക്കുകൊണ്ടു തയ്പിച്ച ഭംഗിയുള്ള രണ്ടു പാവാടകൾ മേശപ്പുറത്തു വിടർത്തിക്കൊണ്ടു് ഔസേപ്പച്ചൻ ചോദിച്ചു. മകളുടെ "ഹോളിക്കമ്മ്യൂണിയൻ ഡ്രസ്സു" കാണാൻ ശോശാമ്മയും അങ്ങോട്ടു ചെന്നു.

"ഓ! ഈ അച്ചായൻ തരക്കേടില്ലല്ലോ. ഒരു ജോടി ഡ്രസ്സല്ലേ കൊണ്ടുവന്നിരിക്കുന്നതു! രണ്ടുടുപ്പു് ഒന്നിച്ചിട്ടോണ്ടാണോ മകളു് കുർബ്ബാനകൈക്കൊള്ളാൻ പോകുന്നതു്? നെററും രണ്ടെണ്ണം മേടിച്ചോ! ഓഹോ! ഇക്കണക്കിനു പെട്ടി ഒന്നുകൂടെ വേണ്ടിവരുമെന്നു തോന്നുന്നല്ലോ. എന്റെ പെണ്ണേ, ഉടുപ്പൊന്നെടുത്തിട്ടേടി, ഒന്നു കാണട്ടെ." അഭിമാനവും സംതൃപ്തിയും ഒരു കപടമന്ദഹാസത്തിൽ ഒളിച്ചുവച്ചുകൊണ്ടു ശോശാമ്മ പറഞ്ഞു.

വത്സമ്മ പുത്തനുടുപ്പിൽ ഒരെണ്ണമെടുത്തിട്ടുനോക്കി. നല്ല ഇണക്കം! ഉടലിനൊത്ത കട്ടിംഗും തയ്യലും. റേന്തയും പൈപ്പിംഗും ഭേഷായിട്ടുണ്ടു്. അഴകൊത്ത ഞൊറിച്ചിലും ചുരുക്കം. കഴിറക്കം പാകത്തോളം, കൈനീളം പത്തിവരെ. ചേലൊന്ന ഓവൽ കാളർ.

"ഒട്ടും കനയില്ല" ഉടുപ്പിന്റെ ചന്തം നോക്കുന്നതിനിടയ്ക്കു് വത്സമ്മ പറഞ്ഞു.

"രണ്ടു ഷൂസുകൂടിയുണ്ടായിരുന്നെങ്കിൽ! നല്ല രണ്ടു വൈററു് ഷൂസു്." ശോശാമ്മയുടെ ഒരു പുതിയ നിർദ്ദേശം.

"എന്നിട്ടു്", അതെന്താ നേരത്തെ പറയാഞ്ഞതു്?" ഔസേപ്പച്ചന്റെ സ്നേഹപൂർവ്വമായ കുററപ്പെടുത്തൽ.

"ഞാൻ പിന്നീടോർത്തതു്. കഴിഞ്ഞകൊല്ലം വടക്കേ വീട്ടിലെ പെണ്ണമ്മയ്ക്കുണ്ടായിരുന്നു."

"വത്സമ്മയ്ക്കു ഷൂസു വേണോ, മകളേ?" ഔസേപ്പച്ചൻ ചോദിച്ചു.

വത്സമ്മ വേണമെന്നു മുഖഭാവം കൊണ്ടു കാണിച്ചതല്ലാതെ ഒന്നും പറഞ്ഞില്ല.

"എന്നാൽ, ഇതു മതിയാകുമോ എന്നു നോക്കു്." ഔസേപ്പച്ചൻ ലതർബെഗ്ഗുതുറന്നു് ഒരു ജോടി ചെറിയ ഷൂസ് എടുത്തു മേശപ്പുറത്തുവച്ചു!

"ഓ! അച്ചായൻ അതുംകൂടെ ഓർത്തു മേടിച്ചോണ്ടുപോന്നല്ലോ. മക്കളുടെ കാര്യത്തിൽ അച്ചായന്റെ ഒരു ശ്രദ്ധ! ഞാനോ മററോ ആണെങ്കിൽ ഒരു കവണിയോ വല്ലതും മേടിച്ചോണ്ടുവരണമെന്നു നൂറുതവണ പറഞ്ഞയച്ചാലും അച്ചായനു മറവിയേ ഉള്ളൂ" ശോശാമ്മ ചില്ലികൾ വക്രിപ്പിച്ചു ഒരു പരിഭവനാട്യത്തോടെ തുടർന്നു. "മകളീ ഷൂസുമൊക്കെ ഇട്ടോണ്ടു നടന്നു വല്ലിടത്തും മറിഞ്ഞുവീഴാതിരുന്നാൽ ഭാഗ്യം."

"ഉവ്വ, ഉവ്വ. ഞാനെങ്ങും വീഴുകില്ല. ഇന്നാളു് അപ്പിച്ചൻ മേടിച്ചുതന്നഷൂസിട്ടു നടന്നിട്ടു ഞാനെങ്ങും വീണില്ലല്ലോ." വത്സമ്മ ഷൂസുധരിച്ചു നടക്കുവാനുള്ള അവളുടെ പരിചയവും പ്രാവീണ്യവും തെളിവുസഹിതം ഉന്നയിക്കയാണു്.

"ഇത്രയൊന്നും വേണ്ടായിരുന്നു. വെറുതെ ആ രൂപയെല്ലാം ചെലവാക്കി." വത്സമ്മയുടെ മനോഭാവമറിയുവാൻ ശോശാമ്മ അവളുടെ മുഖത്തേക്കു നോക്കി.

"പോ, അമ്മച്ചീ." സ്നേഹമൂറുന്ന മധുരമായ ഒരു പരിഭവം!

"ഓ! ഇപ്പഴച്ചായനൊണ്ടെന്നുള്ള മിടുക്കു പെണ്ണിനു്, കച്ചേരിക്കുപോകുമ്പഴും അച്ചായന്റെകൂടെ പോയ്ക്കോള്ളണോ." ജീവിതത്തെ മധുരീകരിക്കുവാൻ സ്ത്രീത്വത്തിന്റെ ചാതുര്യമേറുന്ന പൊടിക്കൈകൾ!

"എന്താ വത്സമ്മേ, അമ്മച്ചിക്കിന്നി രൂപെണക്കമോ?" ആ രംഗം നീട്ടിക്കൊണ്ടു പോകുവാൻ ഔസേപ്പച്ചനും ആഗ്രഹിച്ചു.

"അച്ചായൻ കവണിമേടിച്ചോണ്ടു വരാഞ്ഞായിരിക്കും. അച്ചായാ, അമ്മച്ചിക്കും ഒരു കവണി മേടിച്ചുകൊടുത്തേച്ചായാ."

"വേണ്ട, വേണ്ട. അമ്മച്ചിക്കു വേണ്ടി എന്റെ മകളു് അച്ചായനോടുകൂടെ ശുപാർശചെയ്യണ്ട. നിന്റെ അച്ചായനോടു് എനിക്കു മേടിച്ചുതരികേം വേണ്ട. എനിക്കു മേടിച്ചുതരാൻ എന്റെ അപ്പിച്ചനൊണ്ടു്."

(ശേഷം 9-ാം പേജിൽ)

---

തുടങ്ങിയതു്. കോളേജുകളിലും സ്കൂളുകളിലും ഉള്ള കുട്ടികളെയാണു് ആദ്യമായി കുത്തിവയ്ക്കുന്നതു്. പിന്നീടു പൊതുജനങ്ങളേയും. അതിനു നിങ്ങളുടെയെല്ലാം ആത്മാർത്ഥമായ സഹകരണമുണ്ടെങ്കിലേ സാദ്ധ്യമാകൂ.

പൗരൻ: അതു വരാത്ത താമസം. ഈ രാജ്യത്തു ആദ്യമായി കുത്തിവയ്പിക്കുന്നതു ഞാനായിരിക്കും. പിന്നെ എന്റെ സ്നേഹിതന്മാരെയെല്ലാം ഇതിനു പ്രേരിപ്പിക്കും.

ഡാക്ടർ: അതാണു് ഒരു യഥാർത്ഥ പൗരൻ ചെയ്യുവാനുള്ളതു്. അങ്ങനെയാണെങ്കിൽ നമ്മുടെ രാജ്യത്തു് ഒരു ഒററ ക്ഷയരോഗിപോലും ഇല്ലാത്ത ഒരു കാലം സമാഗതമാകും.

(പൊതുജനാരോഗ്യം)

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# മരണശയ്യയിൽ

പ്രിയകുഞ്ഞുങ്ങളേ,

ഫാത്തിമാബാലകരുടെ പ്രായശ്ചിത്തപ്രവൃത്തികൾ നിങ്ങൾക്കെല്ലാവർക്കും ഉത്തമമാതൃകകളായിത്തീർന്നിട്ടുണ്ടെന്നു വല്യച്ചൻ വിശ്വസിക്കുന്നു. നിങ്ങളുടെ ജീവിതത്തിലെ വിവിധാവസരങ്ങളിൽ പലതരത്തിലുള്ള ത്യാഗങ്ങൾ ഔദാര്യപൂർവ്വം ചെയ്യുന്നതിനു് അവ നിങ്ങൾക്കു് പ്രേരണ നൽകാതിരിക്കുകയില്ല. അവരുടെ ജീവിതകാലത്തു് അവർ വേറേയും പല പ്രായശ്ചിത്തങ്ങൾ ചെയ്യുകയും സഹിക്കുകയും ചെയ്തിട്ടുണ്ടു്. അവയെല്ലാം ഇവിടെ വിവരിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. ഫ്രാൻസിസും ജസീന്തയും അവരുടെ മരണാവസരം എത്ര മാതൃകായോഗ്യവും ഫലപ്രദവുമാക്കിത്തീർത്തു എന്നുകൂടി മാത്രം വിശദമാക്കിക്കൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കാം.

1918 ഡിസംബർ 23-ാം തീയതി ഫ്രാൻസിസിനേയും അവന്റെ സഹോദരിയായ ജസീന്തയേയും പനി ബാധിച്ചു. സ്പാനിഷ് ഇൻഫ്ളുവൻസ എന്നു പറയപ്പെടുന്ന ഒരുതരം ഭയങ്കരപനിയായിരുന്നു അതു്. രോഗത്തിന്റെ കാഠിന്യത്തിനു് അവരുടെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും തീക്ഷ്ണത കുറയ്ക്കുന്നതിനു് കഴിഞ്ഞില്ല.

ആദ്യം ഫ്രാൻസിസ് മരിക്കണമെന്നതായിരുന്നു ദൈവനിശ്ചയം. മാതാവിന്റെ ദർശനാവസരങ്ങളിൽ ആ മൂന്നു കുട്ടികളിൽ ഏററവും കുറച്ചു് അനുഗ്രഹങ്ങൾക്കു മാത്രമേ ഫ്രാൻസിസു് അർഹനായിരുന്നുള്ളു. അവൻ "സ്വർഗ്ഗത്തിൽ ചെല്ലണമെങ്കിൽ ധാരാളം കൊന്തജപിക്കേണ്ടതായിട്ടുണ്ടു്" എന്ന നിർദ്ദേശമാണല്ലോ മാതാവിൽ നിന്നു് അവനു് ലഭിച്ചിരുന്നതു്. പ്രസ്തുതനിർദ്ദേശം ലഭിച്ചനാൾമുതൽ ഏതെന്നില്ലാത്ത വ്യത്യാസമാണു് അവന്റെ ജീവിതത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നതു്. മുൻപു് എപ്രകാരം അവൻ ബാലസഹജമായ വിനോദങ്ങളിൽ തല്പരനായിരുന്നുവോ അതുപോലെതന്നെ ഇപ്പോൾ മാതാവിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതിൽ തല്പരനായിഭവിച്ചു. ജപമാല കുറെ കൂടുതൽ ജപിച്ചു് എങ്ങനെയെങ്കിലും സ്വർഗ്ഗത്തിൽ കയറിപ്പററണമെന്നുള്ളതു മാത്രമായിരുന്നില്ല അവന്റെ ഉദ്ദേശ്യം. അവൻ സ്വാർത്ഥമെന്യേ വളരെ വിശാലമായ മനസ്കനായിത്തീർന്നു. ലോകത്തിലുള്ള എല്ലാ പാപികളെയും അതിൽ ഉൾക്കൊള്ളിക്കണമെന്നായിരുന്നു അവന്റെ ലക്ഷ്യം. അതുകൊണ്ടു് അവനുവേണ്ടി അവൻ പ്രാർത്ഥിച്ചിരുന്നതുപോലെ സകല പാപികളുടെയും മാനസാന്തരത്തിനുവേണ്ടിയും അവൻ പ്രാർത്ഥിച്ചിരുന്നു. അവർക്കുവേണ്ടി അവന്റെ കഴിവിൽപ്പെട്ട എല്ലാ ത്യാഗങ്ങളും അനുഷ്ഠിക്കുന്നതിനു് അവൻ ഉൽസുകനായിരുന്നു. ഈ താല്പര്യം നല്ല ആരോഗ്യത്തോടുകൂടി ജീവിച്ചകാലത്തു മാത്രമല്ല, അവന്റെ മരണക്കിടക്കയിലും അവൻ പ്രത്യക്ഷപ്പെടുത്തി.

പനിപിടിപെട്ട ആദ്യയാഴ്ചയിൽത്തന്നെ അവൻ കിടപ്പായിപ്പോയി. ലൂസി പലപ്പോഴും ഫ്രാൻസിസിനെ സന്ദർശിച്ചിരുന്നു. അവളെ കാണുന്നതും അവളുമായി സംസാരിക്കുന്നതും അവനു വളരെ ആശ്വാസപ്രദമായിരുന്നു. ഭയങ്കരമായ വേദന അനുഭവിച്ചുകൊണ്ടിരുന്ന ഫ്രാൻസിസിനെ പലപ്പോഴും ചെന്നു കണ്ടിരുന്ന ലൂസി, അവനെക്കുറിച്ചു് പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്: "ഫ്രാൻസിസ് അവന്റെ രോഗശയ്യയിൽ ദീനത്തിന്റെ വേദനകളും കഷ്ടപ്പാടുകളും വിരോചിതമായ ക്ഷമയോടുകൂടിയാണു് സഹിച്ചിരുന്നതു്. കരച്ചിലാകട്ടെ ആവലാതിയാകട്ടെ ഒരിക്കൽപ്പോലും അവനിൽനിന്നും പുറപ്പെട്ടിട്ടില്ല. അവന്റെ അമ്മ അവനുവേണ്ടി കൊണ്ടുചെന്നിരുന്ന എല്ലാം, ഏററവും അരുചികരമായ മരുന്നുപോലും യാതൊരു മടിയും കൂടാതെയാണു് അവൻ ഉപയോഗിച്ചിരുന്നതു്. അതൃപ്തിയുടെ യാതൊരു ലാഞ്ഛനയും അവനിൽ കാണപ്പെട്ടിരുന്നില്ല." ഒരിക്കൽ ലൂസി അവനോടു ചോദിച്ചു: "ഫ്രാൻസിസേ, നീ അധികം പീഡകൾ സഹിക്കുന്നുണ്ടോ?" അതിനു് അവൻ ഇപ്രകാരം ഉത്തരം പറഞ്ഞു: "ഉവ്വ്, ഞാൻ വളരെ അധികം സഹിക്കുന്നുണ്ടു്. എന്നാൽ അവയെല്ലാം ഈശോയുടെയും മറിയത്തിന്റെയും സ്നേഹത്തെപ്രതി ഞാൻ സഹിക്കുകയാണു്." രോഗത്തിന്റെ ക്ലേശങ്ങൾക്കുപുറമെ അവൻ അരയിൽകെട്ടിയിരുന്ന കയറുമൂലം ഉണ്ടായിരുന്ന വേദനയും അവൻ സഹിച്ചു കാഴ്ചവച്ചുകൊണ്ടായിരുന്നു. എന്നാൽ അതിന്റെ വേദന തുടർന്നു സഹിക്കുന്നതിനു് കേവലം അശക്തനായിത്തീർന്നപ്പോൾ അവനതു് അഴിച്ചു് ലൂസിയെ ഏല്പിച്ചു.

മാതാവിന്റെ നിർദ്ദേശാനുസരണം പഴയ ജീവിതരീതികളിൽനിന്നു പിൻമാറി നിരന്തരമായ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ജീവിതം കഴിച്ചുപോന്ന ഫ്രാൻസിസിനെ ഇഹത്തിൽവച്ചുതന്നെ സമ്മാനിക്കുന്നതിനു് മാതാവു് ശിരമനസ്സായി. മരിക്കുന്നതിനു് കുറേ ദിവസങ്ങൾക്കു മുൻപു് മാതാവു് അവനു് പ്രത്യക്ഷയായി അവനെ ആശ്വസിപ്പിക്കുകയും അവൻ മരിക്കുവാനിരുന്ന സമയം അവനെ അറിയിച്ചുകൊടുക്കുകയും ചെയ്തു. നിശ്ചിതസമയത്തിനു മുൻപു് അവൻ അവസാനമായി പാപസങ്കീർത്തനം കഴിച്ചു് ദിവ്യനാഥനെ ഹൃദയത്തിൽ സ്വീകരിച്ചു. അതു കഴിഞ്ഞു് സ്വർഗ്ഗത്തിലേക്കു് പറന്നുപോകാനുള്ള സമയം പാർത്തുകൊണ്ടു് സമാധാനത്തോടും സന്തോഷത്തോടുംകൂടി അവസാനവിനാഴികകൾ കഴിച്ചുകൂട്ടി. മരിക്കുന്നതിനു അല്പം മുൻപു് അവന്റെ കിടക്കയുടെ സമീപത്തു് അലൗകികമായ ഏതോ പ്രകാശം കാണുന്നതായി അവന്റെ അമ്മയോടു പറയുകയുണ്ടായി. ദൈവജനനി പരിവാരസമേതം അവന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു് കൂട്ടിക്കൊണ്ടുപോകുവാൻ വന്നതായിരിക്കാം അവൻ കണ്ടതു്. പതിനൊന്നു വയസ്സു പൂർത്തിയാകുന്നതിനു മുൻപു് നിഷ്കളങ്കവും, പ്രാർത്ഥന, പ്രായശ്ചിത്തം എന്ന സുകൃതങ്ങളാൽ അസാമാന്യമായവിധം അലംകൃതവുമായിരുന്ന അവന്റെ പാവനാത്മാവു് സ്വർഗ്ഗത്തിലേക്കു് പറന്നുപോയി.

പ്രിയകുഞ്ഞുങ്ങളേ, ഫ്രാൻസിസിന്റെ ത്യാഗസന്നദ്ധത എപ്പോഴും നിങ്ങളുടെ കൺമുമ്പിൽ ഉണ്ടായിരിക്കട്ടെ

എന്നു് സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള "അന്താരാഷ്ട്രനീതിന്യായകോടതി"യുടെ സ്വഭാവം വിശദമാക്കുക.

ഉത്തരം

ഇതു് വിവിധ രാജ്യങ്ങൾ തമ്മിലുള്ള നിയമസംബന്ധമായ തർക്കങ്ങൾ തീർക്കുന്നതിനുള്ള ഒരു കോടതിയാണു്. ഇതിൽ 15 ജഡ്ജിമാരുണ്ടു്. ജനറൽ അസംബ്ലിയും സെക്യൂരിററി കൗൺസിലും കൂടിയാണു് അവരെ തിരഞ്ഞെടുക്കുന്നതു്.


## അനുഭവസാക്ഷ്യം No. 62.

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

പ്രിയ വൈദ്യരെ,

ഉദ്ദേശം രണ്ടു് കൊല്ലമായി സദാ തലവേദന, നീരിറക്കം, ഒരിക്കലും വിട്ടുമാറാത്ത ജലദോഷം, തുടങ്ങിയവകൾക്കു് ഒരു എണ്ണയും പിടിക്കാതെ ഞാൻ ബുദ്ധിമുട്ടുന്ന അവസരത്തിലാണു് നിങ്ങളുടെ ഔഷധശ്രേണികളുടെ പ്രത്യേകിച്ചു് ശാരീബാദിതൈലത്തിന്റെ പരസ്യം വായിക്കുവാൻ ഇടയായതു്. ഉടനെതന്നെ നിങ്ങളുടെ ഫാർമസിയിൽനിന്നു് ശാരീബാദിതൈലം വരുത്തി ഉപയോഗിപ്പാൻ തുടങ്ങി. രണ്ടു് ആഴ്ചക്കാലത്തെ ഉപയോഗംകൊണ്ടുതന്നെ ജലദോഷം, നീരിറക്കം, തലവേദന മുതലായ സുഖക്കേടുകൾക്കു് പറയത്തക്ക ഭേദം കണ്ടുതുടങ്ങി. എന്നാൽ ഒരു മാസത്തിനുള്ളിൽതന്നെ എനിക്കു് പരിപൂർണ്ണസുഖം കിട്ടി. ഇന്നുവരെ ഞാൻ എന്നുവേണ്ട ഞങ്ങളുടെ കുടുംബത്തിലെ മിക്ക അംഗങ്ങളും മേൽപറഞ്ഞവിധമുള്ള ബുദ്ധിമുട്ടുകളുടെ പരിഹാരാർത്ഥം ഈ തൈലം ഉപയോഗിച്ചുവരുന്നു.

എന്നാൽ ഇത്രയും ഗുണപ്രദമായ ഈ തൈലം കണ്ടുപിടിച്ചു് ഉണ്ടാക്കി പൊതുജനങ്ങൾക്കു് വിതരണം ചെയ്യുന്നതിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

1—9—'50 C. R. Damian (Sd.)
St. Joseph's Industrials, Engineers....
Kozhikode

ഉറക്കമൊഴിക്കുക, ശരീരംകൊണ്ടും മനസ്സുകൊണ്ടും ഉള്ള അത്യദ്ധ്വാനം, ഉഷ്ണവീര്യങ്ങളുള്ള ആഹാരം തുടങ്ങിയവകൾമൂലം ശരീരത്തിലെ അഗ്ന്യംശം (ചൂടു്) ക്രമംവിട്ടു് വർദ്ധിച്ചു് തുടങ്ങുമ്പോൾ തലവേദന, നീർവീഴ്ച (നീരിറക്കം) തുടങ്ങിയവകൾ മാത്രമല്ല ക്ഷയം, ഏങ്ങൽ, രക്തവാതം, മൂലക്കുരു, പ്രമേഹം, മുതലായ അനേകം ഭയങ്കരവ്യാധികളും പിടിപെടുന്നു.

സന്നിപാതജ്വരം, മലേറിയ (മലമ്പനി), തുടങ്ങിയവകൾ പിടിച്ചതിനാൽ ഓജസ്സു് ക്ഷയിച്ചു് കൃശഗാത്രന്മാരായിത്തീർന്നിട്ടുള്ളവർക്കും, ശിശുക്കളുടെ ആരോഗ്യത്തിനായി ഗർഭിണികൾക്കും, പ്രസവാനന്തരം ചിലരിൽ കണ്ടുവരാറുള്ള ദേഹക്ഷീണം, വിളർപ്പു്, ചൊറി മുതലായവകൾ ഉള്ളവർക്കും, രക്തപ്രസാദം, ഉന്മേഷം, പുഷ്ടി, ഉറക്കം തുടങ്ങിയ ആരോഗ്യലക്ഷണങ്ങൾ കുറഞ്ഞതും, വിയർപ്പും മൂത്രവും വിശപ്പും അധികരിച്ചുള്ളവരുമായ കുട്ടികൾക്കും, വൃദ്ധന്മാരിൽ ഉണ്ടാകാറുള്ള ഓജഃക്ഷയലക്ഷണങ്ങളായ ഓർമ്മക്കുറവു്, തൊലിക്കു് പരുപരുപ്പു്, ചുളിച്ചൽ, വാതവർദ്ധനം, രക്തദുഷ്യം തുടങ്ങിയവകളെ ശാന്തമാക്കുവാനായി വൃദ്ധന്മാർക്കും ചുരുക്കത്തിൽ ആരോഗ്യകാംക്ഷികളായവർക്കെല്ലാം ഒന്നുപോലെ തലയിലും ദേഹത്തിലും തേച്ചു് ദേഹാന്തർഭാഗങ്ങളിലേക്കു് പ്രവേശിപ്പിക്കുവാൻ ഏററവും ഉത്തമമാകയാലാണു് ശാരീബാദിതൈലത്തെ അനേകംപേരും പ്രശംസിക്കുന്നതു്.

നിംബാസവം, ദ്രാക്ഷാഘൃതം, ശാരീബാദിതൈലം എന്നിവകളുടെ വില തുടങ്ങിയ കൂടുതൽ വിവരങ്ങൾക്കു് കഴിഞ്ഞ ആഗസ്റ്റ് 30-ാംനു-യിലെ സത്യദീപം നോക്കുക.

N. B. ഞങ്ങളുടെ പരസ്യങ്ങൾ അതുപോലെതന്നെയോ, വ്യത്യാസപ്പെടുത്തിയോ മററാരും പകർത്തുവാൻ പാടുള്ളതല്ല.

**PROP: കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ,**
**കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെ സ്റ്റേഷനു സമീപം) നെല്ലായി P.O.**
TELE: 'KALAN', TRICHUR.


## കടംകഥകൾ

(1) "മ" എന്ന അക്ഷരം കാണുമ്പോൾ സന്തോഷം തോന്നുന്നതെന്തുകൊണ്ടു്? (2) ആഗസ്റ്റ് മാസത്തിൽ പേയിളകുന്ന പട്ടിയുടെ പേയ് എങ്ങനെ നിറുത്താം? (3) പൊക്കത്തിൽനിന്നു വീണാലൊടിക്കലും ചതയാത്ത വസ്തു എന്തു്? (4) പുള്ളിപ്പുലിയുടെ പുള്ളി എങ്ങനെ മാററാം? (5) വേനൽക്കാലത്തു് 50 പറ നെല്ലു് ഉണക്കിയെടുക്കുന്നവൻ വർഷകാലത്തു് എന്തെടുക്കും?

(ഉത്തരം 8-ാം പേജിൽ)




മിസ്സ് ഏലി എന്ന കോളെജ് വിദ്യാർത്ഥിനിയെ കാണണമെന്നുപറഞ്ഞു് ചെന്ന യുവാവിനോടു് ഹോസ്റ്റൽ വാർഡനായ അദ്ധ്യാപിക ചോദിച്ചു:

"നിങ്ങൾ ആരാണു്?"

യുവാവു്: "ഞാൻ ഏലിയുടെ ആങ്ങളയാണു്. മിസ്ട്രസ്സിനെ എനിക്ക മനസ്സിലായില്ലല്ലോ?"

വാർഡൻ: "ഞാൻ ഏലിയുടെ അമ്മയാണു്."

* * *

ഒരു വൃദ്ധപിതാവു് മകന്റെ ബുദ്ധിസാമർത്ഥ്യത്തിൽ അഭിമാനം കൊള്ളുകയാണു്: "നമ്മുടെ കുഞ്ഞുവറീയതുണ്ടല്ലോ. അവൻ കണക്കിനു വളരെ മിടുക്കനാണു്. കഴിഞ്ഞ പരീക്ഷയ്ക്കു 56 മാർക്കു കിട്ടിയതു്. വേണമെങ്കി അവനു നൂറിനു നൂറും കിട്ടുവാനും, പിന്നെ നൂറും അവൻതന്നെ മേടിച്ചാ, മററാർക്കും ഒന്നും കിട്ടുകയില്ലല്ലോ എന്നോർത്തു വേണ്ടാന്നു വച്ചു."

* * *

തൊമ്മനു് മലയാളംതന്നെ നല്ലപോലെ എഴുതാനും വായിക്കാനും അറിഞ്ഞുകൂടായിരുന്നെങ്കിലും, ഇംഗ്ലീഷുഭാഷയിൽപ്പോലും വ്യുല്പത്തി സമ്പാദിച്ചുവെന്നു ഭാവിക്കുന്ന "മി. തോമസ്" ആയിട്ടാണു പട്ടാളത്തിൽനിന്നും അവൻ മടങ്ങിവന്നതു്. അവന്റെ വൃദ്ധമാതാവു് സ്വപുത്രനിലുണ്ടായ ഈ പരിവർത്തനത്തിൽ അത്ഭുതപ്പെടാറുണ്ടു്, അഭിമാനം കൊള്ളാറുണ്ടു്; അവന്റെ വീരപരാക്രമങ്ങളുടെ ചരിത്രം അവന്റെ അധരങ്ങളിൽനിന്നുതന്നെ ശ്രവിച്ചു് ആനന്ദനിർവൃതിയടയാറുണ്ടു്. ഒരുദിവസം അയൽവക്കത്തെ ജോണി പത്തുരൂപയുടെ ഒരു നോട്ട് മാറാനായി വന്നു. അപ്പോൾ മി. തോമസ് അമ്മയോടു ചോദിക്കയാണു്: "അമ്മേ! ഇവിടെ പത്തു് ഉറുപ്പികയ്ക്കു ചെയിഞ്ചു കാണുമോ?"

വൃദ്ധ: "എന്തിനാ മോനേ, ജോണിക്കു ഇത്രയധികം ശ്രൂപോടെ കൊഞ്ചു്? വല്ല കല്യാണമാവട്ടെ ഒണ്ടോ?"

* * *

അദ്ധ്യാപകൻ: "നേരം വെളുക്കുന്നതു് എപ്പോഴാണു്?"

വിദ്യാർത്ഥി: "സൂര്യനുദിക്കുമ്പോൾ."

അദ്ധ്യാ: "നേരം സന്ധ്യയാകുന്നതു് എപ്പോഴാണു്?"

വിദ്യാർത്ഥി: "അമ്മ വിളക്കു കത്തിക്കുമ്പോൾ."

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 ‖ ERNAKULAM. SEPTEMBER 13, 1950 ‖ No. 5


# പുതിയ മെത്രാന്മാർ

ചങ്ങനാശേരി പാലാ രൂപതകളുടെ നിയുക്തമെത്രാന്മാരെപ്പറ്റി അനധികൃതവും അധികൃതവുമായ ചില വാർത്തകൾ പത്രപംക്തികളിൽ സ്ഥലംപിടിക്കുകയും നാടൊക്കെ പരക്കുകയും ചെയ്തിട്ടു കുറെ നാളായല്ലോ. ഏതത്സംബന്ധമായ ഔദ്യോഗിക വിവരങ്ങൾ കഴിഞ്ഞയാഴ്ചയിലാണു കേരളസുറിയാനിസഭാധ്യക്ഷനായ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിക്കും ചങ്ങനാശേരി വികാർ കാപ്പിറ്റുലർ അവർകൾക്കും ലഭിച്ചതു്. അതേത്തുടർന്നു കേരളത്തിലെ, വിശിഷ്യ പാലാ ചങ്ങനാശേരി പ്രദേശങ്ങളിലെ, കത്തോലികാന്തരീക്ഷം അഭൂതപൂർവ്വകമായ ചൈതന്യപ്രകർഷത്താലും ആനന്ദത്താലും മുഖരിതമായിരിക്കുന്നു. റൈററ് റവ. മോൺ. മത്യു കാവുകാട്ടു ബി. എ., റൈററ് റവ. മോൺ. എമ്മാനുവൽ വയലിൽകല്ലുപുര ബി. എ. എൽ. ടി. എന്നീ വൈദികവര്യരാണു് യഥാക്രമം ചങ്ങനാശേരി, പാലാ എന്നീ രൂപതകളുടെ അധ്യക്ഷന്മാരായി നിയുക്തരായിരിക്കുന്നതു്. സമുന്നതമായ മെത്രാൻപദമലങ്കരിക്കുന്നതിനു് ഈ അഭിവന്ദ്യതിരുമേനിമാർ സർവ്വഥാ യോഗ്യരാണെന്നുള്ളതു, പരിശുദ്ധപിതാവു് കൂലങ്കഷമായ അന്വേഷണത്തിനും പര്യാലോചനയ്ക്കും ശേഷം അവരെ പ്രസ്തുത സ്ഥാനത്തേക്കു് ഉയർത്തുവാൻ തിരുവുള്ളമുണ്ടായി എന്ന ഏകസംഗതിയിൽനിന്നുതന്നെ, സുതരാം വ്യക്തമാണല്ലോ. തിരുമേനിമാരുമായി അടുത്തു പരിചയിച്ചിട്ടുള്ള വൈദികരും അത്മേനികളുമായ ഏവരും ഐകകണ്ഠ്യേന പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളും അതിനെ സ്ഥിരീകരിക്കയും ചെയ്യുന്നു. ദൈവഭക്തി, കർമ്മപാടവം, വിജ്ഞാനസമ്പത്തു്, പ്രശസ്തപാരമ്പര്യം എന്നിങ്ങനെയുള്ള വിശിഷ്ടഗുണങ്ങളാൽ അലംകൃതരായ ഈ വന്ദ്യ തിരുമേനിമാരുടെ രൂപതാഭരണം വിജയശ്രീലാളിതമായിരിക്കുമെന്നതിനു സംശയമില്ല. ഈദൃശരായ രണ്ടു വൈദികശ്രേഷ്ഠരെ തിരുസ്സഭയ്ക്കു പ്രദാനം ചെയ്തതിൽ അവരുടെ മാതൃവിദ്യാലയമായ മംഗലപ്പുഴ സെമ്മിനാരിക്കും അതിലെ അധികൃതർക്കും ന്യായമായി അഭിമാനം കൊള്ളാവുന്നതാണു്.

ഈ പുതിയ മെത്രാന്മാരുടെ നിയമനത്തോടുകൂടി കേരളസുറിയാനി സഭാചരിത്രത്തിൽ ഒരു പുതിയ അധ്യായം തുടങ്ങുന്നുവെന്നതു് പ്രസ്താവ്യമത്രെ. 1887-ലാണു് സുറിയാനിക്കാർക്കു തൃശ്ശൂർ, കോട്ടയം എന്നീ രണ്ടു വികാരിയാത്തുകൾ സ്ഥാപിതമായതു്. 1896-ൽ തൃശ്ശൂർ, എറണാകുളം, ചങ്ങനാശേരി എന്നീ വികാരിയാത്തുകൾ സ്ഥാപിതമാകയും അവയുടെ അധ്യക്ഷന്മാരായി മൂന്നു ഏതദ്ദേശീയ വൈദികശ്രേഷ്ഠന്മാർ നിയമിതരാകയും ചെയ്തു. 1911-ൽ തെക്കുംഭാഗക്കാരുടെ കോട്ടയംരൂപതകൂടി സംജാതമായി. ഏതദ്ദേശീയഭരണത്തിൽ കേരളസുറിയാനിസഭയ്ക്കുണ്ടായ അഭിവൃദ്ധിയിൽ സംതൃപ്തയായ സഭാമാതാവു് 1923-ൽ ഹൈരാർക്കികൂടി അനുവദിച്ചുകൊണ്ടു പുരോഗമനപരമായ പ്രസ്തുത സംരംഭങ്ങൾക്കു മകുടം ചാർത്തുകയുണ്ടായി. ഈ അനുകൂലപരിതഃസ്ഥിതികൾ സുറിയാനിസഭയുടെ ക്രമപ്രവൃദ്ധമായ വളർച്ചയ്ക്കു നിദാനമായി ഭവിച്ചു. 1950-ൽ മാർ ഈവാനിയോസു തിരുമേനിയും മാർ തിയോഫിലസു തിരുമേനിയും സഭയുമായി പുനരൈക്യപ്പെട്ടതും തിരുവനന്തപുരം, തിരുവല്ല എന്ന രണ്ടു രൂപതകൾ സ്ഥാപിതമായതും ചരിത്രം സൃഷ്ടിച്ച സംഭവങ്ങളത്രെ. ഇപ്പോഴിതാ, കാലത്തിന്റെ തികവിൽ ഭരണസൗകര്യം പ്രമാണിച്ചും ഒരു വലിയ ഭാഗം ജനങ്ങളുടെ ന്യായമായ അഭിലാഷങ്ങളെ പരിഗണിച്ചും, ചങ്ങനാശേരിരൂപത രണ്ടായി വിഭജിക്കുന്നതിനു റോമാസിംഹാസനം തിരുമനസ്സാകയും ചെയ്തിരിക്കുന്നു. അവിഭക്തചങ്ങനാശേരി രൂപതയിലെ ആകെ ജനസംഖ്യ 418,197 ആണു്. രൂപതയിൽ 10 ഫൊറോനകൾ ഉൾപ്പെടെ ആകെ 166 ഇടവകപ്പള്ളികളും 25 മിഷൻ പള്ളികളും 14 കുരിശുപള്ളികളും 146 കപ്പേളകളും 11 കൊവേന്തകളും 65 കന്യാസ്ത്രീമഠങ്ങളും 366 ഇടവകവൈദികരും 151 സന്യാസവൈദികരുമുണ്ടു്. മിഷൻവേലയ്ക്കായി രൂപത വിട്ടുപോയ വൈദികരുടെ സംഖ്യ 162 ആണു്. രണ്ടു ഒന്നാം ഗ്രേഡ് കോളേജുകൾ ഉൾപ്പെടെ അനേകം വിദ്യാലയങ്ങളും ഈ രൂപതയിലുണ്ടു്. ഏവംവിധം ഭാരതത്തിലെ രൂപതകളുടെ ഗണത്തിൽ സർവ്വപ്രകാരേണയും മുന്നണിയിൽ നില്ക്കുന്ന ചങ്ങനാശേരിയെ രണ്ടായി വിഭജിക്കാൻ തിരുമനസ്സായതു് ഏറ്റവും കാലോചിതമായിട്ടുണ്ടെന്നതിനു ദ്വിപക്ഷമില്ല. പുതിയ രൂപതയുടെ തലസ്ഥാനമായി മീനച്ചിൽ താലൂക്കിലെ ഒരു പ്രമുഖ കത്തോലിക്കാകേന്ദ്രമായ പാലാ തിരഞ്ഞെടുക്കപ്പെട്ടതു സമുചിതമായിരിക്കുന്നു. പൊതുജനപരിശ്രമഫലമായി അവിടെയൊരു ഒന്നാം ഗ്രേഡ് കോളേജ് ചുരുങ്ങിയ കാലയളവിൽ സ്ഥാപിതമായിക്കഴിഞ്ഞുവെന്നതുതന്നെ തദ്ദേശവാസികളുടെ പുരോഗമനാത്മകമായ വീക്ഷണത്തിനും കർമ്മകുശലതയ്ക്കും മതിയായ തെളിവാണല്ലോ.

ചങ്ങനാശേരിരൂപതയുടെ ഈ വിഭജനവും അഭിവന്ദ്യതിരുമേനിമാരുടെ നിയമനവും ദൈവത്തിന്റെ ഉപരിമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉപകരിക്കുമാറാകട്ടെ. വന്ദ്യതിരുമേനിമാർക്കു ഞങ്ങളുടെ വിനയസമന്വിതമായ അനുമോദനങ്ങളും ഭാവുകാശംസകളും സമർപ്പിച്ചുകൊള്ളുന്നു. കേരളസഭാചരിത്രത്തിൽ മായാമുദ്രകൾ പതിച്ചിട്ടുള്ള വിശ്രുതനായ മാർ ജയിംസ് കാളാശ്ശേരി തിരുമനസ്സിലെ അകാലനിര്യാണം നിമിത്തം പൊട്ടിപ്പുറപ്പെട്ട കണ്ണുനീർച്ചാലുകൾ, അവിടുത്തെ പിൻഗാമികളായി രണ്ടു മേലധ്യക്ഷന്മാരെ ലഭിച്ചതോടെ, സൗഭാഗ്യസമുദ്രത്തിൽ ഒഴുകിച്ചേർന്നിരിക്കയാണല്ലോ. ഏവംവിധം അനുഗൃഹീതരായിഭവിച്ചിരിക്കുന്ന അജഗണങ്ങൾക്കും ഞങ്ങളുടെ ഹാർദ്ദമായ അനുമോദനങ്ങൾ.

# കത്തോലിക്കർക്കു വിദ്യാലയം വിശ്വാസത്തിന്റെ കോട്ടയാണ്

കത്തോലിക്കർക്കു കത്തോലിക്കാവിദ്യാലയങ്ങൾ സ്ഥാപിക്കുവാനും നടത്തുവാനുമുള്ള അവകാശം ഇൻഡ്യൻ ഭരണഘടനയുടെ ദൃഷ്ടിയിലും ദേശീയത്വത്തിന്റെ ദൃഷ്ടിയിലും അലംഘനീയമാണെന്നു് മുന്നൊരു ലേഖനത്തിൽ (ലക്കം 3) ഞങ്ങൾ സമർത്ഥിച്ചിരുന്നല്ലോ. പ്രസ്തുതാവകാശം അവർക്കു യഥേഷ്ടം ഉപേക്ഷിക്കാവുന്നതല്ല; പ്രത്യുത പരിതസ്ഥിതികളനുസരിച്ചു് അതു പ്രയോഗത്തിൽവരുത്തേണ്ടതു് അവരുടെ അനുപേക്ഷണീയമായ കർത്തവ്യവുമാണു്. ഈ കർത്തവ്യം അവരനുസരിക്കുന്ന മതവിശ്വാസം അവരിൽ ചുമത്തുന്നതാകകൊണ്ടു് അതിനു സർവ്വോപരിയായ, പ്രാധാന്യം അവർ കല്പിക്കേണ്ടതുമാണു്. ഈ വസ്തുതകൾ അന്യമതസ്ഥരായ സഹപൗരന്മാർ, അവരിൽ നിഷ്പക്ഷബുദ്ധിയും നീതിബോധവും ഉള്ളവർപോലും, വേണ്ടവിധം ഗ്രഹിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. എന്തിനു്; കത്തോലിക്കാ ജനങ്ങളിൽത്തന്നെ എല്ലാവരും അതു വേണ്ടപോലെ ഗ്രഹിച്ചിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. "സെക്കൻററി വിദ്യാഭ്യാസപ്രശ്നം" എന്ന ശീർഷകത്തിൽ, കൊച്ചി അധ്യാപകസംഘം പ്രസിഡണ്ടിന്റേതായി ഒരു പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന പ്രസ്താവനയിലെ ചില വാക്യങ്ങൾ ഈ സംശയത്തെ പിന്താങ്ങുന്നുണ്ടു്. തന്മൂലം കത്തോലിക്കാവിദ്യാലയങ്ങൾ സ്ഥാപിക്കുവാനും നടത്തുവാനും കത്തോലിക്കർക്കുള്ള മതപരമായ കർത്തവ്യത്തെ കുറഞ്ഞൊന്നു വിശദീകരിക്കുന്നതു സന്ദർഭോചിതമായിരിക്കും.

### കത്തോലിക്കരുടെ മതസ്വാതന്ത്ര്യം ഭരണഘടന അംഗീകരിക്കുന്നു

ആദ്യമായി ചൂണ്ടിക്കാണിക്കുവാനുള്ളതു് ഇൻഡ്യൻ ഭരണഘടനയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മതസ്വാതന്ത്ര്യാവകാശമാണു്. അതിലെ 3-ാം ഭാഗത്തു് (Part III) മൗലികാവകാശങ്ങളുടെ ഗണത്തിൽ 25-ാം വകുപ്പിൽ (Article) മതസ്വാതന്ത്ര്യാവകാശം ഇപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു: "പൊതുവായ ക്രമത്തിനും സന്മാർഗ്ഗത്തിനും ആരോഗ്യത്തിനും ഈ വിഭാഗത്തിലെ ഇതരവ്യവസ്ഥകൾക്കും വിധേയമായി, മനസ്സാക്ഷിസ്വാതന്ത്ര്യവും മതം നിർബാധം അനുസരിക്കുവാനും അനുഷ്ഠിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള അവകാശവും സകല ആളുകൾക്കും തുല്യമായുണ്ടായിരിക്കേണ്ടതാണു്." ഇൻഡ്യായൂണിയനിലെ പൗരന്മാരായ സകല കത്തോലിക്കർക്കും അവരുടെ മനസ്സാക്ഷിയനുസരിച്ചു് അവരുടെ മതം അനുശാസിക്കുന്ന വിധത്തിലും പ്രവർത്തിക്കുവാൻ അവകാശമുണ്ടെന്നാണല്ലോ ഈ വ്യവസ്ഥയുടെ അർത്ഥം. അങ്ങനെയുള്ള പ്രവൃത്തികൾ പൊതുവായ ക്രമത്തിനു, സന്മാർഗ്ഗത്തിനും ആരോഗ്യത്തിനും മറ്റും വിധേയങ്ങളായിരിക്കണമെന്നുമാത്രം. കത്തോലിക്കാവിദ്യാലയങ്ങൾ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുന്നതു കത്തോലിക്കരുടെ മതപരമായ കർത്തവ്യമാണെങ്കിൽ അതനുഷ്ഠിക്കുന്നതിൽ അവരെ പ്രത്യക്ഷമായോ പരോക്ഷമായോ തടസ്സപ്പെടുത്തുവാൻ ഗവമെന്റിനോ ഇതരമതസ്ഥരായ പൗരന്മാർക്കോ പാടില്ലെന്നുമാണു് പ്രസ്തുത വ്യവസ്ഥയുടെ അർത്ഥം. എന്നാൽ കത്തോലിക്കാവിദ്യാലയങ്ങൾ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുന്നതു കത്തോലിക്കരുടെ മതപരമായ കർത്തവ്യമാണോ എന്നു അവരാണു് തീരുമാനിക്കേണ്ടതു്. അതിന്റെ യുക്തിയുക്തതയേയോ ആവശ്യകതയേയോ ഗവമെന്റിനും ഇതരമതസ്ഥരായ പൗരന്മാർക്കും ചോദ്യംചെയ്യുവാൻ ന്യായമില്ല. പ്രസ്തുത കർത്തവ്യം തങ്ങളുടെ മതം തങ്ങളിൽ ചുമത്തുന്നതാണെന്നു കത്തോലിക്കർ വാദിച്ചാൽ അതു വകവച്ചുകൊടുക്കുകയും അതിന്റെ പ്രയോഗത്തിനു വിഘ്നങ്ങളുണ്ടാക്കാതിരിക്കുകയും ചെയ്യുകയാണു് ഗവമെന്റിന്റേയും ഇതരമതസ്ഥരായ പൗരന്മാരുടേയും കടമ.

### ലോകരാജ്യപൗരത്വവും ദൈവരാജ്യപൗരത്വവും

ഏതു രാജ്യത്തിലേയും ബാലികാബാലന്മാർ അതിലെ ഭാവിപൗരന്മാരാണെന്നു് സകലരും സമ്മതിക്കുന്നു. ആ നിലയിൽ അവർക്കു് പൗരധർമ്മനിർവ്വഹണത്തിനു ആവശ്യകമായ വിദ്യാഭ്യാസം നല്കേണ്ടതാണെന്നു സകലർക്കും ബോധ്യമാണു്. ഈ ന്യായത്താലത്രെ ഇതര രാജ്യങ്ങളിലെപ്പോലെ ഇന്നാട്ടിലും സാർവ്വത്രികമായ വിദ്യാഭ്യാസം, അതും നിർബന്ധമായിത്തന്നെ, ബാലികാബാലന്മാർക്കു് നല്കേണ്ടതാണെന്ന ദൃഢമായ അഭിപ്രായം സ്വീകരിച്ചുപോരുന്നതു്. ഇതെല്ലാം കത്തോലിക്കർക്കു ബോധ്യമാണുതാനും. തന്മൂലം ബാലികാബാലന്മാരുടെ പൗരപരമായ വിദ്യാഭ്യാസപ്രവർത്തനങ്ങളെ അവർ സസന്തോഷം സ്വാഗതംചെയ്യുകയും അവയിൽ ഹൃദയപൂർവ്വം പങ്കുകൊള്ളുകയും ചെയ്യുന്നു.

എന്നാൽ കത്തോലിക്കാ ബാലികാബാലന്മാരുടെ ഭാവിപൗരത്വത്തിനു്, അവരുടെ മതവിശ്വാസമനുസരിച്ചു്, ഒരു വിശേഷതയുണ്ടു്. ഈ ലോകരാജ്യത്തിലെ ഭാവിപൗരന്മാരായിരിക്കുന്നതിനുപുറമെ, അവർ പരലോകരാജ്യത്തിലെ (ദൈവരാജ്യത്തിലെ) ഭാവിപൗരന്മാരുമാണു്. ആ നിലയിൽ അവർക്കു് ഈ ലോകരാജ്യത്തിലെ പൗരത്വം സംബന്ധിച്ചുള്ള വിദ്യാഭ്യാസം ലഭിച്ചാൽ പോരാ; പ്രത്യുത ദൈവരാജ്യത്തിലെ പൗരത്വം സംബന്ധിച്ചുള്ള വിദ്യാഭ്യാസംകൂടി ലഭിക്കേണ്ടിയിരിക്കുന്നു. ഈ ലോകരാജ്യത്തിലെ പൗരത്വം സംബന്ധിച്ചുള്ള വിദ്യാഭ്യാസം തങ്ങൾക്കു ലഭിക്കേണ്ടതു് തങ്ങൾ അംഗങ്ങളായിരിക്കുന്ന രാഷ്ട്രത്തിന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലുമായിരിക്കണമെന്നു് അവർക്കറിയാം. അതേസമയംതന്നെ, ദൈവരാജ്യത്തിലെ പൗരത്വം സംബന്ധിച്ചുള്ള വിദ്യാഭ്യാസം തങ്ങൾക്കു ലഭിക്കേണ്ടതു്, തങ്ങൾ അംഗങ്ങളായിരിക്കുന്ന കത്തോലിക്കാതിരുസ്സഭയുടെ നേതൃത്വത്തിലും നിയന്ത്രണത്തിലുമായിരിക്കണമെന്നു കത്തോലിക്കർക്കറിയാം. ഈ രണ്ടാമതുപറഞ്ഞ വിദ്യാഭ്യാസത്തെയാണു് അവർ മതപരമെന്നു വിളിക്കുന്നതു്. ആകയാൽ കത്തോലിക്കരുടെ മതവിശ്വാസമനുസരിച്ചു് അവരുടെ വിദ്യാഭ്യാസം പൂർണ്ണമാകണമെങ്കിൽ, അതു പൗരപരമായിരിക്കുന്നതിനും പുറമെ മതപരവുമായിരിക്കണം. പൗരപരവിദ്യാഭ്യാസത്തിനു് അവർ രാഷ്ട്രത്തെ ആശ്രയിക്കുന്നതുപോലെ, മതപരവിദ്യാഭ്യാസത്തിനു് തിരുസ്സഭയെ ആശ്രയിക്കുന്നു. പൗരപരവിദ്യാഭ്യാസം അവർക്കു നല്കാൻ രാഷ്ട്രത്തിനു ചുമതലയുള്ളതുപോലെ, മതപരവിദ്യാഭ്യാസം അവർക്കു നല്കാൻ തിരുസ്സഭയ്ക്കു ചുമതലയുണ്ടു്. തിരുസ്സഭയിൽനിന്നു മതപരവിദ്യാഭ്യാസം ലഭിക്കുവാൻ കത്തോലിക്കാ ബാലികാബാലന്മാർക്കുള്ള പ്രസ്തുതാവകാശവും, അവർക്കു നല്കുവാൻ തിരുസ്സഭയ്ക്കുള്ള പ്രസ്തുതകർത്തവ്യവുമാണു് കത്തോലിക്കാവിദ്യാലയങ്ങളുടെ സ്ഥാപനത്തിനും നടത്തിപ്പിനും പ്രേരകമായിരിക്കുന്നതു്.

### കത്തോലിക്കരുടെ മതപരവിദ്യാഭ്യാസത്തിനു കത്തോലിക്കാവിദ്യാലയം ആവശ്യകം

ഇൻഡ്യായൂണിയൻ മതേതരരാഷ്ട്രമാകുന്നു. അതിന്റെ ആദർശമനുസരിച്ചു് ഗവമെന്റുസ്കൂളുകളിൽ ഒരു മതവും പഠിപ്പിച്ചുകൂടെന്നാണു വ്യവസ്ഥ. എന്നാൽ മതേതരരാഷ്ട്രം മതപഠനത്തിനു സ്വതവേ എതിരല്ല. മതപഠനം തങ്ങളുടെ കുട്ടികൾക്കു ആവശ്യകമാണെന്നു ബോധ്യമുള്ളവർക്കു്, അതുവേണമെന്നാഗ്രഹമുള്ളവർക്കു്, സ്വന്തം സ്കൂളുകൾ സ്ഥാപിക്കുവാൻ നമ്മുടെ മതേതരരാഷ്ട്രം സ്വാതന്ത്ര്യം നല്കിയിട്ടുണ്ടു്. ഗവമെന്റിന്റെ വിദ്യാഭ്യാസപദ്ധതിയനുസരിച്ചു് ആ സ്കൂളുകളിൽ പൗരപരവിദ്യാഭ്യാസം നല്കുന്നെങ്കിൽ അവയ്ക്കു് അംഗീകരണവും സഹായധനവും ലഭിക്കുവാനുള്ള അവകാശവും നമ്മുടെ മതേതരരാഷ്ട്രം അനുവദിച്ചിട്ടുണ്ടു്. ആ വിദ്യാലയങ്ങളിൽ, അവ നടത്തുന്ന മതക്കാർക്കു് അവരുടെ കുട്ടികളെ അവരുടെ മതം പഠിപ്പിക്കുവാനുള്ള സ്വാതന്ത്ര്യവും നമ്മുടെ മതേതരരാഷ്ട്രം നല്കിയിട്ടുണ്ടു്. മതപഠനം മുറയ്ക്കുള്ള ക്ലാസ്സ്സമയത്തിനു മുമ്പോ പിമ്പോമാത്രം നടത്തണമെന്നും, ഇതരമതസ്ഥരായ വിദ്യാർത്ഥികളെ അവരുടേയോ രക്ഷാകർത്താക്കളുടേയോ സമ്മതംകൂടാതെ അതിൽ സംബന്ധിപ്പിക്കരുതെന്നും വ്യവസ്ഥചെയ്തിട്ടുമുണ്ടു്. ഈ കാര്യങ്ങളെല്ലാം കഴിഞ്ഞ ലേഖനത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഈ പരിതസ്ഥിതികളിലാണു് കത്തോലിക്കാവിദ്യാലയങ്ങൾ സ്ഥാപിക്കുന്നതും നടത്തുന്നതും. കത്തോലിക്കാവിദ്യാലയങ്ങളിലല്ലാതെ കത്തോലിക്കാ ബാലികാബാലന്മാർക്കു് അത്യാവശ്യകമായ മതപഠനവും മതപരിശീലനവും ലഭിക്കുവാൻ സാധ്യമല്ല.

കത്തോലിക്കാമതപഠനം ഏറെക്കുറെ പൂർണ്ണവും കാര്യക്ഷമവുമാകണമെങ്കിൽ വിദ്യാർത്ഥികൾ അതു പലകൊല്ലം തുടരെ പഠിക്കേണ്ടിയിരിക്കുന്നു. പൗരപരമായ പഠനത്തിനു ദിവസത്തിൽ അഞ്ചാറു മണിക്കൂർ വിനിയോഗിക്കുമ്പോൾ മതപരമായ പഠനത്തിനു ക

ഷ്ടിച്ച് ഒരു മണിക്കൂറേ വിനിയോഗിക്കുന്നുള്ളു. ആകയാൽ പൗരപരമായ പഠനത്തിന്റെ കാലത്തോളംതന്നെ മതപരമായ പഠനത്തിന്റെ കാലവും ദീർഘിപ്പിക്കേണ്ടിവരും. പൗരപരമായ പഠനം കുട്ടികൾക്ക് അവരുടെ ഗൃഹങ്ങളിൽവച്ചു നല്കുവാൻ പ്രായോഗികമായ വൈഷമ്യങ്ങളുള്ളതുപോലെതന്നെ, അതു നല്കാൻ പ്രത്യേകസ്ഥലവും ആളുകളും വേണ്ടിയിരിക്കുന്നതുപോലെ തന്നെ, മതപരമായ പഠനത്തിന്റെ കാര്യത്തിലും വൈഷമ്യങ്ങളുണ്ട്; പ്രത്യേകം സ്ഥലവും ആളുകളും ആവശ്യവുമാണ്. പൗരപരമായ പഠനത്തിനുള്ള വിദ്യാലയങ്ങളിൽ നിന്നു വേർപെട്ട സ്ഥലങ്ങൾ മതപരമായ പഠനത്തിന് ഏർപ്പാടുചെയ്യാമെന്നുവച്ചാൽ, സൗകര്യമായും കൃത്യസമയത്തും കുട്ടികൾ അവിടെ സന്നിഹിതരാകുമെന്നു പ്രതീക്ഷിക്കാവുന്നതല്ല. ഞായറാഴ്ചതോറും പള്ളിപ്പരിസരങ്ങളിലും മറ്റും ഒരു മണിക്കൂർനേരത്തേക്കു നടത്താറുള്ള വേദപാഠങ്ങൾ കുട്ടികളുടെ പൂർണ്ണവും കാര്യക്ഷമവുമായ മതപഠനത്തിനു മതിയാകയുമില്ല. ഇക്കാരണങ്ങളാൽ പൗരപരമായ പഠനം നടത്തുന്ന വിദ്യാലയങ്ങളിൽവച്ചുതന്നെ, ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി, കത്തോലിക്കാകുട്ടികളുടെ മതപരമായ പഠനവും നടത്തുകയാണ് പ്രായോഗികമായ ഏകമാർഗ്ഗം. കത്തോലിക്കർ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സ്വന്തം വിദ്യാലയങ്ങൾ നടത്തുവാൻ ആഗ്രഹിക്കുകയും, അതിനു വേണ്ടി വാദിക്കുകയും, അതിനായി എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധരാവുകയും ചെയ്യുന്നതിന്റെ യുക്തിയും അടിസ്ഥാനവും ഇതൊക്കെയാണ്. ഈ വസ്തുതകൾ ശരിയായി ഗ്രഹിച്ചിട്ടുള്ളതുകൊണ്ടായിരിക്കണം, ഇൻഡ്യായൂണിയനിലെ ഭരണഘടനയുടെ നിർമ്മാതാക്കൾ മതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ന്യൂനപക്ഷങ്ങൾക്കു സ്വന്തം വിദ്യാലയങ്ങൾ സ്ഥാപിക്കുവാനും അവയിൽ മേൽപ്രസ്താവിച്ച വ്യവസ്ഥകൾക്കുള്ളിൽ മതപഠനം നടത്തുവാനും അവകാശമുണ്ടായിരിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളത്. തന്മൂലം ഇൻഡ്യായൂണിയനിലെ പ്രാദേശികഗവമെന്റുകളും അന്യമതസ്ഥരായ സഹപൗരന്മാരും കത്തോലിക്കാവിദ്യാലയത്തിനു വേണ്ടിയുള്ള കത്തോലിക്കരുടെ അവകാശവാദത്തേയും ഉൽക്കണ്ഠയേയും പരിശ്രമത്തേയും ത്യാഗത്തേയും മതപരമായ സഹിഷ്ണുതാബുദ്ധിയോടും സദ്വിധേനയുമുള്ള സഹാനുഭൂതിയോടുംകൂടി വീക്ഷിക്കുവാൻ ന്യായമില്ലയോ?

## കത്തോലിക്കാസ്കൂൾമാനേജർമാരുടെ അവകാശവാദങ്ങൾ

പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തിന്റേയും മറ്റും കാര്യത്തിൽ തിരു-കൊച്ചിയിലെ വിദ്യാഭ്യാസാധികൃതന്മാരും അദ്ധ്യാപകപ്രതിനിധികളും മാനേജ്മെന്റു പ്രതിനിധികളും തമ്മിൽ ഈയിടെ ആലോചനകൾ നടത്തുകയും, അതിന്റെ അവസാനഫലമായി ഗവമെന്റിൽനിന്നു ഒരു പ്രൊസീഡിംഗ്സ് പുറപ്പെടുവിക്കുകയും ചെയ്തല്ലോ. അതിൽ ഹെഡ്മാസ്റ്റർമാരുടേയും മറ്റദ്ധ്യാപകന്മാരുടേയും നിയമനം സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രത്യേകിച്ചും കത്തോലിക്കാസ്കൂൾ മാനേജർമാർക്കു സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്ന് അവർ നിവേദിപ്പിക്കുകയും പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. കത്തോലിക്കാവിദ്യാലയങ്ങളുടെ സ്വഭാവത്തേയും കത്തോലിക്കർക്ക് അവയുടെ ആവശ്യകതയേയും കുറിച്ചു മുകളിൽ വിവരിച്ച തത്വങ്ങളുടേയും വസ്തുതകളുടേയും വെളിച്ചത്തിൽ കത്തോലിക്കാമാനേജർമാരുടെ നില തികച്ചും സാധുവാണെന്നു ഗ്രഹിക്കുവാൻ പ്രയാസമില്ല. "ചില തൽപരകക്ഷികൾ ഇറക്കുന്ന പ്രസ്താവന"യെന്നും, "അദ്ധ്യാപകന്മാരേയും വിദ്യാർത്ഥികളേയും ചൂഷണംചെയ്യുവാനുള്ള സംരംഭ"മെന്നും "പ്രൈവറ്റു വിദ്യാലയങ്ങൾ നടത്തുന്നതു ജനസേവനമാണെ"ന്നുള്ള തത്വത്തിനു വിരുദ്ധമെന്നും അവരുടെ നിലയെ ആക്ഷേപിക്കുന്നതു കത്തോലിക്കാവിദ്യാലയങ്ങളുടെ സ്വഭാവവും ആവശ്യവും ശരിയായി മനസ്സിലാക്കാതിട്ടോ, മനസ്സിലായിട്ടും മറ്റുവീക്ഷണകോണത്തിൽനിന്നു ചിന്തിച്ചിട്ടോ ആണെന്നുവേണം വിചാരിക്കുവാൻ. കത്തോലിക്കാവിദ്യാലയങ്ങൾ നടത്തുന്നതു സാക്ഷാൽ ജനസേവനംതന്നെയാകുന്നു. ആ സേവനത്തിന്റെ ഫലം കത്തോലിക്കാജനങ്ങൾക്കെന്നപോലെതന്നെ, കത്തോലിക്കരല്ലാത്ത ജനങ്ങൾക്കും ശരിക്കു ലഭിക്കുന്നുമുണ്ട്. എന്നാൽ പൗരപരമായ പഠനംസംബന്ധിച്ചുള്ള സേവനം സകല വിദ്യാർത്ഥികൾക്കും ഒരുപോലെ നല്കണമെന്നുള്ളതിനുപുറമെ, മതപരമായ പഠനം സംബന്ധിച്ചുള്ള സേവനം കത്തോലിക്കാവിദ്യാർത്ഥികൾക്കു നല്കണമെന്നുള്ള ഉദ്ദേശം കത്തോലിക്കാവിദ്യാലയങ്ങൾക്കുണ്ടെന്നു വിസ്മരിക്കരുത്. ഒന്നാമതു പറഞ്ഞ സാമാന്യമായ സേവനത്തിനു യാതൊരു ഭംഗമോ കോട്ടമോ തട്ടാത്തവിധത്തിൽ രണ്ടാമതു പറഞ്ഞ പ്രത്യേകസേവനം നിർവ്വഹിക്കുവാൻ തങ്ങൾക്കു സ്വാതന്ത്ര്യവും സൗകര്യവും ലഭിക്കണമെന്നേ കത്തോലിക്കാമാനേജർമാരുടെ നിവേദനത്തിനും പ്രസ്താവനയ്ക്കും അർത്ഥമുള്ളു. ഈ സ്വാതന്ത്ര്യവും സൗകര്യവും കത്തോലിക്കാവിദ്യാലയാധികൃതർക്കു സ്വായത്തമാകണമെങ്കിൽ, ഹെഡ്മാസ്റ്റർമാരുടേയും മറ്റദ്ധ്യാപകന്മാരുടേയും നിയമനകാര്യത്തിൽ ഇപ്പോൾ നിലവിലുള്ള അവരുടെ അധികാരത്തിൽ യാതൊരു കുറവും ഉണ്ടാകരുതെന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാക്കാം.

## അദ്ധ്യാപകരുടെ നിയമനം

കത്തോലിക്കാവിദ്യാലയങ്ങളിൽ കത്തോലിക്കാവിദ്യാർത്ഥികൾക്കു നല്കണമെന്നാഗ്രഹിക്കുന്ന മതപരമായ പഠനത്തിലും പരിശീലനത്തിലും രണ്ടു ഘടകങ്ങൾ ഉൾപ്പെടുന്നുണ്ട്. ഒന്ന്, അവശ്യം ചേരാത്തതായി ഒഴിച്ചുനിർത്തേണ്ട ഘടകം (Negative); മറ്റേത് അവശ്യം ചേർക്കേണ്ടതായി പ്രയോഗിക്കേണ്ട ഘടകം (Positive). കത്തോലിക്കാ മതവിശ്വാസത്തിനു വിപരീതമോ വിയോജ്യമോ ആയ ആശയങ്ങളുടെ പ്രകാശനവും, തദനുസാരമായ നടപടികളും കത്തോലിക്കാവിദ്യാലയത്തിലെ ബോധനങ്ങളിലും ശിക്ഷണരീതിയിലും മറ്റും കടന്നുകൂടാതിരിക്കുവാൻ ശ്രദ്ധിക്കുന്നതിലാണ് ആദ്യത്തെ ഘടകം അടങ്ങിയിരിക്കുന്നത്. ഇതു ശരിക്കു സാധിക്കണമെങ്കിൽ, അദ്ധ്യാപകന്മാർ പൊതുവിലും ഹെഡ്മാസ്റ്റർ പ്രത്യേകിച്ചും യഥാർത്ഥമായ മതസഹിഷ്ണുതയുള്ളവരായിരിക്കണം; കത്തോലിക്കാ സ്കൂളധികാരികൾക്കും കത്തോലിക്കാരക്ഷാകർത്താക്കൾക്കുമുള്ള മനോഭാവത്തെ പരമാർത്ഥമായ സഹാനുഭൂതിയോടുകൂടി വീക്ഷിക്കുന്നവരായിരിക്കണം അവർ. അങ്ങനെയുള്ള അദ്ധ്യാപകന്മാരെ, ഹെഡ്മാസ്റ്ററെ പ്രത്യേകിച്ചും, ജാതിമതഭേദചിന്തകൂടാതെതന്നെ തിരഞ്ഞെടുത്തു നിശ്ചയിക്കുവാനുള്ള സ്വാതന്ത്ര്യവും സൗകര്യവും കത്തോലിക്കാ മാനേജ്മെന്റുകൾക്കില്ലെങ്കിൽ, പ്രസ്തുത ഘടകത്തിന്റെ പ്രവർത്തനം കത്തോലിക്കാവിദ്യാലയങ്ങളിൽ സാദ്ധ്യമല്ല. ഇതിനെക്കാൾ പ്രധാനമാണ് രണ്ടാമത്തെ ഘടകത്തിന്റെ കാര്യം. മുറയ്ക്കുള്ള ക്ലാസ്സുസമയത്തിനു മുമ്പോ പിമ്പോ കത്തോലിക്കാവിദ്യാർത്ഥികൾക്കു മതപരമായ പഠനവും പരിശീലനവും അവർക്ക് ഏറ്റവും പ്രയോജനപ്പെടുന്നവിധത്തിലും, അന്യമതസ്ഥരായ വിദ്യാർത്ഥികൾക്ക് ഒട്ടും അസൗകര്യമാകാത്തവിധത്തിലും നടക്കണമെങ്കിൽ, വിദ്യാലയത്തിലെ പാഠപദ്ധതികൾ സംബന്ധിച്ചുള്ള സമയക്രമങ്ങളും മറ്റും നിശ്ചയിക്കുന്ന ഹെഡ്മാസ്റ്ററുടേയും അവ പ്രയോഗത്തിൽ വരുത്തുന്ന മറ്റദ്ധ്യാപകന്മാരുടേയും ഹൃദയപൂർവ്വകമായ സഹകരണവും സഹാനുഭൂതിയും അത്യാവശ്യകമാണ്. ആ ഗുണങ്ങളോടുകൂടിയ അദ്ധ്യാപകന്മാരെ പൊതുവിലും ഹെഡ്മാസ്റ്ററെ പ്രത്യേകിച്ചും തിരഞ്ഞെടുത്തു നിയമിക്കുവാനുള്ള സ്വാതന്ത്ര്യം മാനേജുമെന്റുകൾക്കില്ലെങ്കിൽ, രണ്ടാമത്തെ ഘടകത്തിന്റെ പ്രവർത്തനവും ദുസ്സാധമായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, കത്തോലിക്കാവിദ്യാർത്ഥികൾക്കു കത്തോലിക്കാ മതപരമായ പഠനവും പരിശീലനവും വിദ്യാഭ്യാസകോഡിലെ വ്യവസ്ഥകൾക്കു വിധേയമായി കഴിയുന്നതും പൂർണ്ണമായും കാര്യക്ഷമമായും നല്കണമെന്നുള്ള കത്തോലിക്കാവിദ്യാലയസ്ഥാപനത്തിന്റെ ഉദ്ദേശത്തിലെ ഭാഗം പ്രാവർത്തികമാകണമെങ്കിൽ, കത്തോലിക്കാ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ, അതിലും വിശേഷിച്ച് ഹെഡ്മാസ്റ്ററുടെ നിയമനത്തിൽ മാനേജ്മെന്റുകൾക്കു ന്യായമായ സ്വാതന്ത്ര്യമുണ്ടായിരിക്കണം. ന്യായമായ എന്നു പറഞ്ഞാൽ, വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ വ്യവസ്ഥയനുസരിച്ചുള്ള അക്കാഡമിക് യോഗ്യതകളോടുകൂടിയ അദ്ധ്യാപകന്മാരുടെ ഗണത്തിൽനിന്ന് ഇഷ്ടാനുസാരം ആരേയും തിരഞ്ഞെടുത്തു നിയമിക്കുവാനുള്ള സ്വാതന്ത്ര്യമെന്നർത്ഥം. അത്തരം സ്വാതന്ത്ര്യം ഇപ്പോൾ നിലവിലിരിക്കുന്നുണ്ട്. അതിനു കുറവു വരുത്തുവാൻ ആവശ്യകമായ പുതിയ പരിതസ്ഥിതികളൊന്നും ആവിർഭവിച്ചിട്ടില്ല. ഗവമെന്റിന്റെ പ്രസ്താവിത പ്രൊസീഡിംഗ്സിനു പ്രേരകമായ പുതിയ പരിതസ്ഥിതി, ഗവമെന്റു സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്രമവും സർവ്വീസ് ക്രമവും അനുസരിച്ചു പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടേതു ക്രമപ്പെടുത്തണമെന്നുള്ള അവകാശവാദമാണ്. ഈ പ്രശ്നവും, അദ്ധ്യാപകരുടെ നിയമനത്തിൽ മാനേജ്മെന്റുകൾക്കുള്ള അധികാരവ്യാപ്തിയുടെ പ്രശ്നവും തമ്മിൽ ആഭ്യന്തരമായ ഒരു ബന്ധവുമില്ല. തന്മൂലം രണ്ടു പ്രശ്നങ്ങളും തമ്മിൽ കൂട്ടിക്കുഴച്ച്, ആദ്യത്തേതിന്റെ പേരും പറഞ്ഞു രണ്ടാമത്തേതിൽ ഗവമെന്റു കൈകടത്തുന്നതു നീതീകരിക്കാവുന്നതല്ല.

## പുരോഗമനപരമല്ല

"എല്ലാ വിദ്യാലയങ്ങൾക്കും സഹായധനം കിട്ടാറാക്കിയതും, അദ്ധ്യാപകശമ്പളം വ്യവസ്ഥപ്പെടുത്തി മുഴുവൻതുകയും ഗവമെന്റിൽനിന്നു കൊടുക്കാമെന്നു സമ്മതിച്ചതും" പ്രൊസീഡിംഗ്സ് അംഗീകരിക്കുന്ന പുതിയ പദ്ധതിയിലെ "പുരോഗമനപരങ്ങളായ വശങ്ങളാണ്," സംശയമില്ല. എന്നാൽ മാനേജ്മെന്റുകളുടെ ന്യായമായ നിയമനസ്വാതന്ത്ര്യത്തിൽ കൈകടത്തി, "അധികൃതലിസ്റ്റിൽനിന്നു മാത്രമേ നിയമനങ്ങൾ നടത്താവൂ എന്നനുശാസിച്ചതു" തീർച്ചയായും പുരോഗമനപരമായ വശമല്ല. എന്താണു പുരോഗമനം? ഇംഗ്ലീഷിൽ അതിന്റെ പര്യായം Progress എന്നാണല്ലോ. രണ്ടു പദങ്ങളുടേയും അർത്ഥം ഓരോ അടിവച്ചു മുന്നോട്ടുപോവുകയെന്നാണ്. പോക്കു മുന്നോട്ടോ പിന്നോട്ടോ എന്നറിയുന്നതു അതിന്റെ ലക്ഷ്യത്തെ അപേക്ഷിച്ചാകുന്നു. ലക്ഷ്യത്തോട് അടുത്തുചെല്ലാൻ സഹായിക്കുന്ന ഓരോ അടിവയ്പും പുരോഗമനപരമായിരിക്കും; നേരേമറിച്ച് ലക്ഷ്യത്തിൽനിന്നു അകലുവാനിടയാക്കുന്ന ഓരോ അടിവയ്പും പുരോഗമനപരമായിരിക്കുകയില്ല, പ്രത്യുത പിന്തിരിപ്പനേ (Reactionary) ആയിരിക്കുകയുള്ളു. സർക്കാർസ്കൂളുകളിലെ അദ്ധ്യാപകന്മാർ ചെയ്യുന്ന സേവനംതന്നെ പ്രൈവറ്റ് സ്കൂളിലെ അദ്ധ്യാപകന്മാരും നിർവ്വഹിക്കുന്നതുകൊണ്ട്, ശമ്പളത്തിന്റേയും സർവ്വീസിന്റേയും കാര്യത്തിൽ ഇരുകൂട്ടർക്കും തുല്യനില ലഭിക്കുവാൻ അവകാശമുണ്ട്. നീതി അനുശാസിക്കുന്ന ആ ലക്ഷ്യത്തിൽ ചെന്നെത്തുവാൻ പുതിയ പദ്ധതിയിൽ സഹായധനവും അദ്ധ്യാപകശമ്പളവും സംബന്ധിച്ചുള്ള വ്യവസ്ഥകൾ യഥാർത്ഥത്തിൽ പുരോഗമനപരങ്ങളാണ്. എന്നാൽ "അധികൃതലിസ്റ്റിൽനിന്നുമാത്രമേ നിയമനങ്ങൾ നടത്താവൂ എന്നനുശാസിക്കുന്ന" വ്യവസ്ഥ മാനേജ്മെന്റുകളെ, കത്തോലിക്കാ മാനേജ്മെന്റുകളെ പ്രത്യേകിച്ചും, സംബന്ധിച്ചിടത്തോളം പുരോഗമനപരമല്ല, പ്രത്യുത പിന്തിരിപ്പനാണ്. കാരണം, കത്തോലിക്കാവിദ്യാലയങ്ങളുടെ നിയമാനുസൃതമായ ലക്ഷ്യം പ്രാപിക്കുന്നതിനു ആ വ്യവസ്ഥ സഹായിക്കുകയല്ല, തടസ്സപ്പെടുത്തുകയാണു ചെയ്യുന്നത്. കത്തോലിക്കാവിദ്യാലയത്തെ അതിന്റെ നിയമാനുസൃതമായ ലക്ഷ്യത്തോട് ആ വ്യവസ്ഥ അടുപ്പിക്കുകയല്ല, അതിൽനിന്നു കൂടുതൽ അകറ്റുകയാണു ചെയ്യുന്നത്. പ്രസ്തുതലക്ഷ്യമെന്തെന്നു മുകളിൽ സവിസ്തരം ചൂണ്ടിക്കാണിച്ചുവല്ലോ.

അവസാനമായി, കത്തോലിക്കാവിദ്യാലയങ്ങളും കത്തോലിക്കാവിശ്വാസവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പറ്റി ഇംഗ്ലണ്ടിലെ പ്രമുഖ കത്തോലിക്കാ അൽമേനിയായ ഹിലേർബെല്ലോക് (Belloc), സർവ്വരാജ്യപ്രസിദ്ധിയുള്ള ആ പണ്ഡിതൻ, പറഞ്ഞിട്ടുള്ള അർത്ഥഗർഭമായ വാക്കുകൾ ഉദ്ധരിച്ചുകൊള്ളുന്നു: "നമ്മുടെ (കത്തോലിക്കരുടെ) വിശ്വാസവും വിദ്യാലയങ്ങളും ഒരുമിച്ചു നില്ക്കുകയോ, ഒരുമിച്ചു വീഴുകയോ ചെയ്യും." ഈ ആപ്തവാക്യത്തിന്റെ ഏതാണ്ടൊരു വിശദീകരണമാണ് ഈ ലേഖനം. കത്തോലിക്കാ വിദ്യാലയങ്ങളിൽക്കൂടിയല്ലാതെ കത്തോലിക്കാ മതവിശ്വാസം കത്തോലിക്കാ ജനതതിയിൽ പരിരക്ഷിക്കുവാൻ സാദ്ധ്യമല്ല. കത്തോലിക്കാ വിദ്യാലയം കത്തോലിക്കർക്കില്ലെന്നുവന്നാൽ, കത്തോലിക്കാവിശ്വാസം അവർക്കു നഷ്ടപ്പെട്ടെന്നുവരും. ഇതുകൊണ്ടാണ് കത്തോലിക്കാവിശ്വാസം നശിപ്പിക്കുവാൻ പുറപ്പെടുന്ന നിരീശ്വരനിർമ്മത ഗവമെന്റുകൾ ലോകത്തിലെവിടെയും ആദ്യമായി കത്തോലിക്കാവിദ്യാലയങ്ങളെ ആക്രമിക്കുകയും അടിപ്പെടുത്തുകയും ചെയ്യാൻ ശ്രമിക്കുന്നത്. ഇതുകൊണ്ടുതന്നെയാണ് കത്തോലിക്കാവിശ്വാസം പരിരക്ഷിക്കുവാൻ അഭിലഷിക്കുന്ന കത്തോലിക്കർ എന്നും എവിടെയും എന്തു ത്യാഗം സഹിച്ചും അവരുടെ കത്തോലിക്കാവിദ്യാലയങ്ങൾ സംരക്ഷിക്കുന്നത്. കത്തോലിക്കർക്കു കത്തോലിക്കാവിദ്യാലയം അവരുടെ മതവിശ്വാസത്തെ സംരക്ഷിക്കുവാനുള്ള കോട്ടയാണെന്ന വസ്തുത ശരിയായി ഗ്രഹിക്കുകയും, നമ്മുടെ ഗവമെന്റുകളേയും ഇതരമതസ്ഥരായ സഹപൗരന്മാരേയും ഗ്രഹിപ്പിക്കുകയും ചെയ്യുകയാണ് കത്തോലിക്കരായ നമ്മുടെ പ്രഥമകർത്തവ്യം. അതു നാം വേണ്ടവിധം നിർവ്വഹിച്ചാൽ, കത്തോലിക്കാവിദ്യാലയങ്ങളുടെ കാര്യത്തിൽ കത്തോലിക്കരുടെ ഇടയിൽത്തന്നെ അങ്ങിങ്ങായി ഇപ്പോൾ ഉണ്ടെന്നു സംശയിക്കേണ്ട തെറ്റിദ്ധാരണ ഇല്ലാതാകും. നമ്മുടെ ഗവമെന്റുകളും ഇതരമതസ്ഥരായ സഹപൗരന്മാരും കത്തോലിക്കാ വിദ്യാലയങ്ങളെ യഥാതഥം എന്നല്ല, കൂടുതൽ അനുഭാവത്തോടും വീക്ഷിക്കുകയും ചെയ്യും.


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |



For favours received



Inserted by:
J. P. Maliekal


## സൗജന്യവിതരണ ഫണ്ട്

സി. ഇ. സി. മെമ്പേഴ്സ്, ഉള്ളനാട്ടു ക. 12—0—0

# വൈദികാധ്യക്ഷമംഗളം

(പ്രവിത്താനം, പി. എം. ദേവസ്യാ)

ഖ്യാതിക്കെന്നെന്നുമോമൽ പെരുമവഴിയുമച്ചങ്ങനാ ശ്ശേരിയാകാ-
ശ്രിതിങ്ങം രൂപതേ, നിൻമഹിമയെ മകുടം ചാർത്തി "പ്യൂലാ" നവീനം,
ഭീതിക്കേതും പിനക്കില്ലിടമിനി വഴിപോൽപോററട്ടെ നിന്നെ നീതി-
ജ്യോതിസ്സാം മാത്യുമെത്രാൻ തിരുവടി സുകൃതങ്ങൾക്കു മംഗല്യവടി.

"പാലാരൂപത"രൂപമാന്റെ, സുധി "പീ ഡി. മാണി" മെത്രാനതിൽ
ച്ചേലാളും "വയലിൽക്കളപ്പുര"യിലും കണ്ടെത്തി. കല്യാണമായ്
ശ്രീലാവും വിജയത്തെ നാഥപതിയൊട്ടും നീ രൂപതേ, നേട്ടമാ-
സ്ഥലാനുഗ്രഹമേകിടട്ടെ "പരിശുദ്ധാരൂപി"യാം പാലകൻ.

## പുതിയമെത്രാന്മാരുടെ ജീവചരിത്രസംഗ്രഹം

ചങ്ങനാശ്ശേരിമെത്രാൻ

ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി നിയുക്തനായിരിക്കുന്ന റൈററ് റവ. മോൺ. മാത്യു കാവുകാട്ടു ബി. എ. പ്രവിത്താനം ഇടവകയിൽപ്പെട്ട പുരാതനവും പ്രസിദ്ധവുമായ കാവുകാട്ടു കുടുംബത്തിൽ, ചുമ്മാർ ത്രേസ്യാ എന്നീ ദമ്പതികളുടെ പുത്രനായി 1904 ജൂലൈ 17-ാംനു ഭൂജാതനായി. അതിരമ്പുഴ പ്രൈമറിസ്കൂൾ, പാലാ സെൻറ് തോമസ് ഹൈസ്കൂൾ, എന്നീ വിദ്യാലയങ്ങളിൽ പഠനം നടത്തിയ ശേഷം ചങ്ങനാശ്ശേരി സെൻറ് ബർക്കുമൻസ് കോളേജിൽ ചേർന്നു ഇൻറർമീഡിയററു പാസായി. തുടർന്നു തിരുവനന്തപുരം മഹാരാജാസ് കോളേജിൽ ചേർന്നു ബി. എ. ബിരുദം നേടി. അനന്തരം കോട്ടയം പൊററിസെമ്മിനാരിയിലും മംഗലപ്പുഴ അപ്പസ്തോലിക്ക് സെമ്മിനാരിയിലും ചേർന്നു വൈദികവിദ്യാഭ്യാസം പൂർത്തിയാക്കുകയും 1935 ഡിസംബർമാസത്തിൽ വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. തുടർന്നു പൂഞ്ഞാർ സെൻറ് ആൻറണീസ് സ്കൂൾ ഹെഡ്മാസ്റ്റർ, കാഞ്ഞിരപ്പള്ളി അസിസ്റ്റൻറ് എന്നീ നിലകളിൽ ഏതാനുംനാൾ ജോലിനോക്കിയശേഷം സെൻറു ബർക്കുമൻസ് കോളേജ് ഹോസ്റ്റൽ വാർഡനായി നിയുക്തനായി. ഈ ജോലി നിർവ്വഹിച്ചുകൊണ്ടിരിക്കവേയാണ് മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടതു്.

പാലാമെത്രാൻ

പാലാരൂപതയുടെ മെത്രാനായി നിയുക്തനായിരിക്കുന്ന റൈററ് റവ. മോൺ. എമ്മാനുവൽ വയലിൽകളപ്പുര ബി. എ. എൽ. ററി. പാലാ ഇടവകയിൽപ്പെട്ട പുരാതനവും പ്രശസ്തവുമായ വയലിൽകളപ്പുര കുടുംബത്തിൽ 1906 ജനുവരി 28-ാംനു ഭൂജാതനായി. പാലാ സെൻറ് തോമസ് ഹൈസ്കൂളിൽ നിന്നു സ്കൂൾഫൈനൽ പാസായശേഷം തൃശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജിലും തിരുവനന്തപുരം മഹാരാജാസ് കോളേജിലുമായി കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി, ബി. എ. ബിരുദം നേടി. തുടർന്നു കോട്ടയം പൊററിസെമ്മിനാരിയിലും മംഗലപ്പുഴ അപ്പസ്തോലിക്ക് സെമ്മിനാരിയിലുമായി വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി 1935 ഡിസംബർ 21-ാംനു വൈദികപട്ടം ഏററു. അനന്തരം എൽ. ററി. ബിരുദം നേടുകയും പാലാ സെൻറു തോമസ് ഹൈസ്കൂൾ അദ്ധ്യാപകനായി 5 കൊല്ലവും, അനന്തരം ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററായി 7 കൊല്ലവും സേവനമനുഷ്ഠിക്കുകയും ചെയ്തു. പാലായിലെ പുതിയ കോളേജ് സ്ഥാപനം സംബന്ധിച്ചു ഏഴു വൻ സമയവും ചെലവഴിക്കേണ്ടതിലേക്കായി കഴിഞ്ഞ സെപ്റ്റംബർ 1-ാംനു അദ്ദേഹം അദ്ധ്യാപകജോലിയിൽ നിന്നു വിരമിച്ചു പുതിയ കോളേജിൻറെ മാനേജർ എന്ന നിലയിൽ സേവനമനുഷ്ഠിച്ചുവരവേയാണ് മെത്രാൻ സ്ഥാനത്തേക്കു നിയുക്തനായിരിക്കുന്നതു്.

## "മിന്നൽ"

എറണാകുളം "പൗരൻ" പ്രസ്സിൽനിന്നും അഭിനവമായി പ്രസിദ്ധീകരിച്ചു തുടങ്ങിയിരിക്കുന്ന "മിന്നൽ" എന്ന വിനോദമാസികയുടെ പ്രഥമലക്കം കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു. വിനോദത്തിന്റേയും ഫലിതത്തിന്റേയും പേരിൽ സഭ്യേതരവും വിദ്വേഷജന്യവുമായ കാര്യങ്ങൾ പ്രതിപാദിച്ചു മുതലെടുക്കാൻ ശ്രമിക്കുന്ന പത്രാധിപന്മാർ ഇന്നു കേരളക്കരയിൽ ദുർലഭമല്ല. ഈ ദുരവസ്ഥയിൽ, ഇംഗ്ലണ്ടിലെ "പഞ്ച്" മാസികയെ അനുകരിച്ചു്, സഭ്യമായ ഫലിതോക്തികളും ഹാസ്യരസപ്രധാനമായ വിമർശനങ്ങളും വഴി അനുവാചകർക്കു് വിനോദവും വിജ്ഞാനവും പ്രദാനംചെയ്യാൻ സന്നദ്ധമായി രംഗപ്രവേശം ചെയ്തിരിക്കുന്ന "മിന്നൽ" മാസികയ്ക്കു എല്ലാം സ്വാഗതമരുളേണ്ടതാണ്. മാന്യ സഹജീവിക്കു സകല വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

## സി. വി. ആൻറണി മെമ്മോറിയൽ ഫണ്ടു്

പരേതനായ ശ്രീ. സി. വി. ആൻറണി അവർകളുടെ ഒരു സ്മാരകം സ്ഥാപിക്കുന്നതിനായി ഒല്ലൂരെ "ദി കൊച്ചിൻ യൂത്ത്സ് ഓർത്തോഡക്സ് ലേബർ അസോസിയേഷ"ന്റെ ആഭിമുഖ്യത്തിലും പല പ്രമുഖവ്യക്തികളടങ്ങിയ ഒരു പൊതുകമ്മിറ്റിയുടെ നേതൃത്വത്തിലും ധനശേഖരം നടത്തിവരുന്നതായറിയുന്നു.

## ഹിന്ദിക്ലാസ്

എറണാകുളം സേക്രഡ്ഹാർട്ട് ഹിന്ദി മഹാവിദ്യാലയത്തിൽ സെപ്റ്റംബർ 10-ാംനു മുതൽ പണ്ഡിററ് സി. വി. ജോസഫിന്റെ നേതൃത്വത്തിൽ ഒരു ഹിന്ദി വിശാരദ് ക്ലാസ് ആരംഭിച്ചിരിക്കുന്നു.

## കടംകഥകൾക്കുത്തരം

(5-ാംപേജ് തുടർച്ച)

(1) അതു "തമ്പുരാനെ"ന്റെ ജ്യോതിഷയെ തുകൊണ്ടു്. (2) ജൂലൈ മാസത്തിൽ അരിനെ വെടിവച്ചുകൊല്ലണം (3) ഞണ്ടുകട്ട (1) പൂവിയെ ഓടിച്ചു കളയുക (5) ശിഖരങ്ങ.

## ഇടവകവാർത്തകൾ

പൂഞ്ഞാർ ചെറുപുഷ്പമിഷൻ സംഘത്തിൻറെ ആഭിമുഖ്യത്തിൽ ഒരു ഹിന്ദിവിദ്യാലയം ആരംഭിച്ചിരിക്കുന്നു.

—കാവിൽ ഇടവകയിലെ വിവിധ സംഘടനകളുടെ സംയുക്തവാർഷികം റവ ഫാ. ജോൺ ഫ്രാൻസിസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. മി സി. എം. സെബാസ്ത്യൻ പ്രസംഗിച്ചു.

—പ്രവിത്താനം കമ്മറ്റിത്താമാത്തിന്റെ ആശീർവ്വാദകർമ്മം ആഗസ്റ്റ് 22-ാംനു റൈററ് റവ. മോൺ. ജേക്കബ് കല്ലറയ്ക്കൽ അവർകൾ നിർവ്വഹിച്ചിരിക്കുന്നു.

—മുട്ടം: കത്തോലിക്കാ കോൺഗ്രസ് ശാഖയുടെ ഒരു പ്രവർത്തനയോഗം ആഗസ്റ്റ് 27-ാംനു ശാഖാ പ്രസിഡണ്ടു് ശ്രീ വി. സി. ചാണ്ടി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ഇന്നത്തെ വിദ്യാഭ്യാസപ്രശ്നത്തെപ്പററി ചർച്ച ചെയ്യുകയും ചെയ്തു.

—ആലുവാ: വിദ്യാലയദിനം പ്രമാണിച്ചു് സെപ്റ്റംബർ 3-ാംനു റവ. ഫാ. ജോർജ്ജ് മൈക്കുടൻ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും റവ. ബ്രദർ ഫ്രാൻസിസ് പയ്യപ്പിള്ളി ബി. എസ് സി. പ്രസംഗിക്കുകയും ചെയ്തു.

—പാപ്പിക്കര സെൻറു് വിൻസെൻറ് ഡിപോൾ സഖ്യത്തിന്റെ തൃതീയ വാർഷികം സെപ്റ്റംബർ 3-ാംനു റവ. ഫാ. തോമസ് നെടുങ്കല്ലേൽ എം. എ ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ ഇ. പി. ജോൺ, ശ്രീ കെ. സി. ചാറമേൽ എന്നിവർ പ്രസംഗിച്ചു.

—ഒല്ലൂർ പള്ളിയിലെ അസിസ്റ്റൻറായിരുന്ന റവ. ഫാ. പോൾ ചാലിശേരി അവർകളുടെ സ്ഥലംമാററം പ്രമാണിച്ചു വിൻസെൻറു ഡി പോൾ സംഘം ഒരു യാത്രയയപ്പു നല്കിയിരിക്കുന്നു.

—മയിഞ്ചിപ്പാറ: മണ്ണഞ്ഞാനം ചെറുപുഷ്പമിഷൻലീഗിന്റെ ഒരു ശാഖ സെപ്റ്റംബർ 3-ാംനു സ്ഥലം പള്ളിവികാരി ഉൽഘാടനം ചെയ്തിരിക്കുന്നു.

—കല്ലറ: സെപ്റ്റംബർ 3-ാംനു റവ ഫാ ജോസഫ് ഉള്ളിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ചു് വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്തിരിക്കുന്നു. ശ്രീ മാത്യു പോൾ ശ്രീ കെ. സി. ചാക്കോ ബി. എ എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി.

—ആരക്കുഴ: സെപ്റ്റംബർ 3-ാംനു സ്കൂൾദിനം പ്രമാണിച്ചു റവ. ഫാ. തോമസ് കൊച്ചുപൂങ്കനാൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം നടത്തിയിരിക്കുന്നു.

## ചരമം

പൂഞ്ഞാർ: വലിയപറമ്പിൽ ശ്രീ തൊമ്മൻറെ ഭാര്യ മറിയാമ്മ സെപ്റ്റംബർ 6 ാംനു 86-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—ആയവന: തെക്കേക്കര വൃദ്ധഹന്നൻ ഭാര്യ മറിയ, ആഗസ്റ്റ 27-ാംനു നിര്യാതയായിരിക്കുന്നു

—നെല്ലിമററം: പെരി റവ. ഫാ. തോമസ് നെടുമ്പുത്തിന്റെ പിതൃവ്യപുത്രൻ ബ്രദർ ജോൺ എസ്. ഡി. ബി., ബ്രദർ ആൻറണി, ബ്രദർ സ്റ്റനിസ്ലാവോസ് എന്നിവരുടെ പിതാവുമായ നെടുമ്പുറത്തു വറീതു് മൂട്ടിയവീര ആഗസ്റ്റ് 24-ാംനു 67-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു

(പരേതർക്കുവേണ്ടി വായനക്കാർ പ്രാർത്ഥിപ്പാനപേക്ഷ.) I. I. P.

## വിവാഹം

പുത്തമ്പള്ളി: മി. ഒള്ളിയത്തു മോനി അവർകളുടെ മകൻ ശ്രീ വർക്കിയും പാവ്വം ഡിസ്ട്രിക്ട് ജഡ്ജി മി. പി. ഡി. ഉമ്മൻ അവർകളുടെ പുത്രി ശ്രീമതി തങ്കമ്മയും തമ്മിലുള്ള വിവാഹം പുത്തമ്പള്ളി പള്ളിയിൽവച്ചു് ആഗസ്റ്റ് 28 ാംനു നടന്നിരിക്കുന്നു.

—എരുമേലി: മുരിക്കനാറ ശ്രീ ജോസഫിന്റെ പുത്രൻ ശ്രീ ജേക്കബ്ബും പാലംപുരിടം ഇടവക പള്ളത്തു ശ്രീ മാനുവൽ അവർകളുടെ പുത്രി ശ്രീ ത്രേസ്യയും തമ്മിലുള്ള വിവാഹം പാലാരിവട്ടം പള്ളിയിൽവച്ചു് ആഗസ്റ്റ് 30-ാംനു നടന്നിരിക്കുന്നു

—ചെമ്പ്: പുത്തൻപുരയ്ക്കൽ മാത്യു ദേവസ്യ അവർകളുടെ പുത്രൻ ശ്രീ മത്തായി ചെമ്പിക്കുളം പള്ളി ഇടവക അയത്തിനാൽ ..ത്തർ അവർകളുടെ പുത്രി ശ്രീമതി അച്ചാമ്മയും തമ്മിലുള്ള വിവാഹം ആഗസ്റ്റ് 28-ാംനു തിരികായി പള്ളിയിൽവച്ചു നടന്നിരിക്കുന്നു. റവ. ഫാ. തോമസ് അരയത്തിനാൽ അവർകളാണു് വിവാഹം ആശീർവ്വദിച്ചതു്.

## കർദ്ദിനാളിന്റെ അനുമോദനസന്ദേശം

ഇംഗ്ലണ്ടിലെ എലിസബെത്തു രാജകുമാരിക്കു് ഒരു പുത്രി ജാതയായതു പ്രമാണിച്ചു കർദ്ദിനാൾ ഗ്രിഫിൻ അയച്ച അനുമോദനസന്ദേശത്തിൽ ഇപ്രകാരം പറഞ്ഞിരുന്നു: "ഈ ശുഭാവസരത്തിൽ ഇംഗ്ലണ്ടിലെയും വെയിൽസിലെയും റോമൻകത്തോലിക്കരുടെ നാമത്തിൽ തിരുമനസ്സിലേക്കും എഡിൻബറോ പ്രഭു തിരുമനസ്സിലേക്കും ഞങ്ങളുടെ സ്നേഹപൂർണ്ണങ്ങളായ അനുമോദനങ്ങളും ശുഭാശംസകളും പ്രാർത്ഥനകളും സമർപ്പിച്ചുകൊള്ളട്ടെ." അതിനു രാജകുമാരി താഴെ പറയുന്ന മറുപടി നല്കി: "എന്റെ പുത്രിയുടെ ജനനം പ്രമാണിച്ചു ഇംഗ്ലണ്ടിലെയും വേയൽസിലെയും കത്തോലിക്കരുടെ നാമത്തിൽ അങ്ങു് സ്നേഹപൂരസ്സരം അയച്ച സന്ദേശത്തിനു ഞാൻ അതീവ കൃതജ്ഞയായിരിക്കുന്നു."

## കൊച്ചി-തിരുവിതാംകൂർ വാർത്തകൾ

നെടുമങ്ങാട്ടെ ഉപതിരഞ്ഞെടുപ്പുഫലം സെപ്റ്റംബർ 5-ാംനു പ്രഖ്യാപിക്കപ്പെട്ടു. കോൺഗ്രസ് ഡെമോക്രാററിക്പാർട്ടി (ഹിന്ദുമണ്ഡലം) സ്ഥാനാർത്ഥിയായ മി എൻ നീലകണ്ഠപണ്ടാരത്തിൽ വിജയിയായി. സോഷ്യലിസ്റ്റു സ്ഥാനാർത്ഥിക്കു് കെട്ടിവച്ച പണംപോലും നഷ്ടപ്പെടുകയാണുണ്ടായതു്.

—യൂണിവേഴ്സിററി സിൻഡിക്കേററ് ഒരു ആയുർവ്വേദഫാക്കൽററി രൂപീകരിച്ചിരിക്കുന്നു വൈദ്യകലാനിധി ബിരുദത്തിനു പകരം, ആയുർവ്വേദ ഗ്രാഡ്വേഷൻ കോഴ്സു വിദ്യാർത്ഥികൾക്കു ഒരു ഡിപ്ലോമ നല്കുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—പ്രസ് അഡൈ്വസറി ബോർഡിന്റെ ഒരു യോഗം സെപ്റ്റംബർ 5 ാംനു തിരുവനന്തപുരത്തുവച്ചു് ചീഫ് മിനിസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ചില പത്രങ്ങൾ ഗവർമ്മെൻറു പരസ്യംകൊടുക്കുന്നകാര്യത്തെപ്പററി പര്യാലോചിക്കുകയും അതു ഗവമ്മെൻറിന്റെ തീരുമാനത്തിനു വിട്ടുകൊടുക്കുകയും ചെയ്തു. തുടർന്നു് ചീഫ് മിനിസ്റ്റർ ചെയ്ത പ്രസംഗത്തിൽ, കൃഷിക്കു സ്ഥലം കൊടുത്തതു് അധികവും ക്രിസ്ത്യാനികൾക്കാണെന്നുള്ള ആരോപണം ശരിയല്ലെന്നും ആകെ കൊടുത്ത സ്ഥലത്തിന്റെ 55 ശതമാനവും നായന്മാർക്കു് ലഭിച്ചിരിക്കുന്നുവെന്നും കണക്കുകൾ ഉദ്ധരിച്ചു വ്യക്തമാക്കി.

—തിരു കൊച്ചി നിയമസഭയുടെ അടുത്ത സമ്മേളനം ഒക്ടോബർ 10-ാംനു കൂടുന്നതാണെന്നറിയുന്നു.

—തിരുവിതാംകൂർ നാണയങ്ങൾ ഒക്ടോബർ 1-ാംനുക്കു മുമ്പായി ട്രഷറികളിലടച്ചു് പകരം ഇൻഡ്യൻ നാണയങ്ങൾ വാങ്ങിക്കൊള്ളണമെന്നു് ഗവമ്മെൻറിൽനിന്നും പ്രഖ്യാപനം ചെയ്തിരിക്കുന്നു.

—ഹരിജനവിദ്യാർത്ഥികൾക്കു പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ട സൗകര്യാർത്ഥം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 13 പ്രൈമറിസ്കൂളുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു ഒരദ്ധ്യാപകനും ഒരു ക്ലാസ്സു മാത്രമേ ഉള്ളൂ. ഈ സ്കൂളിൽ ഉണ്ടായിരിക്കയുള്ളു.

—കഴിഞ്ഞ 8 മാസത്തോളമായി വിചാരണനടന്നുവന്നിരുന്ന അഞ്ചരലക്ഷക്കേസിന്റെ വിധി സെപ്റ്റംബർ 11-ാംനു സ്പെഷ്യൽ ജഡ്ജി മി. കോമൻ ഐ സി. എസ് പ്രസ്താവിച്ചിരിക്കുന്നു. ഒന്നാംപ്രതിയായ ദാമോദരൻ കുററക്കാരനാണെന്നു തെളിയുകയാൽ 18 മാസത്തെ കഠിനതടവു് ശിക്ഷ നല്കിയിരിക്കുന്നു. ദാമോദരനിൽനിന്നും പിടിച്ചെടുത്തിട്ടുള്ളതും ഇപ്പോൾ ട്രഷറർ ഡിസ്ട്രിക്ട് മജിസ്ട്രേററ് കോടതിയുടെ കസ്റ്റഡിയിലിരിക്കുന്നതുമായ ക. 1,50,385-13-6 യും, പ്രതിയിൽനിന്നും പിടിച്ചെടുത്തിട്ടുള്ള ഒരു കാർ ലേലത്തിൽ വിററുകിട്ടുന്ന സംഖ്യയും ഗവമ്മെൻറിലേക്കു മുതൽകൂട്ടേണ്ടതാണെന്നും വിധിയിൽ പ്രസ്താവിച്ചിട്ടുണ്ടു്. രണ്ടാംപ്രതി മി പി. ഗോപാലമേനോന്റെ പേരിലുള്ള ചാർജ്ജ് തൃപ്തികരമായി തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അദ്ദേഹത്തെ വെറുതെ വിട്ടിരിക്കുന്നു.

# നല്ല കൂട്ടുകാരി

(4-ാം പേജ് തുടർച്ച)

“അമ്മച്ചിക്കു്, അപ്പിച്ചൻ മേടിച്ചുതരുമ്പോലെയാ വത്സമ്മയ്ക്കു് അച്ചായനും മേടിച്ചുതരുന്നതു്, അല്ലേ വത്സമ്മേ.” വത്സമ്മയെ ഷൂസിടാൻ സഹായിക്കുന്നതിനിടയിൽ ഔസേപ്പച്ചൻ പറഞ്ഞു.

“അച്ചായാ, ഈ അമ്മച്ചിക്കിനി ഒരൊററക്കവണി ഇപ്പഴെങ്ങും മേടിച്ചുകൊടുക്കരുതു്, കേട്ടോ അച്ചായാ.”

“അച്ചായൻ നാളെ കച്ചേരിക്കുപോകുവേ.” മിഷണിമകൻ്റ ആ മുന്നറിയിപ്പു!

“അല്ലല്ല, അമ്മച്ചിക്കു് പെട്ടിൽ ഒരുപാടു കവണി ഇരുപ്പുണ്ടല്ലോ.”

“വത്സമ്മേ, അമ്മച്ചിടെ പെണക്കം തീരാൻ അച്ചായനൊരു സൂത്രം പറഞ്ഞുതരാം. വത്സമ്മ ഉണ്ണിയിശോയെ കൈക്കൊണ്ടേച്ചു വരുമ്പോൾ ആദ്യം അമ്മച്ചിയെ കെട്ടിപ്പിടിച്ചൊരുമ്മകൊടുക്കണം, കേട്ടോ.”

“ആദ്യം അച്ചായനു്, പിന്നെ അമ്മച്ചിക്കു്. പോരേ, അമ്മച്ചീ?” വത്സമ്മ ഒരു ഒത്തുതീർപ്പുണ്ടാക്കാൻ ശ്രമിച്ചു.

“ഓ, മതിമതി. ആദ്യം അച്ചായനുതന്നെ കൊടുക്കു്. അമ്മച്ചി പാവമല്ലേ, അമ്മച്ചിക്കുണ്ടോ സിൽക്കുടുപ്പുമേടിച്ചുതരാൻ വകയൊള്ളൂ?”

“ഈ അമ്മച്ചി എന്തൊരമ്മച്ചിയാ. എന്നാലെൻ്റ ഉടുപ്പും ഷൂസുമൊക്കെ അമ്മച്ചി എടുത്തോ—എനിക്കു വേണ്ട. അല്ലെങ്കിൽ അപ്പിച്ചനോടു പറഞ്ഞു് അമ്മച്ചിക്കും ഇതൊക്കെ മേടിക്കാമല്ലോ?”

“അങ്ങനെ ഒന്നുമെങ്കിലും ചെയ്യാം. അച്ചായൻ്റെ ഇത്ര വാത്സല്യമുള്ള പുത്രിയായിട്ടും ഒരു കാര്യം മറന്നുപോയല്ലോ. അച്ചായൻ യാത്രകഴിഞ്ഞു് ക്ഷീണിച്ചല്ലേ വന്നതു്? പോരെങ്കിൽ ഈ ഉടുപ്പും ഷൂസുമൊക്കെ ചുമന്നുമല്ലേ. എന്നിട്ടു് അച്ചായൻ കാപ്പികുടിച്ചോന്നു തെരക്കിയോ?”

“അമ്മച്ചി കാപ്പി എടുത്തുവച്ചോ?”

“അമ്മച്ചി എന്തിനാ എടുത്തുവയ്ക്കുന്നേ? നിനക്കല്ലേ ഉടുപ്പും ഷൂസുമൊക്കെ കൊണ്ടുവന്നതു്? നീയെടുത്തുവയ്ക്കു്. എൻ്റെ അപ്പിച്ചനായിരുന്നെങ്കിൽ വന്നു കേറിയപ്പഴേ ഞാനെടുത്തുകൊടുത്തേനെ.”

“ഓ! ഈ അമ്മച്ചിക്കു് അച്ചായനോടൊരു സ്നേഹമേയില്ല. അച്ചായാ, ഞാനിപ്പം കാപ്പികൊണ്ടുവരാം.”

വത്സമ്മ കാപ്പികൊണ്ടുവരാൻ അടുക്കളയിലേക്കോടി. ആകാരമുൾക്കൊണ്ട ഒരു കനകകിനാവുപോലെ, പാഞ്ഞുപോകുന്ന ആ പെൺപൈതലിനെ നോക്കി, ആ മാതാപിതാക്കന്മാർ തെല്ലുനേരത്തേക്കു് പരിസരംപോലും മറന്നങ്ങിരുന്നുപോയി.

V

പിറേറദിവസം പള്ളിയിൽനിന്നു പോരുന്നവഴിക്കു് കുട്ടികൾക്കു് അവരുടെ പുത്തനുടുപ്പുകളെപ്പററിമാത്രമേ പറയാനുണ്ടായിരുന്നുള്ളു. പലർക്കും അവരുടെ പിതാക്കന്മാരാണു് ഉടുപ്പുമേടിച്ചുകൊടുത്തതു്. ചിലർക്കു് അവരുടെ ചേട്ടന്മാർ; ഒന്നുരണ്ടുപേർക്കു് അമ്മാവന്മാർ. ഒരുത്തിക്കു് അവളുടെ അമ്മതന്നെയാണു് വാങ്ങിക്കൊടുത്തതു്. ഉടുപ്പു തയ്ച്ചുകിട്ടാൻ ചില കൊച്ചുമിടുക്കികൾ ചില്ലറ സത്യഗ്രഹപരിപാടികൾപോലും സ്വീകരിക്കയുണ്ടായത്രെ! ലഘുചിത്തരായ ആ പെൺകിടാങ്ങൾ, അവർക്കുകിട്ടിയ പുത്തനുടുപ്പുകളുടെ നീണ്ട ചരിത്രം ഒററശ്വാസത്തിൽ ഒർപ്പള്ളുവാക്കെന്നമട്ടിൽ നാവിളക്കാതെ പറഞ്ഞുകൂട്ടുമ്പോൾ, ഏലിക്കൊച്ചുമാത്രം ഒരു വാക്കുപോലും ഉരിയാടാനില്ലാതെ കുഴങ്ങുകയാണു്. ആ മുഖത്തു് വേദനാജനകമായ ഒരപകർഷബോധവും ആകുലതയും തിങ്ങിനിന്നിരുന്നതു് അവളുടെ കൂട്ടുകാരികൾ കണ്ടിരിക്കയില്ല.

കുട്ടികൾ പലവഴിക്കു തിരിഞ്ഞു. ഏലിക്കൊച്ചും വത്സമ്മയും തനിച്ചായി.

“നിൻ്റെ ഉടുപ്പു എന്താതരമാ?” അല്പനേരത്തെ മൗനത്തിനുശേഷം വത്സമ്മ ഏലിക്കൊച്ചിനോടു ചോദിച്ചു.

അത്യന്തദീനമായ ഒരു നോട്ടമായിരുന്നു വത്സമ്മയ്ക്കു ലഭിച്ച പ്രത്യുത്തരം.

“എന്താ നിൻ്റെ ഉടുപ്പു മിഷ്യങ്കടേന്നു കിട്ടിയില്ലേ?” അതിനപ്പുറം ചിന്തിക്കുവാൻ ആ ഉണ്ണുവൻ്റെ മകൾക്കു് കഴിവില്ലായിരുന്നു.

“തയ്ച്ചോൻ കൊടുത്തില്ല.”

“പിന്നെയിനി എന്നു കൊടുക്കാനാ?”

“കൊടുക്കുന്നില്ലെന്നാ അമ്മ പറഞ്ഞെ.”

“ഓ! നല്ല അമ്മ!!” ഏലിക്കൊച്ചിൻ്റെ അമ്മയുടെ ഹൃദയശൂന്യതയിൽ വത്സമ്മയ്ക്കുള്ള പ്രതിഷേധം!!!

“അമ്മേടെ കൈയിൽ കാശില്ലാഞ്ഞാ.” അമ്മയുടെ പേരിൽ വത്സമ്മയ്ക്കുണ്ടായ തെററിദ്ധാരണ നീക്കാനെന്നോണം ഏലിക്കൊച്ചു പറഞ്ഞു.

“നേരാ, നേരാ. അമ്മേടെ പെട്ടിൽ ഒത്തിരി രൂപാകാണും. കോഴിമൊട്ടേം കൊളുമ്പും ഓലേം ഒക്കെ വിററു കിട്ടുന്ന രൂപാ കാണില്ലയോ?”

“ഇല്ല. ഞങ്ങൾക്കൊന്നും വില്ലാനില്ല. എല്ലാം മേടിക്കണം. ഞങ്ങളു പാവങ്ങളാ.” സമ്പന്നരുടെ ശബളമോഹനമായ ജീവിതചിത്രങ്ങൾമാത്രം കണ്ടിട്ടുള്ള വത്സമ്മയെ ജീവിതത്തിൻ്റെ കറുത്ത നിഴലുകൾ കാണിച്ചുകൊടുക്കുകയാണു് ആ സമവയസ്ക.

“പാവങ്ങളാണേലും കുർബാന കൈക്കൊള്ളാൻ പുത്തനുടുപ്പു വേണ്ടേ?”

“വേണ്ടെന്നു് അമ്മ പറഞ്ഞു. പാവങ്ങൾക്കു പഴേതായാലുംമതി. ഉണ്ണിയീശോയും തൊഴുക്കൂട്ടിൽ പാവങ്ങളെപ്പോലെ പഴേമുണ്ടും പൊതച്ചു് കെടന്നെ.”

“ഇതൊക്കെ ആരു പറഞ്ഞുതന്നതാ?”



“വത്സമ്മയ്ക്കു് അതാണിഷ്ടമെങ്കിൽ അവളങ്ങനെ ചെയ്തുകൊള്ളട്ടെ. അച്ചായനും അമ്മച്ചിയും വത്സമ്മയോടൊപ്പം അതിൽ സന്തോഷിച്ചുകൊള്ളും.”

“അമ്മയാ പറഞ്ഞതു്. പുത്തനുടുപ്പു മേടിച്ചുതരാഞ്ഞകാരണം ഞാൻ കരഞ്ഞപ്പം അമ്മ എന്നോടു പറഞ്ഞതാ.”

“പിന്നെ, എല്ലാവർക്കും പുത്തനുടുപ്പു വേണോന്നു മറിയമ്മ ടീച്ചറു പറഞ്ഞതോ? ആഞ്ഞിസമ്മയും പറഞ്ഞല്ലോ.”

ഏലിക്കൊച്ചിനു് ഉത്തരം മുട്ടി. അവളുടെ കണ്ണു നിറഞ്ഞു വിതുമ്പി.

വത്സമ്മയുടെ കൊച്ചുഹൃദയവും സഹതാപപൂർണ്ണമായി. മാപ്പിരക്കുന്ന ഒരു അപരാധിനിയെപ്പോലെ അവൾ ഏലിക്കൊച്ചിനെ നോക്കി.

ചിന്തയുടെ രമ്യഭാഷയിൽ ഏറെ തോടെന്തൊക്കെയോ രഹസ്യം പറഞ്ഞുകൊണ്ടു് അവർ നടന്നുപോയി.

ഏലിക്കൊച്ചിനു് അച്ചായനില്ല. അവളുടെ അമ്മച്ചിക്കു രൂപയുമില്ല. അവൾക്കു പുത്തനുടുപ്പും കിട്ടിയില്ല. പാവങ്ങൾക്കു പഴയ ഉടുപ്പുമതിയെന്നു്.... വത്സമ്മ അവളുടെ അച്ചായനോടു് ഒരു വാക്കുപോലും പറഞ്ഞില്ല. എന്നിട്ടും അച്ചായൻ അവൾക്കു് രണ്ടുടുപ്പും ഷൂസും നെററുമൊക്കെ കൊണ്ടുവന്നുകൊടുത്തു. അവൾക്കൊന്നു മതിയായിരുന്നു. എന്തിനാണു് ധാരാളം ഉടുപ്പുകൾ! രണ്ടുപെട്ടി നിറച്ചിരിക്കുന്നു. ചിലതെല്ലാം അലക്കിവച്ചപാടേ ഇരിക്കാൻ തുടങ്ങിയിട്ടു് മാസങ്ങൾതന്നെ പലതുകഴിഞ്ഞിട്ടുണ്ടു്. മാറി മാറി എടുത്താലും ഒരുവട്ടമെത്തിവരാൻ ദിവസം കുറെ പിടിക്കും. ഒന്നുരണ്ടുകൊല്ലം കഴിഞ്ഞാൽ അതിലൊന്നുപോലും അവൾക്കു പാകമല്ലാതാകും. ഇത്ര വളരെ ഉടുപ്പുകൾ എന്തിനാണാക്കൊച്ചുപെണ്ണിനു്? കുറെയെണ്ണം വാരിക്കെട്ടി ഇല്ലാത്തവർക്കാർക്കെങ്കിലും കൊടുത്താലോ... അമ്മച്ചിയും അച്ചായനും അനുവദിക്കുമോ. ...

അവൾ അതിനെക്കുറിച്ചൊക്കെ ചിന്തിക്കയായിരുന്നു.

ഏലിക്കൊച്ചിനു് പിരിഞ്ഞു പോകേണ്ടവഴിയായി.

“ഞാൻ പോണേ വത്സമ്മേ” എളിയ സ്വരത്തിൽ ഏലിക്കൊച്ചു പറഞ്ഞു.

“വരൂ നമുക്കു വീട്ടിൽ ചെന്നിട്ടു തിരിച്ചുപോരാം.” വത്സമ്മ ഒരു കൊച്ചുകുടുംബിനിയെപ്പോലെ സൗമനസ്യപൂർവ്വം ഏലിക്കൊച്ചിനെ ക്ഷണിച്ചു. ഏലിക്കൊച്ചു് മടിച്ചില്ല. അവൾ ആ കുബേരപുത്രിയെ അനുഗമിച്ചു.

VI

ഏലിക്കൊച്ചിനെ വരാന്തയിൽനിറുത്തിയിട്ടു് വത്സമ്മ അമ്മച്ചിയുടെ അടുക്കലേക്കു പോയി.

“ഞാനൊരു കാര്യം പറഞ്ഞാൽ, അമ്മച്ചി എന്നോടു പെണങ്ങുമോ?” ശോശാമ്മയുടെ കൈകൾപിടിച്ചു ചാഞ്ചാടിക്കൊണ്ടു് വത്സമ്മ ചോദിച്ചു.

“കാര്യം പറയുമ്പോ, വല്ലവരും പെണങ്ങാറൊണ്ടോ.”

“ഞാനൊരുകൂട്ടം ചോദിച്ചാ എനിക്കു തരാമോ?”

“നേരത്തെ ഈ ഒടമ്പടി ചെയ്യിക്കുന്നതെന്തിനാ. ഇവിടെ ഉള്ളതാണെങ്കിൽ തരുകില്ലേ?” കാര്യമറിയാൻ കൗതുകത്തോടെ ശോശാമ്മ നിലയായി.

“ഉള്ളതുതന്നെയാ. ചോദിച്ചാതരുവല്ലോ. എന്നോടു പെണങ്ങുകയില്ലല്ലോ-തീർച്ച? എന്നാൽ ഞാൻ പറയാൻ പോകുവാണേ.”

ഇത്രത്തോളമൊക്കെ പശ്ചാത്തലമൊരുക്കിയശേഷം വത്സമ്മ, അവൾക്കു പറയാനുണ്ടായിരുന്നതു് അമ്മച്ചിയോടു പറഞ്ഞു. അക്കാര്യം അമ്മച്ചിതന്നെ അച്ചായൻ്റെപക്കൽ അവതരിപ്പിക്കണമെന്നും അവൾ ശഠിച്ചു.

അമ്മച്ചിയുടെ കൈക്കുപിടിച്ചുകൊണ്ടു് വത്സമ്മ അച്ചായൻ്റെ അടുക്കലേക്കു നടന്നു.

“മകളു പറയുന്നതു കേട്ടോ?” ഈ മുഖവുരയോടെ മകളുടെ ആഗ്രഹം അമ്മച്ചി അച്ചായനെ അറിയിച്ചു. കൂട്ടത്തിൽ അമ്മച്ചിയുടെ ഒരു ശുപാർശയും.

ഔസേപ്പച്ചൻ്റെ മുഖത്തു് ആത്മസംതൃപ്തിയെ സൂചിപ്പിക്കുന്ന ഒരു മന്ദഹാസം വിരിഞ്ഞുപടന്നു.

“വത്സമ്മയ്ക്കതാണിഷ്ടമെങ്കിൽ അവളങ്ങനെതന്നെ ചെയ്തുകൊള്ളട്ടെ. അച്ചായനും അമ്മച്ചിയും വത്സമ്മയോടൊപ്പം അതിൽ സന്തോഷിച്ചുകൊള്ളും.” മകളുടെ ആഗ്രഹപൂരണത്തിനു് പിതാവും ഇന്നാ അംഗീകാരം നൽകി.

“അമ്മച്ചിതന്നെ എടുത്തുകൊടുക്കണം” തലയിളക്കിക്കൊണ്ടു് ഒരു വിജയിനിയെപ്പോലെ വത്സമ്മ പറഞ്ഞു.

“വേണ്ട നിൻ്റെ കൂട്ടുകാരിക്കു് നീതന്നെ കൊടുക്കു്. നിൻ്റെ സൗമനസ്യംകൊണ്ടുള്ള ആ സംരംഭത്തിൽ ഞങ്ങൾ ഇടപെടുന്നില്ല.”

“ഉടുപ്പും നെററും എടുത്തുകൊടുത്തിട്ടു് അപ്പുറത്തുചെന്നു് മറിയക്കുട്ടിയോടു പറഞ്ഞു് അവൾക്കു കാച്ചു കഞ്ഞിയുടെ വാങ്ങിച്ചുകൊടുക്കു്. അതു് അമ്മച്ചിയുടെ പേർക്കു്, കേട്ടോ.”

ഏലിക്കൊച്ചിനെയും വിളിച്ചുകൊണ്ടു വത്സമ്മ “ഡ്രസ്സിംഗ് റൂ”മിലേക്കു പോയി.

“ശോശാമ്മേ, എൻ്റെ പിതൃത്വത്തിൽ എനിക്കു് അളവററ അഭിമാനം തോന്നുന്നു. ഇത്രത്തോളം അനുകമ്പയും ത്യാഗമനോഭാവവും ജീവിതലാളിത്യവും ഇത്ര കുഞ്ഞിലേ പ്രകടിപ്പിക്കുന്ന ഒരു ക്രിസ്തീയബാലികയുടെ പിതാവെന്ന നിലയിൽ. വത്സമ്മയുടെ മാതാവും തികഞ്ഞ അഭിനന്ദനങ്ങൾ അർഹിക്കുന്നുണ്ടു്.”

“വേണ്ട, വേണ്ട. എല്ലാ അഭിനന്ദനങ്ങളും പിതാവിനുതന്നെയിരിക്കട്ടെ.” പുരികം ചുളിച്ചു് ഒരു കൃത്രിമഹാസത്തോടെ ശോശാമ്മ പറഞ്ഞു.

“അതു പറവകില്ല. ഒരു പുത്രി പിതാവിനെക്കാൾ കൂടുതൽ മാതാവിനെയാണു് പ്രതിഫലിപ്പിക്കുന്നതു്. അങ്ങനെയാണു് സൈക്കോളജി.”

“ഈ അടുക്കളയിൽ കിടക്കുന്ന എനിക്കുണ്ടോ സൈക്കോളജിയും സുവോളജിയും തിരിയു.”

“അടുക്കളയല്ലേ എല്ലാത്തിൻ്റെയും സെൻട്രൽ പവ്വർസ്റ്റേഷൻ? ക്യാബിനററിൽ ഹോം മിനിസ്റ്ററുടെ സ്ഥാനമല്ലേ, അടുക്കളയുടെ ഫോളിയോ വഹിക്കുന്ന ആളിനു് വീട്ടിലുള്ളതു്!”

“ഓ! വീട്ടിലെ പ്രൈമിനിസ്റ്ററാണെന്നു വച്ചു് എന്തിനിങ്ങനെ കളിയാക്കുന്നു!”

പുത്തനുടുപ്പും നെററും കൊടുത്തു് കൂട്ടുകാരിയെ സന്തോഷിപ്പിച്ചശേഷം വത്സമ്മ അടുക്കളേലോട്ടുവന്നു. ഔസേപ്പച്ചൻ ആ കൊച്ചു ത്യാഗിനിയെ തഴുകിപ്പിടിച്ചു മടിയിലിരുത്തി, അനന്തരം അവളുടെ കുറുനിരകളിൽ തലോടി. ശോശാമ്മയുടെ മാതൃഹൃദയം ആനന്ദാവേശത്താൽ തരളിതമായി തുടിച്ചു.

——


## യാക്കോബായസഭയും റീശ്ശു പാത്രിയർക്കീസും

ഗ്രന്ഥകർത്താ: ഫാദർ തോമസ്സ് ഇഞ്ചെയ്ക്കലോടി

യാക്കോബായ സഹോദരങ്ങളുടെ കത്തോലിക്കാ പുനരൈക്യത്തിനു് ഏററം പ്രയോജകീഭവിക്കുന്ന ഒരു പുതിയ പുസ്തകം.

വില 8 ണ. 5 കോപ്പിക്കു് 2 ക. മാത്രം. ഉടൻ അപേക്ഷിക്കുക.

മാനേജർ, സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവല്ലാ or
റവ. ഫാദർ ഇഞ്ചെയ്ക്കലോടി, പന്തളം, A. O. & P. O.


## മെത്രാൻ ചരമംപ്രാപിച്ചു

നാഗപ്പൂർ മെത്രാനായിരുന്ന മൊററ് റവ. ഡോക്ടർ ലൂയി ഫ്രാൻസീസ് ഗായെ ആഗസ്റ്റ് 26-ാംനു ഫ്രാൻസിൽവച്ചു് ചരമംപ്രാപിച്ചിരിക്കുന്നു. തിരുമനസ്സുകൊണ്ടു് കഴിഞ്ഞ മേയ്മാസത്തിലാണു് ഇൻഡ്യയിൽനിന്നും പുറപ്പെട്ടതു്. റോം സന്ദർശിച്ചശേഷം ഫ്രാൻസിലേക്കു പോകയും അവിടെവച്ചു് രോഗബാധിതനാകയും ചെയ്തു. തുടർന്നു് കുറെനാൾ ആസ്പത്രിയിൽ ചെലവഴിച്ചു. മരിക്കുന്നതിനു രണ്ടാഴ്ചമുമ്പാണു് കരളിനു ബാധിച്ചിരുന്ന കാൻസർ ആണു് രോഗമെന്നു ഡോക്ടർമാർ വിധി പ്രസ്താവിച്ചതു്.

ഡോക്ടർ ഗായെ 1903-ൽ ഇൻഡ്യയിൽവന്നു. 1908-ൽ പുരോഹിതപട്ടം സ്വീകരിച്ചു. 1934 ജൂൺ 24-ാംനു മെത്രാനായി അഭിഷേചിക്കപ്പെടുകയും ചെയ്തു.

വിമർശനവീഥി

# ഹോമം ചെയ്തു സമ്മതിപ്പിക്കുന്ന റഷ്യൻനയത്തിനു ദൃഷ്ടാന്തം

[വിക്ടർ ക്രാച്ചൻകോ എന്നു പേരുള്ള ഫാക്ടറിഡയറക്ടറുടെമേൽ ആരോപിക്കപ്പെട്ട ഇല്ലംകുററങ്ങൾ തെളിയിക്കുവാനുള്ള ചോദ്യോത്തരങ്ങളും വിസ്താരങ്ങളും നടന്ന ചില രംഗങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ കഴിഞ്ഞ ലക്കത്തിൽ ചേർത്തിരുന്നല്ലോ. തുടർന്നുള്ള രംഗങ്ങളാണ്, അദ്ദേഹത്തിന്റെ വാക്കുകളിൽ താഴെ ചേർക്കുന്നത്.]

* * *

ഞാൻ വളരെ ക്ഷീണിച്ചിരുന്നു, വിചാരിക്കാനോ വികാരങ്ങൾ തോന്നാനോ പാടില്ലാത്തവിധം അത്രയധികം ക്ഷീണിച്ചിരുന്നു. അങ്ങനെ കിടന്നുറക്കം പിടിച്ചു. അപ്പോൾ കേൾക്കാം ടെലഫോണിൽ ഒരു വിളി. ആ സ്വരം രഹസ്യപ്പോലീസിന്റെ മേധാവിയായ ഗർഷംഗോണിന്റേതാണെന്നു മനസ്സിലായപ്പോൾ എന്റെ ഹൃദയം പരിഭ്രമത്തിലകപ്പെട്ടുപോയി.

“കൊള്ളാം, കൊള്ളാം. അങ്ങനെ ഈ ചെറുപക്ഷി അതിന്റെ ദീർഘയാത്രകഴിഞ്ഞ് തിരിച്ചെത്തിയിരിക്കയാണ് അല്ലേ......? തന്റെ പുതിയ വസതി തനിക്കു പിടിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ......അർദ്ധരാത്രി എന്നെ വന്നു കാണണം.”

ഞാൻ ചെന്നു പതിവുപോലെ അദ്ദേഹത്തിന്റെ വരവു കാത്തുനിന്നു.

“കൊള്ളാം, ക്രാച്ചൻകോ,” ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹം പറഞ്ഞു. “തന്റെ യാത്ര ഫലപ്രദമായെന്നു ഞാൻ വിചാരിക്കുന്നു. ഞങ്ങളുടെ അന്വേഷണങ്ങൾ ഇങ്ങനെ മുറിഞ്ഞുപോകുവാൻ ഞങ്ങളിഷ്ടപ്പെടുന്നില്ല.”

“വേണ്ട അന്വേഷണങ്ങളോടുകൂടിയാണ് ഞാൻ പോയത്.” ഞാൻ പറഞ്ഞു.

“അതൊക്കെ എനിക്കറിയാം. ചില സങ്കേതങ്ങൾ തേടിയാണ് താൻ പോയതെന്നു ഞാനറിഞ്ഞു. അതിൽ തന്നെ സഹായിച്ചത് (ഇതാ രണ്ടുപേരു) അല്ലയോ? എന്നാൽ കഷ്ടം. അവരിരുവരും ജനങ്ങളുടെ ശത്രുക്കളായി അറസ്റ്റു ചെയ്യപ്പെട്ടിരിക്കയാണ്! എല്ലാം ഒരുവരുന്നതൊരാശ്ചര്യം—തന്റെ മിത്രങ്ങളും രക്ഷാധികാരികളുമെല്ലാം രാജ്യദ്രോഹികളായി വെളിപ്പെടുന്നു. ഒരു കാര്യമെന്നോടു പറയൂ. അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നവരിലൊരാളായ മെർഗോളിന് തനിക്കുവേണ്ടി സിററിക്കമ്മിററിയിലേക്ക് ഒരു ശുപാർശക്കത്തെഴുതിയത് എങ്ങനെയാണ്? അയാൾ തന്റെ ഒരു പഴയ സ്നേഹിതനാണ്, സംശയമില്ല.”

“ഞാൻ ആ മനുഷ്യനെ എന്റെ ജീവിതകാലത്തിൽ ഒരിക്കലേ കണ്ടിട്ടുള്ളൂ. അന്ന് അയാളുടെ ആഫീസിൽവെച്ചു.”

“അതു് എനിക്കത്ര ബോദ്ധ്യമാകുന്നില്ല...... അതെന്തുമാകട്ടെ. എനിക്കറിയേണ്ടത് ആ വൃത്തികെട്ട വഞ്ചകനായ ഇവാൻ ചെൻകോയെപ്പററിയാണ്. ഈ രാജ്യദ്രോഹിയെ വളരെനാളായി തനിക്കു പരിചയമാണല്ലോ—”

“അതെ, എന്നാൽ അയാളെ രാജ്യദ്രോഹിയായി ഞാനറിഞ്ഞിട്ടില്ല.”

“ചെപ്പുകളുണ്ടാക്കുന്ന ഫാക്ടറിയിൽ അയാൾ ചെയ്തിട്ടുള്ള ജോലികളെപ്പററി തനിക്കെന്നോട് എന്തുപറയുവാൻ കഴിയും?”

“എനിക്കറിവുള്ളതെല്ലാം ഞാൻ പറഞ്ഞു. രാജ്യത്തിലെല്ലാവർക്കും അതു് അറിവുള്ളതാണുതാനും.” ഗർഷഗോണിന്റെ മുഖം കോപപരവശമായി.

“ക്രാച്ചൻകോ, കളികളയൂ. എനിക്കറിയേണ്ട സംഗതികൾ ഇതൊന്നുമല്ലെന്നു താൻ ധരിക്കണം.”

“എനിക്കറിയാവുന്ന വിവരങ്ങൾ ഇത്രമാത്രമേയുള്ളൂ.”

“ഇതിൽക്കൂടുതൽ വളരെയധികം തന്നെക്കൊണ്ടു സമ്മതിപ്പിക്കാൻ ഞങ്ങൾക്കു കഴിയുമെന്നാണ് എന്റെ വിചാരം. തന്നെപ്പോലെയുള്ള ശാഠ്യക്കാരെ ഞങ്ങൾ അങ്ങനെ സമ്മതിപ്പിച്ചിട്ടുണ്ട്.”

നേരം വെളുത്തുതുടങ്ങി. ഗർഷഗോൺ ക്ഷീണിതനാകുന്നതോടുകൂടി കൂടുതൽ ഉച്ചത്തിലും അപമാനകരമായും എന്നെ ഹേമിപ്പിച്ചിരുന്നു.

“എന്നോടു പറയൂ. ക്രാച്ചൻകോ,” ഒരു ചോദ്യത്തിനിടയ്ക്ക് അദ്ദേഹം പെട്ടെന്നു പറഞ്ഞു, “അറസ്റ്റ് ചെയ്യപ്പെട്ടെന്നാൽ താൻ ഇത്ര ഭയപ്പെടുന്നതെന്തിന്? ഒരുപക്ഷേ താൻ കുററക്കാരനാണെന്നുള്ള ബോധം ഹൃദയത്തിന്റെ അടിത്തട്ടിൽ തനിക്കനുഭവപ്പെടുന്നുണ്ടാകാം.”

“ക്ഷമിക്കണം, ഞെരിയഖെയി. എട്ടുമണിക്ക് ഞാൻ ജോലിക്ക് ഹാജരാകണം. ഞാനിപ്പോൾത്തന്നെ അറസ്റ്റിലല്ലെങ്കിൽ, താത്വികമായ വാദപ്രതിവാദം തുടങ്ങാൻ ഒട്ടും കൊള്ളാത്ത സമയമാണിത്.”

അങ്ങനെ ആ രംഗവും അവസാനിച്ചു. എന്റെ പുതിയ അപരിചിതമായ ആഫീസിൽ ഞാൻ ജോലിചെയ്തുകൊണ്ടിരുന്നു. ഉറക്കമില്ലായ്മയുടെ ക്ഷീണത്താൽ തലകറങ്ങി. മാംസപേശികളെല്ലാം വേദനിച്ചു കണ്ണുകൾ പൊള്ളുന്നതുപോലെ തോന്നി.

* * *

ഏതാനുമാഴ്ചകൾക്കുശേഷം, ഒരു രാത്രി, ഉറക്കത്തിൽ എന്നെ ഉണർത്തി, ടെലഫോണിലേക്കെന്നെ വിളിച്ചു ഞാനെണീററു ഡ്രസ്സുചെയ്തു ഇറങ്ങിച്ചെല്ലുന്നു. വിളിച്ചതു ഗർഷഗോണായിരുന്നു. ഉടനെ എൻ. കെ. വി. ഡി. യിലേക്കു (രഹസ്യപ്പോലീസ്) ചെല്ലുവാൻ അദ്ദേഹമുത്തരവായി. ഞാനവിടെ ചെന്നു കാത്തിരിക്കാൻ തുടങ്ങി. ഉറക്കമില്ലായ്മ, മനശ്ശല്യം, ഫാക്ടറിയിലെ കഷ്ടപ്പാടും ഇവയെല്ലാം എന്നെ നിർജ്ജീവനാക്കി.

“കൊള്ളാം, നമുക്കു നമ്മുടെ സംഭാഷണം തുടങ്ങാം.” ഗർഷഗോൺ ഉദ്ഘോഷിച്ചു “ഇത്തവണ താൻ കുറെക്കൂടി ബുദ്ധിയായി, കുറേക്കൂടി സഹകരണബോധത്തോടുകൂടി, പെരുമാറുമെന്നു ഞാൻ വിചാരിക്കുന്നു.”

“എന്നിൽനിന്നെന്താണ് അങ്ങാവശ്യപ്പെടുന്നതു്?”

ഗർഷഗോൺ മേശയിൽ ഒരടി. അതിനുശേഷം അദ്ദേഹം എന്റെനേരെ മുഷ്ടിചുരുട്ടി.

“ഇവിടെ ചോദ്യം ചോദിക്കുന്നതു ഞങ്ങളാണ്.” അദ്ദേഹമലറി. “തന്റെ കർത്തവ്യം അവയ്ക്കുത്തരം പറയുകയാണ്. മനസ്സിലായോ? ഞാൻ വീണ്ടും ചോദിക്കുന്നു ഇവാൻചെൻകോയുടെ നശീകരണപ്രവൃത്തികളെപ്പററി തനിക്കെന്തറിയാമെന്നു്. ആലോചിച്ചു പറയുവാൻ തനിക്കു ധാരാളം സമയം കിട്ടിക്കഴിഞ്ഞു.”

“എനിക്കൊന്നുമറിഞ്ഞുകൂടാ.”

“പറയുന്നതു കേൾക്കൂ, ക്രാച്ചൻകോ; തനിക്കും എനിക്കും സമയം കളയാതെ കഴിക്കാം താൻ വേണ്ടതു പറയുകയാണെങ്കിൽ. ആളുകളെക്കൊണ്ടു പറയിപ്പിക്കാൻ ഞങ്ങൾക്കു മാർഗ്ഗങ്ങളുണ്ട്. പട്ടുപോലെ അവരെ മാർദ്ദവമുള്ളവരാക്കാനും വെണ്ണപോലെ അവരെ വഴിപ്പെടുത്താനും ഞങ്ങൾക്കു സാധിക്കുന്നുണ്ട്, മനസ്സിലായോ?”

“ഞാൻ സത്യം പറയുകയാണ്. എനിക്കറിഞ്ഞുകൂടാത്തതോ ഇല്ലാത്തതോ ആയ കാര്യങ്ങൾ പറയാൻ എന്നെക്കൊണ്ടാവില്ല.”

“അപ്പോൾ താൻ സംസാരിക്കാൻ തയാറില്ലെന്നോ?”

ആ ഘട്ടത്തിൽ ടെലഫോൺ മണിയടിച്ചു. തന്നെ ഡോറോഗോൺ (അദ്ദേഹത്തിന്റെ മേലാവു്) വിളിക്കയാണെന്നു് ഗർഷഗോൺ പറഞ്ഞു. മുറിയിൽനിന്നു ഞങ്ങളൊരുമിച്ചു പുറത്തിറങ്ങി. യൂണിഫോംധരിച്ച ഒരു രഹസ്യപ്പോലീസുകാരനോടു തിരിഞ്ഞ് അദ്ദേഹം പറഞ്ഞു: “ഈ പരമനെ ഞാൻ വരുന്നതുവരെ സൂക്ഷിച്ചുകൊള്ളൂ.”

വരാന്തയിൽ അപ്പോൾ അഞ്ചാറു പേർനില്പുണ്ടായിരുന്നു അവരുടെ മുഖം ചുമരിനുനേരെ തിരിഞ്ഞും, അവരുടെ കരങ്ങൾ പിന്നിൽ ബന്ധിച്ചുമിരുന്നു.

“പരമ! ഇതാ അവിടെപ്പോയി, അവർ നില്ക്കുന്നതുപോലെ നില്ക്കൂ.” ആ പോലീസുകാരൻ എന്നെ അവരുടെ പക്കലേക്കു തള്ളിനീക്കിക്കൊണ്ടു പറഞ്ഞു.

ഞാൻ അവരുടെ അടുത്തുചെന്നു പറഞ്ഞതുപോലെ നിന്നു. ആ മങ്ങിയ വെളിച്ചത്തിൽ ഞങ്ങൾക്കു പരസ്പരം കണ്ടുകൂടായിരുന്നു; ഞങ്ങളുടെ പിൻഭാഗത്തു നടക്കുന്നതൊന്നും കണ്ടുകൂടായിരുന്നു. ഞാൻ ആ നിലയിൽ നില്ക്കുകയായിരുന്ന 4 മണിക്കൂറിനുള്ളിൽ വേറെയാളുകളും വന്നു ഞങ്ങളോടൊപ്പം അണിനിരന്നു. ഇത്തരം ദേഹോപദ്രവത്തെപ്പററി ഞാൻ കേട്ടിട്ടുള്ളതാണ്. എൻ. കെ. വി. ഡി. ക്കു കൈവശമുള്ളതിൽ എററവും ലഘുവാണിതു്. ഇപ്പോൾ എന്റെ സ്വന്തം ശരീരത്തിൽ ഞാൻ ഈ ഉപദ്രവം ഏററുതുടങ്ങി.

ഒരേനിലയിൽ, ശൂന്യതയ്ക്കു ദൃഷ്ടിതിരിച്ചു മണിക്കൂറുകൾ തുടരെ നില്ക്കാൻ നിർബന്ധിതനായ ആൾക്കുമാത്രമേ അതിന്റെ കാഠിന്യം മനസ്സിലാകൂ. ഓരോ മിനിട്ടു കഴിയുന്തോറും കരങ്ങളും, ഭുജങ്ങളും, പാദങ്ങളും കൂടുതൽ കൂടുതൽ ഘനമുള്ളതും നിശ്ചലങ്ങളുമായിത്തീരുന്നു. ശരീരത്തിന്റെ ഓരോ ഭാഗവും, ഓരോ വിരലും വിരലിന്റെ ഓരോ മടക്കും പ്രത്യേകം പ്രത്യേകം ഘനമുള്ളതായിത്തോന്നും. ഇതെങ്ങനെ സഹിക്കുമെന്നു വിചാരപ്പെട്ടുമെങ്കിലും, സഹിക്കതന്നെ ചെയ്യുന്നു.

വരാന്തയ്ക്കു തൊട്ടുള്ള മുറികളിൽനിന്നു ഹൃദയം തകർക്കുന്ന ദീനസ്വരങ്ങളും, ശാപവാക്കുകളും, പ്രഹരങ്ങളേറ്റു ശരീരങ്ങൾ നിലത്തടിച്ചുവീഴുന്നതിന്റെയും സ്വരവും കേൾക്കാമായിരുന്നു. ആളുകളോടു ചോദ്യംചോദിക്കുകയും, അവരെ ഭീഷണിപ്പെടുത്തുകയും തല്ലുകയും ചെയ്യുകയാണു്..........അപ്പഴേക്കും നേരം വെളുക്കാറായി.

“കൊള്ളാം, വന്നാലും ക്രാച്ചൻകോ. തന്നെ ഇത്ര നേരം കാത്തിരുത്തിയതിൽ ദുഃഖമുണ്ടു്. എനിക്കു വളരെ ജോലിത്തിരക്കായിരുന്നു, വളരെ വളരെ......”

ഇതു സംസാരിച്ചതു ഗർഷഗോൺ ആണു്. ഞാൻ തിരിഞ്ഞുനോക്കി. അദ്ദേഹത്തിന്റെ ആഫീസിൽ കൊണ്ടുപോയി എന്നെ ഇരുത്തി. എനിക്കു യാതൊരാശ്വാസവും തോന്നിയില്ല. അപ്പോഴും പഴയനിലയിൽ നില്ക്കുന്നതുപോലെ, ക്ഷീണത്തിന്റെ ഭാരം എന്നെ നിലത്തോട്ടു ചേർത്തു് ഇറുക്കിബന്ധിച്ചിരിക്കുന്നതായി, എനിക്കു തോന്നി. ഗർഷഗോൺ ചില ചോദ്യങ്ങൾ ചോദിച്ചു എന്നാൽ അവയിലെ വാക്കുകളേ എനിക്കു പിടികിട്ടിയുള്ളൂ. അർത്ഥം ഗ്രഹിക്കുവാൻ സാധിച്ചില്ല.

“കൊള്ളാം, ഇനി വീട്ടിൽപോയി അല്പം ഉറങ്ങു. തനിക്കതാവശ്യമാണ്. ഞാൻ വീണ്ടും, വേഗംതന്നെ വിളിച്ചുകൊള്ളാം. നമ്മുടെ ഈ സംഭാഷണങ്ങളും മററും താനും ഞാനും മാത്രമറിഞ്ഞാൽ മതി കേട്ടോ. രഹസ്യമായിരിക്കണം. ആരോടെങ്കിലും മിണ്ടിപ്പോയാൽ താൻ പശ്ചാത്തപിക്കേണ്ടിവരും.”

* * *

അന്നു പകൽ എൻ. കെ. വി. ഡി. യുടെ ഒരു സന്ദേശം എനിക്കുകിട്ടി, വീണ്ടും അർദ്ധരാത്രി അവിടെച്ചെല്ലാൻ. ചെന്നു. ആ രാത്രി ഗർഷഗോൺ വളരെ മര്യാദയായിട്ടാണ് പെരുമാറാൻ തുടങ്ങിയതു്.

“ക്രാച്ചൻകോ, ഈ രാത്രി താൻ ഞങ്ങൾക്കൊരുപകാരം ചെയ്യണം” അദ്ദേഹം പറഞ്ഞു “എൻ. കെ. വി. ഡി. അതു വിലവയ്ക്കും, പാർട്ടിയും അതു വിലമതിക്കും. ഞങ്ങൾ അധികമൊന്നും ചോദിക്കുന്നില്ലെന്നു മനസ്സിലാക്കണം.”

“എന്താണാവശ്യം ഉപകാരം?”

“നിങ്ങളുടെ ഒരൊപ്പു തരണമെന്നുമാത്രം. എൻജിനീയറും, സോവ്യററുഡയറക്ടറും പാർട്ടിയംഗവും എന്ന നിലകളിൽ തന്റെ നിർവ്യാജവും നിർബന്ധരഹിതവുമായ ഒരൊപ്പു്. ഇതൊരു ഗൗരവമായ കാര്യത്തെപ്പററിയാണെന്നു ധരിക്കണം. നിങ്ങളുടെ ഫാക്ടറിയിൽനിന്നു നൽകപ്പെട്ട പൈപ്പുകളിൽ ചില അഴുക്കുകളുണ്ടായിരുന്നു. തന്റെ കുററംകൊണ്ടല്ല, തീർച്ചയാണു്. അതിന്റെ ലോഹമുണ്ടാക്കിയതു് താനല്ലല്ലോ. മോസ്കോയിലെ ഉന്നതസ്ഥാനങ്ങൾമുതൽ കീഴ്പോട്ടുള്ള സംഘടിതമായ ഒരു നശീകരണസംരംഭമാണ് അതിലടങ്ങിയിരിക്കുന്നത്. പൈപ്പുകളുണ്ടാക്കാനുള്ള സ്റ്റീൽ ഉരുക്കിയ ഫാക്ടറിയുടെ ഡയറക്ടറായ മാംഗാച്ചേവസ്കി, ആ ജനശത്രു, ഇപ്പോൾ അറസ്റ്റിലാണു്.”

എനിക്കുടനെ മനസ്സിലായി, ഇതു ഭയങ്കരമായ പോലീസു കെട്ടുകഥയാണെന്നു്.

“ഗർഷഗോൺ സഖാവേ,” ഞാൻ പറഞ്ഞു. “ഒന്നാമതു്, ഇപ്പറഞ്ഞ അഴുക്കുകളും മററു ദോഷങ്ങളും നശീകരണപ്രവൃത്തിയുടെ ഫലമാണെന്നു് എനിക്കു നിശ്ചയമില്ല! രണ്ടാമതു് ഞാനൊപ്പിടണമെന്നു് അങ്ങാവശ്യപ്പെടുന്ന പ്രമാണം എനിക്കു വായിച്ചുനോക്കണമെന്നുണ്ടു്.”

“അതിനൊരു വിരോധവുമില്ല. ഇതാ വായിച്ചുനോക്കൂ.” അദ്ദേഹം അടുക്കിച്ച് ടൈപ്പുചെയ്ത 20 നീണ്ട കടലാസ്സുകൾ സൂചിക്കെട്ടു എന്റെ കൈയിൽ തന്നു.

ഞാൻ സാവധാനം, ഒരു മണിക്കൂർ നേരത്തോളം, അതു വായിച്ചു. വായിക്കുംതോറും ചൂടിന്റേയും തണുപ്പിന്റേയും തിരമാലകൾ എന്നിൽ ഉള്ളിൽ തള്ളിക്കയറി. അർദ്ധസത്യങ്ങളും മുഴുവൻ നുണകളും ശ്രദ്ധയോടും സാമർത്ഥ്യത്തോടും കൂട്ടിക്കുഴച്ചുണ്ടാക്കിയ ഒരു വിശേഷരേഖയായിരുന്നു അതു്. അതിൽ ചിലരുടെ പേരുകൾ കുത്തിച്ചേർത്തതായിരുന്നു. അവയിൽ ചിലതു് അനേകം പ്രാവശ്യം ഞാൻ അറിഞ്ഞിട്ടുള്ളതുമാണു്. ദേശത്തിലാകെ പ്രസിദ്ധരായ എൻജിനീയർമാരുടെയും ഫാക്ടറിമാനേജർമാരുടെയും മന്ത്രിമാരുടെയും പേരുകളായിരുന്നു അവ.

“ഇതൊരുകാലത്തും ഒപ്പുവയ്ക്കുവാൻ എനിക്കു സാദ്ധ്യമല്ല” വായിച്ചുതീർന്നപ്പോൾ ഞാൻ പറഞ്ഞു “എനിക്കു പരിചയമുള്ള സ്റ്റീലിനെക്കൊണ്ടു ഞാൻ പൈപ്പുണ്ടാക്കി. ചിലപ്പോൾ ആ സ്റ്റീലിൽ അഴുക്കുകളുണ്ടായിരുന്നു. ഇതുമാത്രമേ എനിക്കറിയാവൂ, അതുമാത്രമേ എനിക്കൊപ്പിടാനും സാധിക്കൂ.”

“അതുകൊള്ളാം. എന്നാൽ പിന്നെ എന്തിനാണ് നമ്മുടെ ചില ഏററവും മികച്ച എൻജിനീയർമാരും വ്യവസായമാനേജർമാരും അതിനൊപ്പിട്ടതു? അവരെക്കാളൊക്കെ വിശുദ്ധനാണ് താനെന്നാണോ ഭാവം?”

ഈ രേഖ വാസ്തവത്തിൽ പ്രമുഖന്മാരായ സോവ്യററു ശാസ്ത്രജ്ഞന്മാരും പ്രസിദ്ധന്മാരായ എൻജിനീയർമാരും ഒപ്പുവച്ചിട്ടുള്ളതാണു്. അവരുടെ പൊതുവായ വിധി, “നശീകരണപ്രവൃത്തി” എന്നായിരുന്നു. അവരുടെ ഒപ്പുകൾ എങ്ങനെ വാങ്ങിച്ചതാണെന്നു പറയുവാൻ എനിക്കൊരു പ്രയാസവുമുണ്ടായിരുന്നില്ല. ഗർഷഗോൺ നേരം പുലരുന്നതുവരെ എന്നോടു വാദിക്കുകയും എന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തു. പരമക്കാരമായ എന്റെ ഒരു കുററസമ്മതം വാങ്ങണമെന്നു് നേരത്തെതന്നെ എൻ. കെ. വി. ഡി.ക്കു് ഉത്തരവുലഭിച്ചിരുന്നു. കെട്ടുകഥയിലെ ചങ്ങലയ്ക്കു വേണ്ടിയിരുന്ന ഒരു കണ്ണിയായിരുന്നു അതു്. ആ കണ്ണി കൊടുക്കുവാൻ ഞാൻ സമ്മതിച്ചാൽ ആ ചങ്ങല എന്റെ കഴുത്തിൽ ചുററി എന്നെ വീഴ്പ്പെടുത്തുകയായിരുന്നു.

അവസാനത്തിൽ ഒരു ശാപവർഷത്തോടും ഒന്നുകൂടി ആലോചിക്കണമെന്നുള്ള ഭീഷണിയോടുംകൂടി എന്നെ തള്ളിപ്പുറംവിട്ടയച്ചു (തുടരും)

## സന്യാസസഭയിലേക്ക്

സാൻ ഫ്രാൻസിസ്കോയിലെ ഒരു വ്യാപാരിയായ മി. ഡൊനാൾഡ് ഫോസ്റ്റർ ഭാര്യയുടെ സമ്മതത്തോടുകൂടി ബെനഡിക്ടൻ സന്യാസസഭയിൽ ചേർന്നു വൈദികനാകാൻ തീരുമാനിച്ചിരിക്കുന്നു. അദ്ദേഹത്തിനിപ്പോൾ 50 വയസ്സു പ്രായമുണ്ട്. കുടുംബത്തിന്റെ ധനബാധ്യതകളെല്ലാം തീർത്തശേഷം ഒരു കന്യാസ്ത്രീയാകുവാനാണ് അദ്ദേഹത്തിന്റെ ഭാര്യ നിശ്ചയിച്ചിരിക്കുന്നതു്. അവരുടെ വിവാഹം കഴിഞ്ഞിട്ടു ഇപ്പോൾ 25 വർഷമായി. അവരുടെ ഏകസന്താനമായ മജോരി “പ്രെസന്റേഷൻ” സന്യാസസഭയിലെ ഒരു കന്യാസ്ത്രീയാണ്. മി. ഫോസ്റ്ററിന്റെ സഹോദരിമാരിലൊരാൾ മേരിനോൾ മിഷൻസംഘത്തിലെ ഒരംഗവുമാണത്രെ.




# മഹോദരരോഗികൾ

"ഒരു ശാബത്തുദിവസം പ്രമുഖനായ ഒരു ഫ്രീശൻെറ വീട്ടിൽ വിരുന്നു കഴിക്കുവാൻ ഈശോ ക്ഷണിക്കപ്പെട്ടു. അവിടുന്നു് ആ വീട്ടിൽ പ്രവേശിച്ചപ്പോൾ അവർ അവിടുത്തെ ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടിരുന്നു. മഹോദരരോഗിയായി അന്ന ഒരു മനുഷ്യൻ അവിടുത്തെ ദൃഷ്ടിയിൽപ്പെട്ടു. ഉടനെ ഈശോ നിയമജ്ഞന്മാരോടും ഫ്രീശന്മാരോടും, ശാബത്തുദിവസം രോഗശാന്തി നൽകുവാൻ അനുവദിക്കപ്പെട്ടിട്ടുണ്ടോ എന്നു പരസ്യമായി ചോദിച്ചു. ഇതിനു് അവർ മറുപടി പറയാഞ്ഞതിനാൽ അവിടുന്നു് അവൻെറ കൈകളിന്മേൽ പിടിച്ചു് അവനെ സുഖപ്പെടുത്തി വിട്ടു. അനന്തരം അവിടുന്നു് അവരുടെ നേരെ തിരിഞ്ഞു് ഇങ്ങനെ ചോദിച്ചു: നിങ്ങളിൽ ആരുടെയെങ്കിലും കാളയോ കഴുതയോ ശാബത്തുദിവസം കുഴിയിൽ വീണാൽ അതിനെ നിങ്ങൾ ഉടനെ അതിൽനിന്നു കയററാതിരിക്കുമോ? ഇതിനു മറുപടി പറയുവാൻ അവർക്കു സാധിച്ചില്ല. ക്ഷണിക്കപ്പെട്ട അതിഥികൾ തങ്ങൾക്കായി പ്രഥമസ്ഥാനം തിരഞ്ഞെടുക്കുന്നതു് കണ്ടുകൊണ്ടു് അവിടുന്നു് അവരോടു് ഒരു ഉപമ അരുളിച്ചെയ്തു. അവിടുന്നു് പറഞ്ഞതായതു്: ആരെങ്കിലും നിന്നെ കല്യാണവിരുന്നിനു ക്ഷണിച്ചാൽ പ്രഥമസ്ഥാനത്തു് കയറി ഇരിക്കരുതു്. നിന്നേക്കാൾ സ്ഥാനമുള്ള വല്ല അതിഥിയേയും അവൻ ക്ഷണിച്ചിട്ടുണ്ടായിരിക്കാം. അങ്ങനെയുണ്ടെങ്കിൽ അവനേയും നിന്നേയും ക്ഷണിച്ചവൻ വന്നു്, ഈയാളിനു സ്ഥലം ഒഴിഞ്ഞുകൊടുക്കുക എന്നു നിന്നോടു പറയും. അപ്പോൾ നീ ലജ്ജിതനായി ഒടുവിലത്തെ സ്ഥലം എടുക്കേണ്ടിവരും. നേരെമറിച്ചു് നീ ക്ഷണിക്കപ്പെടുമ്പോൾ, ഏററവും ഒടുവിലത്തെ സ്ഥാനത്തേക്കുപോയി അവിടെ ഇരിക്കുക. അപ്പോൾ നിന്നെ ക്ഷണിച്ചവൻ വന്നു്, സ്നേഹിതാ, മുന്നോട്ടു കടന്നിരിക്കുക എന്നു പറയും. ഇങ്ങനെ നിൻെറകൂടെ ഇരിക്കുന്ന എല്ലാവരുടേയും സമക്ഷം നിനക്കു ബഹുമാനം ഉണ്ടാകുവാൻ ഇടയാകും. തന്നെത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്ന ഏവനും ഉയർത്തപ്പെടുകയും ചെയ്യും." (പന്ത. 16 ാം ഞായർ; സുവിശേഷം ലൂക്കാ XIV 1-11)

ന്യായമായ വിധത്തിൽ ധനം സമാർജ്ജിക്കയും മിതമായ തോതിൽ അതു സംഭരിക്കയും ഉചിതമായ രീതിയിൽ—സഹോദരസ്നേഹത്തിൻെറയും ദീനാനുകമ്പയുടേയും ഉൽകൃഷ്ടാദർശങ്ങൾക്കനുയോജ്യമാംവണ്ണം, അതു വിനിയോഗിക്കയും ചെയ്യുന്ന പലരും ഇന്നു ലോകത്തിലുണ്ടു്. എന്നാൽ ധനത്തെ ധനത്തിനുവേണ്ടിമാത്രം സംഭരിക്കയും വെച്ചുപൂജിക്കയും രജ്ജന്യമായ സുഖഭോഗങ്ങളിൽ ആറാടുകയും ദരിദ്രക്ഷജനങ്ങളുടെ നേരെ കണ്ണടച്ചുകളുകയും ചെയ്യുന്ന ചില ധനവാന്മാരും ഇല്ലാതില്ല. ഈ രണ്ടാമതു പറഞ്ഞ തരക്കാരുടെ പ്രതിരൂപമായി മഹോദരരോഗിയെ പരിഗണിക്കുന്നതിൽ അനൗചിത്യമുണ്ടെന്നു തോന്നുന്നില്ല. അശുദ്ധജലാംശങ്ങൾ അമിതമായി ദേഹത്തിൽ തടിച്ചുകൂടുമ്പോഴാണല്ലൊ ദേഹം മുഴുവനും അമിതമായി വീക്കുകയും പ്രത്യേകിച്ചു് ആമാശയപ്രദേശങ്ങൾ നിശ്ചിതപരിമാണങ്ങളെയെല്ലാം ഉല്ലംഘിച്ചു് അമിതമായി വിജൃംഭിക്കയുംചെയ്യുന്നതു്. ഇതിഹാസങ്ങളിൽ പെരുവയറനായ ഒരു ഭൂതത്തിനു നൽകിയിട്ടുള്ള ഒരു പേരാണല്ലൊ മഹോദരൻ. ഇപ്രകാരം സ്ഥൂലവും മേദസ്സുമായ ഭീമശരീരവും വിജൃംഭിച്ചുനിൽക്കുന്ന വയറും കാണികളെപ്പോലും വിസ്മയിപ്പിക്കുന്ന ഒരു ഭയനീയകാഴ്ചയാണു്. ഇതുപോലെതന്നെ അമിതമായ ധനം—പലപ്പോഴും അശുദ്ധമോ അനീതിപരമോ ആയ മാർഗ്ഗങ്ങളിലൂടെ സമാർജ്ജിച്ചതായിരിക്കാം—ഒരുവനിൽ തടിച്ചുകൂടുകയും ദാനശീലവും പരോപകാരകൃത്യങ്ങളുമാകുന്ന ബഹിർഗമനമാർഗ്ഗങ്ങൾ യാതൊന്നും തുറന്നിടാതെ മേൽക്കുമേൽ സംഭരണംമാത്രം നടത്തുകയും ചെയ്യുന്ന ഒരു ധനവാൻ ഒരു മഹോദരരോഗിയെപ്പോലെ അനുകമ്പാർഹനാണു്; കാണികളെ വിസ്മയിപ്പിക്കുന്നവനാണു്; ഭയങ്കരരോഗത്തിൽ കിടന്നുഴലുന്നവനാണു്; നിത്യമരണത്തിലേക്കു കുതിച്ചുപായുന്നവനുമാണു്. "ധനവാൻ മരിച്ചു നരകത്തിൽ അടക്കപ്പെട്ടു."

മഹോദരരോഗികൾക്കു ദാഹം കലശലായിരിക്കും; എന്നാൽ എത്രതന്നെ വെള്ളം കുടിച്ചാലും അവർക്കു ദാഹശമനം ലഭിക്കയില്ല; ദാഹം ഒന്നിനൊന്നു വർദ്ധിക്കുകയേയുള്ളു. ഇതുപോലെതന്നെ ധനതൃഷ്ണയുള്ള ഒരുവനു് എത്രതന്നെ ധനം കരസ്ഥമായാലും അലംഭാവം ഒരിക്കലും ഉണ്ടാകയില്ല. സിംഹത്തിനു മനുഷ്യരക്തം കുടിക്കുന്തോറും രക്തതൃഷ്ണ കൂടിവരുന്നതുപോലെയാണു് ധനവാൻെറയും സ്ഥിതി. ഈ ധനതൃഷ്ണ വർദ്ധിക്കുംതോറും ധനസമ്പാദനമാർഗ്ഗങ്ങളുടെ ധാർമ്മികവശത്തെപ്പററി അയാൾ ചിന്തിക്കുന്നില്ല. ധനദേവനെ പ്രസാദിപ്പിക്കുമ്പോൾ കൂടുതൽ അനീതികൾപോലും അവൻ പ്രവർത്തിച്ചുതുടങ്ങും. കൊടുംചതികളും കാഞ്ചനതയും അവനു തഴക്കമായിത്തീരുന്നു. "ഇതൊക്കെ ലോകത്തിൽ പതിവാണ്" എന്നുള്ള സമാധാനം അവൻെറ മനസ്സാക്ഷിയിൽ വെണ്ണ പുരട്ടുന്നു. നിഷ്കപടരായ സാധുക്കളുടേയും അനാഥരുടേയും നിസ്സാരസമ്പാദ്യങ്ങൾപോലും അപഹരിച്ചു് ധനദേവനു കുരുതികഴിക്കുവാൻ തക്കഹൃദയകാഠിന്യം അവനുണ്ടായിത്തീരുന്നു. കള്ളക്കണക്കുകളും കള്ളവ്യവഹാരങ്ങളും അവനു ആനന്ദപ്രദമാണു്. വേലക്കാർക്കു ന്യായമായ പ്രതിഫലം അവൻ ഒരിക്കലും നൽകുകയില്ല. മനസ്സാക്ഷിയാണെങ്കിൽ ഇന്ത്യാറബ്ബർപോലെ എങ്ങോട്ടുവേണമെങ്കിലും വലിച്ചു നീട്ടാം. മരണവേളയിൽ പണപ്പെട്ടി തലയ്ക്കൽ സമീപേ വെക്കുകയും അതിനെ ചുംബിക്കയും നാണയങ്ങളുടെ കിലുകിലാരവത്തിൽ ആനന്ദിക്കയും ചെയ്യുന്നവരും ഇല്ലെന്നില്ല.

മഹോദരരോഗികളുടെ വയറും മററു് ശരീരാവയവങ്ങളും വീർത്തിരിക്കും. അശുദ്ധജലാംശങ്ങൾ വന്നു നിറയുന്നതുകൊണ്ടാണല്ലൊ ഈ വിജൃംഭണം ഉണ്ടാകുന്നതു്. ഇതുപോലെതന്നെ ധനതൃഷ്ണയുള്ള ഒരുവനിൽ അമിതമായി ധനം വന്നു സഞ്ചയിക്കയും ബഹിർഗമനമാർഗ്ഗങ്ങൾ ഇല്ലാതിരിക്കയും ചെയ്യുമ്പോൾ അഹംഭാവവും ധിക്കാരമനസ്ഥിതിയും പ്രകടമായിത്തീരുന്നു. ധനത്തിൻെറ മഞ്ജിതശിഞ്ജിതത്തിൽ രസം തേടുന്ന ധനവാന്മാർക്കു് ഇന്നു ലോകത്തിൽ അസാദ്ധ്യമായിട്ടു എന്താണുള്ളതു്. ലോകവും അതിലെ സമസ്തവസ്തുക്കളും അവരുടെ പാദമൂലത്തിൽ കിടക്കുന്നു. വിശിഷ്ടവിഭവങ്ങൾ, രമ്യഹർമ്മ്യങ്ങൾ, മണിമഞ്ചങ്ങൾ, വിശിഷ്ടങ്ങളായ അലങ്കാരങ്ങൾ, യാത്രാസുഖങ്ങൾ, ചികിത്സാസൗകര്യങ്ങൾ, കളിവിനോദങ്ങൾ, ഇലക്ട്രിക്‌പങ്ക, റേഡിയോ—ഇങ്ങനെ പലതും. ആജ്ഞാനുവർത്തികൾ നിരവധി; മന്ത്രിമുതൽ മാസപ്പടിവരെ സകല ഉദ്യോഗസ്ഥന്മാരും കീശയിൽ; എന്തും ചെയ്യാം; എന്തും അനുഭവിക്കാം. ഇങ്ങനെയുള്ള ഒരു പരിതസ്ഥിതിയിൽ അവൻ അഹങ്കാരപ്രമത്തനായിത്തീരുന്നു.

മഹോദരരോഗികൾക്കു നടക്കുവാൻ വളരെ വിഷമമാണു്. രണ്ടടി നടക്കുമ്പോഴേക്കും അവർക്കു് കിതപ്പും ക്ഷീണവും അനുഭവപ്പെടുന്നു. അധികവും അവർ കിടന്നും ഇരുന്നും കഴിച്ചുകൂട്ടുന്നു. ഇതുപോലെതന്നെ ധനതൃഷ്ണയുള്ളവർക്കും ആദ്ധ്യാത്മികകാര്യങ്ങളിൽ വ്യാപരിക്കുവാനോ പുരോഗമിക്കുവാനോ സാദ്ധ്യമല്ലാതെ വരുന്നു. ഭാരമുള്ള കല്ലുകൾ കെട്ടിയിട്ടാൽ പക്ഷിമൃഗാദികൾക്കു പറക്കുവാനോ ഓടുവാനോ സാദ്ധ്യമല്ലല്ലോ. അമിതധനമാകുന്ന ഭാരംപേറുന്ന ഈ മഹോദരരോഗികൾക്കു് ആദ്ധ്യാത്മികജീവിതം അസാദ്ധ്യമായിത്തീരുന്നു. ഒരുവൻെറ മനസ്സു് മുഴുവൻ ധനത്തിനു് അർപ്പിച്ചാൽ അവനിൽ ദൈവത്തിനു് സ്ഥാനം ലഭിക്കുക ക്ലിഷ്ടസാദ്ധ്യമാണു്. "നിങ്ങൾക്കു രണ്ടു യജമാനന്മാരെ സേവിക്കുവാൻ കഴികയില്ല. നിങ്ങൾക്കു ദൈവത്തേയും ധനത്തേയും സേവിക്കുവാൻ സാദ്ധ്യമല്ല" എന്നു് നിത്യസത്യം അരുളിച്ചെയ്തിട്ടുണ്ടു്. ധനതൃഷ്ണയുള്ള ഒരുവനു സമാധാനത്തോടെ പ്രാർത്ഥിക്കുവാനോ ധ്യാനിക്കുവാനോ ആദ്ധ്യാത്മികകാര്യങ്ങളിൽ വ്യാപരിക്കുവാനോ എങ്ങനെ സാധിക്കും? ആദായം, പലിശ, പ്രോനോട്ടുകൾ, പണയാധാരങ്ങൾ, ഡിവിഡെണ്ടു്, ബാങ്കു്, കച്ചവടം, നിക്ഷേപങ്ങൾ, വ്യവഹാരങ്ങൾ ഇവയല്ലെ അയാളുടെ മനസ്സിൽ തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുക? കാരണം "നിൻെറ നിക്ഷേപം എവിടെയോ അവിടെ നിൻെറ ഹൃദയവുമുണ്ടായിരിക്കും."

മഹോദരം സുഖപ്പെടുന്നതിനായി ശരീരത്തിൽ തടിച്ചുകൂടിയിരിക്കുന്ന അശുദ്ധദ്രാവകങ്ങളും ദുർമ്മേദസ്സുകളും വാർന്നുപോകുവാൻ തക്ക ഗുളികകളും മരുന്നുകളും കഷായങ്ങളും സേവിക്കണം. ഇതുപോലെതന്നെ, ധനതൃഷ്ണയിൽ മുഴുകിയിരിക്കുന്ന ധനവാനും നീതിയും പരസ്നേഹവുമായ തുറകളിൽക്കൂടെ "അനീതിയുടെ ധനത്തെ" (mammon of iniquity) ബഹിർഗ്ഗമിപ്പിക്കണം. ഇതിനു കത്തോലിക്കാസിദ്ധാന്തങ്ങളാകുന്ന ഗുളികകളും കഷായങ്ങളും ഏററവും പഥ്യമാണു്. ധനം ദൈവത്തിൻെറതാണു; ധനവാൻ ഒരു വെറും കാര്യസ്ഥൻ മാത്രമാണു്; തന്നിമിത്തം ധനം കൊണ്ടു് "എനിക്കു തോന്നിയതുപോലെ എന്തും ചെയ്യും" എന്നുള്ള മനസ്ഥിതി ഒരിക്കലും അനുവദനീയമല്ല. ധനവാൻ ദരിദ്രനെ സഹായിക്കണം, ഉദ്ധരിക്കണം, മനുഷ്യനായി ജീവിക്കുവാൻ അനുവദിക്കണം; അനീതിയായി സമാർജ്ജിച്ചിട്ടുള്ള നിസ്സാരധനംപോലും അതിൻെറ ഉടമസ്ഥനു് തിരിച്ചുകൊടുക്കണം; തൊഴിലാളികൾക്കു ന്യായമായ ജീവനക്കൂലി കൊടുക്കണം. ലൗകികസമ്പത്തു് ഉണ്ടായിരിക്കയും പട്ടിണികിടക്കുന്ന തൻെറ സഹോദരനെ കാണുമ്പോൾ അവനോടു കരുണതോന്നാതിരിക്കയും ചെയ്യുന്നവനിൽ ദൈവസ്നേഹം ഉണ്ടാകുന്നതെങ്ങനെ എന്നു മാർ യോഹന്നാൻ ശ്ലീഹാ ചോദിക്കുന്നു. മലയിലെ പ്രസംഗവും, ഒട്ടകവും സൂചിക്കുഴയും, ധനവാനും ലാസറും, ഒടുവിലത്തെ വിധിയുടെ വാചകങ്ങളും, തിരുസ്സഭയുടെ പ്രബോധനങ്ങളും, എല്ലാം വായിച്ചറിഞ്ഞശേഷവും ധനവാന്മാർ തങ്ങളുടെ "ധനോദരം" ആകുന്ന മഹോദരംവെച്ചു പുലർത്തുകയാണെങ്കിൽ ഇഹത്തിലും പരത്തിലും നാശമായിരിക്കും അനുഭവം. കത്തോലിക്കാസഭയുടെ ഉപദേശങ്ങളാകുന്ന ഗുളികകൾ കുറെ കൈപ്പുള്ളതായിരിക്കാം. പക്ഷെ അതു കുടിച്ചു് അനീതിയും അത്യാഗ്രഹവും മൂലമുണ്ടായ തങ്ങളുടെ ദുർമ്മേദസ്സു് സുഖപ്പെടുത്തുവാൻ അവർ ശ്രമിക്കുന്നില്ലെങ്കിൽ അരിവാളും ചുററികയുംകൊണ്ടുള്ള ഒരു ശസ്ത്രക്രിയക്കു അവർ വിധേയരാകേണ്ടിവന്നേക്കാം. ഇയ്യിടെ ഫ്രഞ്ച് കർദ്ദിനാളന്മാരുടെ ഒരു സംയുക്തപ്രസ്താവനയിൽ ഇത്തരത്തിലുള്ള മഹോദരരോഗികളെ "തിരുസ്സഭയുടെ ശത്രുക്കളുടെ കൂട്ടാളികൾ" എന്നും "കമ്മ്യൂണിസ്റ്റു് വിപ്ലവത്തിൻെറ മുന്നോടികൾ" എന്നും പറഞ്ഞു നിശിതമായി വിമർശിച്ചിട്ടുണ്ടു്.

ഈ മഹോദരം നമ്മെ ബാധിച്ചിട്ടുണ്ടോ എന്നു ഓരോരുത്തനും പരിശോധിച്ചുനോക്കട്ടെ. ഉണ്ടെങ്കിൽ കത്തോലിക്കാസഭയുടെ ഉപദേശങ്ങളാകുന്ന ഗുളികകളും മരുന്നുകളും സേവിച്ചു് അതിനെ ഉന്മൂലനം ചെയ്യുന്നതിനു് പരിശ്രമിക്കയും അതിനായി ദിവ്യരക്ഷകൻെറ സഹായം അഭ്യർത്ഥിക്കയും ചെയ്യട്ടെ. ശാബത്തു് ദിവസത്തിലാണല്ലൊ മഹോദരരോഗി സുഖം പ്രാപിച്ചതു്. ഇതുപോലെതന്നെ ഞായറാഴ്ചദിവസം ദരിദ്രരെ സഹായിക്കുന്നതിനായി പ്രത്യേകമായ വിധത്തിൽ വിനിയോഗിക്കേണ്ടതാണു്. ജാലകത്തിലെ ചില്ലിൽക്കൂടി നോക്കുന്നവൻ ബാഹ്യലോകത്തെ—മനുഷ്യർ, പക്ഷിമൃഗാദികൾ, വൃക്ഷലതാദികൾ എന്നിവയെ—കാണുന്നു. എന്നാൽ മുഖക്കണ്ണാടിയിൽ നോക്കുന്നവൻ തന്നെത്തന്നെയാണു് ദർശിക്കുന്നതു്. കാരണം മുഖക്കണ്ണാടിയിലെ ചില്ലിന്മേൽ വെള്ളിപൂശിയിട്ടുണ്ടു്. ഇതുപോലെതന്നെ ധനവാൻ ധനത്തിൽക്കൂടെ—വെള്ളിയിൽക്കൂടെ—വീക്ഷിക്കുമ്പോൾ സ്വാർത്ഥം മാത്രം ദർശിക്കുന്നു. ആ വെള്ളിപ്പൂച്ചു് മാററിയശേഷം നോക്കുമ്പോൾ ഇതരന്മാരേയും അവരുടെ കഷ്ടതകളേയും ദർശിക്കുന്നു. പണത്തിന്മേൽ നിന്തിക്കുളിക്കുന്ന ധനവാന്മാർ ഞായറാഴ്ചദിവസങ്ങളിലെങ്കിലും തങ്ങളുടെ സമീപം ചെറുകുടിലുകളിൽ ജീവിക്കുന്ന ദരിദ്രർ എങ്ങനെ ജീവിതം കഴിച്ചുകൂട്ടുന്നുവെന്നു അന്വേഷിക്കയും അവർക്കായി സഹായഹസ്തം നീട്ടുകയും ചെയ്യട്ടെ.

(ജെ. ചെമ്മണൂർ)



ഉദ്‌ഘാടകാര്യങ്ങൾ സാധിച്ചതിനും പൊതുകാര്യനന്മക്കുംവേണ്ടി ബ. അൽഫോൻസാമ്മയ്ക്കു് ഉപകാരസ്മരണ.

എ. ഡി. മാത്യു,
ചന്ദ്രകാന്തി


## തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളിക്കുറിപരസ്യം

(ബഹു. തിരു-കൊച്ചി ഗവർമ്മെണ്ടിൽനിന്നും സിദ്ധിച്ച L. Dis. 5876/50-R. D. നമ്പ്ര് അനുവാദപ്രകാരം ടി പള്ളി പന്തിയായി തുടങ്ങുന്ന

### പുതിയ മാസക്കുറി

നറുക്കു് 1 ക്കു് 100 ക. 111 നറുക്കു് 11,100 ക സല.

ആദ്യത്തെ നറുക്കെടുപ്പു് 1950 നവമ്പർ 15-ാം നു- / 1126 തുലാം 29-ാം നു-

N. B. കുറിയിൽ കുറഞ്ഞതു് 1,52 അംശം (ടിക. 2ണ. യുടെ വീതം) വരെ ചേരാവുന്നതാണു്.

കുറിയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാഫാറത്തിനും താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

തൃശ്ശിവപേരൂർ, 1—9—1950

ട്രസ്റ്റി.
ലൂർദ്ദ് പള്ളി കുറി ആപ്പീസ്

# Sathya Deepam

Vol. 24 | Ernakulam September 13 1950 | No. 5

## സമാധാനമാർഗ്ഗം

(1-ാം പേജ് തുടർച്ച)

ക) ക്രിസ്തുമതനിയമപ്രകാരം ഒരു പുരുഷന് ഒരു ഭാര്യ മാത്രമേ ഉണ്ടായിരിപ്പാൻ നിവൃത്തിയുള്ളു. ആകയാൽ ഇന്നു ലോകത്തിലുള്ള ഒരു സഭയൊഴിച്ച് ബാക്കിയുള്ള സഭകളൊന്നും ക്രിസ്തുവിന്റെ മണവാട്ടിയെന്ന പേരിനു അർഹമല്ല. ക്രിസ്തുവിന്റെ മണവാട്ടിയല്ലാത്ത സഭകളെല്ലാം മനുഷ്യനിർമ്മിതവും തൽക്കാരണത്താൽ അനധികൃതവുമായ സഭകളാണെന്നു സമ്മതിച്ചേ മതിയാവൂ.

വേദവാക്യങ്ങളെ മാത്രമല്ല, യുക്തിയെ ആസ്പദമാക്കി ചിന്തിച്ചാലും ഇന്നു ലോകത്തിലുള്ള എല്ലാ ക്രൈസ്തവസഭകളുടെയും സ്ഥാപകൻ ക്രിസ്തുവല്ലെന്നും, ഈ സഭകളുടെയെല്ലാം ഉപദേശങ്ങൾ ക്രിസ്തുവിന്റേതല്ലെന്നും, നിഷ്പ്രയാസം ബോദ്ധ്യമാകും. ദൈവപുത്രനും നിത്യസത്യവുമായ ക്രിസ്തു പരസ്പരവിരുദ്ധങ്ങളായ ഉപദേശങ്ങളോടുകൂടിയ അനേകം സഭകളെ സ്ഥാപിക്കയില്ലെന്നും, പരസ്പരവിരുദ്ധമായ ഉപദേശങ്ങൾ മനുഷ്യരെ പഠിപ്പിക്കുവാൻ ആവശ്യപ്പെടുകയില്ലെന്നും തീർച്ചയാണ്. നിത്യരക്ഷ ലഭിക്കുവാൻ എല്ലാമനുഷ്യരും അവശ്യം വിശ്വസിക്കേണ്ട കാര്യങ്ങളെയും സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെയും സംബന്ധിച്ച് എല്ലാ ക്രൈസ്തവസഭകളുടെയും ഉപദേശങ്ങൾ ഒരുപോലെയല്ല. ഏകദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നാളുകൾ ഉണ്ടെന്നു വിശ്വസിക്കേണ്ടതു നിത്യരക്ഷയ്ക്കു അത്യാവശ്യകമാണെന്നു മിക്കവാറും എല്ലാ ക്രൈസ്തവസഭകളും പഠിപ്പിക്കുന്നുണ്ടെങ്കിലും റസ്സൽ മതക്കാർ ഏകദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നുള്ള വിശ്വാസം നിഷേധിക്കുന്നു. നിത്യരക്ഷ ലഭിക്കുവാൻ മാമ്മോദീസാ സ്വീകരിക്കേണ്ടതു അത്യാവശ്യകമാണെന്നു മിക്ക ക്രൈസ്തവസഭകളും പഠിപ്പിക്കുമ്പോൾ രക്ഷാസൈന്യക്കാർ മാമ്മോദീസായുടെ ആവശ്യകതയെ നിശ്ശേഷം നിഷേധിക്കുന്നു. മാമ്മോദീസാ സ്വീകരിച്ചതിൽപ്പിന്നെ ചെയ്തിട്ടുള്ള കഠിന പാപങ്ങൾ മോചിക്കപ്പെടാതെ നിത്യരക്ഷ ലഭിക്കുവാൻ സാദ്ധ്യമല്ലെന്നു എല്ലാ ക്രൈസ്തവസഭക്കാരും വിശ്വസിക്കുന്നുണ്ടെങ്കിലും അവ മോചിക്കപ്പെടുന്നതു എങ്ങനെ എന്നുള്ളതിനെ സംബന്ധിച്ച് പരസ്പരവിരുദ്ധമായ ഉപദേശങ്ങളാണ് ക്രൈസ്തവസഭകളിൽ കാണുന്നതു. തക്കതായ അനുതാപത്തോടുകൂടി പട്ടക്കാരന്റെ അടുക്കൽ പാപങ്ങൾ ഏറ്റുപറഞ്ഞ് പട്ടക്കാരൻ വഴിയായിട്ടു മാത്രമേ പാപമോചനം പ്രാപിക്കുവാൻ സാധിക്കയുള്ളു എന്നു കത്തോലിക്കാ, യാക്കോബായ, ഗ്രീക്ക്, നെസ്തോറിയൻ എന്നീ സഭകളെല്ലാം പഠിപ്പിക്കുമ്പോൾ പ്രോട്ടസ്റ്റന്റു, മാർത്തോമ്മാ, ബ്രദർ, പെന്തിക്കോസ്തു, രക്ഷാസൈന്യം, ശാബതുമിഷ്യൻ ആദിയായ സഭക്കാരെല്ലാം പാപമോചനത്തിനു പട്ടക്കാരനെ സമീപിക്കേണ്ട യാതൊരു ആവശ്യവുമില്ലെന്നു പഠിപ്പിക്കുന്നു. ഇങ്ങനെ നിത്യരക്ഷ, പാപമോചനം ആദിയായ അതിപ്രധാനമായ വിഷയങ്ങളെ സംബന്ധിച്ചുപോലും പരസ്പരവിരുദ്ധമായ ഉപദേശങ്ങൾ നല്കുന്ന ഈ ക്രൈസ്തവസഭകളെല്ലാം ശരിയാണെങ്കിൽ—ഈ സഭകളുടെയെല്ലാം സ്ഥാപകൻ ക്രിസ്തുവാണെന്നും, ഇവ നൽകുന്ന ഉപദേശങ്ങളെല്ലാം ക്രിസ്തുവിന്റേതാണെന്നും ആണെങ്കിലും അഭിപ്രായപ്പെടുന്നെങ്കിൽ—നിത്യരക്ഷ ലഭിക്കുവാൻ ഏകദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നു വിശ്വസിക്കണമെന്നും, അങ്ങനെ വിശ്വസിക്കേണ്ടെന്നും, നിത്യരക്ഷ ലഭിക്കുവാൻ മാമ്മോദീസാ സ്വീകരിക്കേണ്ടതു അത്യാവശ്യകമാണെന്നും അല്ലെന്നും, പാപമോചനത്തിനു പട്ടക്കാരനെ സമീപിക്കേണ്ടതു അത്യാവശ്യകമാണെന്നും അല്ലെന്നും ക്രിസ്തു പഠിപ്പിച്ചിട്ടുള്ളതായി സമ്മതിക്കേണ്ടിവരും. ദൈവപുത്രനും നിത്യസത്യവുമായ ക്രിസ്തു മനുഷ്യരുടെ ആത്മരക്ഷയെ സംബന്ധിക്കുന്ന സർവ്വപ്രധാനമായ വിഷയങ്ങളിൽ പരസ്പരവിരുദ്ധങ്ങളായ ഇമ്മാതിരി ഉപദേശങ്ങൾ പഠിപ്പിച്ചെങ്കിൽ അവിടുന്നു എങ്ങനെ ദൈവപുത്രനാകും? എങ്ങനെ സത്യത്തിനു സാക്ഷ്യം നൽകുന്നവനാകും? എങ്ങനെ വിശ്വാസയോഗ്യനും ചുരുങ്ങിയ പക്ഷം ലോകത്തിലെ മഹാത്മാക്കളിൽ ഒരുവനുമാണെന്നു പറയപ്പെടും? ആകയാൽ ഇന്നു ലോകത്തിൽ കാണുന്ന ക്രൈസ്തവസഭകളെല്ലാം ശരിയായിരിപ്പാൻ നിവൃത്തിയില്ല; അവയുടെയെല്ലാം സ്ഥാപകൻ ക്രിസ്തുവാകുവാൻ സാദ്ധ്യമല്ല. (തുടരും)

---

* പുത്തൻപള്ളി യാക്കോബായപ്പള്ളി ഇടവകാംഗങ്ങളായ താഴത്തുപറപ്പള്ളിൽ പിലിപ്പോസ് വർക്കി, പീലിപ്പോസ്, ടീച്ചർ, സെന്റു തോമസ് ഇംഗ്ലീഷ് മിഡിൽസ്കൂൾ പുത്തൻപള്ളി, ഒളശ്ശയിൽ വർക്കി കുഞ്ഞൻ, വി. ഒ. അബ്രഹാം, വട്ടപ്പാമ്പിൽ, കെ. വി. ജോസഫ് കോയിക്കൽ, കാട്ടിൽ ഇട്ടി വറുഗീസ്, താമരശ്ശേരിയിൽ കോരതു കോരതു, അരിച്ചേരിൽ കുന്നേൽ വറുഗീസ് ജോസഫ്, കുടിലിൽ തൊമ്മൻ മാണി, കല്ലുവെട്ടാംകുഴിയിൽ കൊച്ചുചാന്നൻ, മുള്ളിയിൽ ചാക്കോ അബ്രഹാം, മുള്ളിയിൽ അബ്രഹാം ചാക്കോ, ഇല്ലിക്കൽ ജോൺ മർക്കോസ്, കൊട്ടൂർ ചാക്കോ വറുഗീസ് എന്നിവർ ചേർന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പ്രസ്താവന.

× ഈ പംക്തിയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയണമെന്നു അഭിലഷിക്കുന്നവർ ഫാദർ തോമസ്സ് വടശ്ശേരി എൽ. ഡി. രചിച്ചിട്ടുള്ള "എല്ലാസഭകളും ശരിയോ", "കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും", "കൽക്കദോനിയാ സൂനഹദോസ് അഥവാ യാക്കോബായ സഭയുടെ ഉത്ഭവം" എന്നീ ഗ്രന്ഥങ്ങൾ വായിക്കട്ടെ. പ്രസ്തുത ഗ്രന്ഥങ്ങളുടെ പാരായണം കത്തോലിക്കാസഭയെയും യാക്കോബായസഭയെയും സംബന്ധിച്ചുള്ള യഥാർത്ഥ്യങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങളെ വളരെ സഹായിച്ചിട്ടുണ്ട്.

## മന്ത്രി മാർപ്പാപ്പായെ സന്ദർശിച്ചു

ആസ്ത്രേലിയൻ വിദേശകാര്യമന്ത്രിയായ മി. പെർസിസ്പ്പെൻഡർ ആഗസ്റ്റ് 12-ാംനു കാസ്റ്റൽ ഗണ്ടോൽഫയിൽ വച്ചു മാർപ്പാപ്പാതിരുമേനിയെ മുഖം കാണിച്ചിരിക്കുന്നു.

## പ്രാർത്ഥിക്കണമെന്നു മാർപ്പാപ്പാ

ആഗസ്റ്റ് 12-ാംനു, 30,000 തീർത്ഥകരെ അഭിസംബോധന ചെയ്തുകൊണ്ടു നടത്തിയ ഒരു പ്രഭാഷണത്തിൽ പരിശുദ്ധപിതാവു ഇപ്രകാരം പ്രസ്താവിച്ചു:

"റോമിനെയും ലോകംമുഴുവനെയും ദൈവം യുദ്ധത്തിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കണമെന്നു നിങ്ങളെ നാം ഉൽബോധിപ്പിക്കുന്നു. രാഷ്ട്രീയനേതാക്കന്മാർ അന്യോന്യം ആശയവിനിമയം ചെയ്യുന്നതിനും അങ്ങനെ ഭിന്നതകൾ അവസാനിപ്പിക്കുന്നതിനും, ജനതകൾ സഹോദരമമതയേന സമാധാനമാകുന്ന മഹത്തായ ദാനം കൈവരിക്കുവാൻ സർവ്വാത്മനാ പരിശ്രമിക്കുന്നതിനുംവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. സമാധാനമാണല്ലോ ഏവർക്കും ആനന്ദദായകമായ സൗഭാഗ്യത്തിനു നിദാനമായിരിക്കുന്നതു. അതുതന്നെയാണല്ലോ മനുഷ്യവ്യക്തികളെ പരസ്പരം ബന്ധിക്കുന്നതു. പ്രസ്തുത സമാധാനത്തിനുവേണ്ടിയാണ് സഭ എല്ലാകാലത്തും വാദിച്ചിട്ടുള്ളതു."

കുറെ ദിവസങ്ങൾക്കുമുമ്പു 25000 തീർത്ഥകരോടായി പ. പിതാവ് ഇപ്രകാരം പ്രസ്താവിച്ചു: "സഭ യുദ്ധത്തെ നിരുത്സാഹപ്പെടുത്തുകയും വെറുക്കുകയും ചെയ്യുന്നു. ഓരോ രാജ്യത്തിലെയും ജനങ്ങളുടെ ഇടയിലുള്ള ആഭ്യന്തരസമാധാനവും മനുഷ്യവർഗ്ഗമാകുന്ന മഹാകുടുംബത്തിലെ അംഗങ്ങൾതമ്മിൽ പാലിക്കുന്ന ബാഹ്യസമാധാനവുമാണ് നാം ആഗ്രഹിക്കുന്നതു."

## പള്ളിയിൽ പ്രത്യേകമുറികൾ

അമേരിക്കയിലെ മിൽവാക്കി എന്ന സ്ഥലത്തു പുതുതായി പണികഴിച്ചിരിക്കുന്ന ദേവാലയത്തിൽ ശിശുക്കൾക്കും രോഗികൾക്കും കന്യാസ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം മുറികൾ സജ്ജീകരിച്ചിരിക്കുന്നു. മദ്ബഹായിൽനിന്നും അകലെയായി സ്ഥിതിചെയ്യുന്ന "ശിശുക്കളുടെ മുറി"യിൽ 40ശിശുക്കൾക്കും അവരുടെ മാതാക്കൾക്കും സ്ഥലസൗകര്യമുണ്ട്. ആ മുറിയിൽനിന്നും ശബ്ദം അല്പംപോലും പുറത്തുകേൾക്കാത്തവിധത്തിൽ (Sound-proof) ആണ് അതു നിർമ്മിച്ചിരിക്കുന്നതു. അതിനടുത്തു രോഗികൾക്കായുള്ള മുറിയിലേക്കു ചക്രംവച്ച കസേരകൾ ഉന്തിക്കൊണ്ടുവരത്തക്കവണ്ണം പ്രവേശനദ്വാരം ചായ്ച്ചുകെട്ടിയിരിക്കുന്നു. മുകളിൽ കന്യാസ്ത്രീകൾക്കായി രണ്ടു കപ്പേളകൾ ഉണ്ടു. അവയിൽ 30 പേർക്കു മുട്ടുകുത്തി കുർബ്ബാന കാണാവുന്നതാണ്.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനും മേലാൽ ഇക്കാര്യനന്മയ്ക്കുംവേണ്ടി ബ. അൽഫോൻസാമ്മയ്ക്കു ഉപകാരസ്മരണ.

പി. വി. ജോൺ,
സൂര്യകാന്തി

## സമാധാനാർത്ഥം സംയുക്തപ്രസ്താവന

അമേരിക്കൻ ഐക്യനാടുകളിലെ കത്തോലിക്കരുടെയും പ്രോട്ടസ്റ്റന്റുകാരുടെയും യഹൂദന്മാരുടെയും പ്രതിനിധികൾ ചേർന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു സംയുക്തപ്രസ്താവനയിൽ യഥാർത്ഥസമാധാനം സംസ്ഥാപിക്കുന്നതിനുവേണ്ടി താഴെ ചേർക്കുന്ന നിർദ്ദേശങ്ങളടങ്ങിയ ഒരു പദ്ധതി രൂപവൽക്കരിക്കണമെന്നുൽബോധിപ്പിച്ചിരിക്കുന്നു:—

(1) ദേശീയപരിപാടിയുടെ ഒരു ഘടകമായി യുദ്ധത്തേയും ബലപ്രയോഗത്തേയും അംഗീകരിക്കാതിരിക്കുക. (2) അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും തർക്കങ്ങളുടെ സമാധാനപരമായ തീരുമാനവും സംബന്ധിച്ചു ഐക്യരാഷ്ട്ര ചാർട്ടർ നിർദ്ദേശിച്ചിരിക്കുന്ന ചുമതലകൾ വിശ്വസ്തതാപൂർവ്വം നിറവേറ്റുക (3) മനുഷ്യാവകാശങ്ങളെയും എല്ലാവർക്കുമുള്ള മൗലികസ്വാതന്ത്ര്യത്തെയും ആദരിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യുക (4) പൊതുജനതയുടെ ഉയർന്ന ജീവിതത്തോതിനെ ലക്ഷ്യമാക്കി സഖ്യരാഷ്ട്രങ്ങൾ സ്വീകരിച്ചിട്ടുള്ള പരിപാടികളോടു സഹകരിക്കുക (5) ആണവശക്തിയുൾപ്പെടെ ആയുധങ്ങളുടെ ന്യൂനീകരണവും നിയന്ത്രണവും സംബന്ധിച്ചുള്ള അന്തർദേശീയകരാറുകൾ എല്ലാരാഷ്ട്രങ്ങളും സ്വീകരിക്കുക; അതു കാര്യക്ഷമമാക്കുവാൻ യഥായോഗ്യം അന്തർദേശീയമായ പരിശോധന നടത്തുകയും മേൽനോട്ടം വഹിക്കുകയും ചെയ്യാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക.

## ശിശുപാലനം മാതാക്കളുടെ കർത്തവ്യം

ഇൻഡ്യയിലെ പ്രധാന സൈന്യാധിപനായ ജനറൽ കെ എം. കരിയപ്പ ബോംബെ പ്രസിഡൻസിയിലെ വിമൻസ് കൗൺസിലിലെ അംഗങ്ങളോടായി ചെയ്ത ഒരു പ്രസംഗത്തിൽ മക്കളെ നല്ലവരായി വളർത്തുകയാണു മാതാക്കളുടെ സർവ്വപ്രധാനമായ കർത്തവ്യമെന്നു പ്രസ്താവിച്ചിരിക്കുന്നു. "[illegible] നേടുന്നതിനുവേണ്ടി നിങ്ങൾ സമയം വൃഥാ ക്ലബ്ബുകളിൽ ചെലവഴിക്കാതിരിക്കുവിൻ" എന്നത്രെ അദ്ദേഹം ഉൽബോധിപ്പിച്ചതു. സർവ്വപ്രധാനമായ തങ്ങളുടെ കർത്തവ്യനിർവ്വഹണത്തിനു തങ്ങളെ പര്യാപ്തരാക്കത്തക്കവണ്ണം വിദ്യാഭ്യാസത്തെ കാര്യമായി മതിക്കേണ്ടതില്ലെന്നും അദ്ദേഹം വിശദമാക്കി.

## "വ്യാജവൈദികർ"

അറസ്റ്റുചെയ്യപ്പെട്ട വൈദികർക്കുപകരം ഇടവകജോലികൾ നിർവ്വഹിക്കുന്നതിനുവേണ്ടി വൈദികവേഷം വ്യാജമായി ധരിച്ചിരിക്കുന്ന ചില വ്യക്തികളെ ചെക്കോസ്ലോവാക്യയിലെ കമ്മ്യൂണിസ്റ്റ് ഗവമെന്റ് നിയോഗിച്ചുവരുന്നു. പക്ഷെ വിശ്വാസികളെ വഞ്ചിക്കുക അത്ര എളുപ്പമല്ലെന്നാണു അനുഭവം തെളിയിക്കുന്നതു. പ്രേഗിലെ ഈശോസഭക്കാരുടെ വക സെന്റ് ഇഗ്നേഷ്യസ് ദേവാലയത്തിൽ ഒരു ഞായറാഴ്ച "ഉച്ചക്കുർബാന"യിൽ സംബന്ധിക്കുന്നതിനായി വളരെപ്പേർ കൂടിയിരുന്നു. സാധാരണമായി കുർബാനയ്ക്കുമുമ്പു പ്രസംഗം നടത്താറുണ്ടു. ഈ ദിവസം അപരിചിതനായ ഒരു "വൈദികൻ" ആണു ആ കൃത്യം നിർവ്വഹിക്കാനെന്ന ഭാവത്തിൽ പ്രസംഗപീഠത്തിൽ കയറിയതു. സുവിശേഷം വായിച്ചശേഷം ഏതാനും വാചകങ്ങൾ പറഞ്ഞപ്പോഴേക്കും ജനങ്ങൾക്കു കാര്യം മനസ്സിലായി; "പുതിയ വികാരി"യച്ചന്റെ [illegible] തെളിഞ്ഞു. വിശ്വാസികൾ ഒന്നടങ്കമായി ദേവാലയം വിട്ടു. പ്രസംഗികൻമാത്രം ശേഷിച്ചു. ഇത്തരത്തിലുള്ള സംഭവങ്ങൾ മറ്റു സ്ഥലങ്ങളിലും ഉണ്ടാകാറുണ്ട്.

വൈദികരെ അറസ്റ്റുചെയ്യുന്നതിനു ഗവമെന്റിപ്പോൾ ഒരു പുതിയ തന്ത്രം പ്രയോഗിച്ചുവരുന്നു. "സ്ഥലം മാറിയിരിക്കുന്നു" എന്നൊരു ഉത്തരവു ആദ്യം കൊടുക്കും. പുതിയ ഇടവകയിലേക്കു പോകുന്നവഴി പുരോഹിതൻ അപ്രത്യക്ഷനാകയും ചെയ്യും. പിന്നീടദ്ദേഹത്തെ കാണണമെങ്കിൽ കാരാഗൃഹത്തിലന്വേഷിക്കണം.

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam